UNIVERSITY LIBRARY
25 NOV 1931
MADRAS

# കൈരളി

പുസ്തകം ൧൩ | ൧൧൦൭ കന്നി | ലക്കം ൩

## സംസ്കൃതഭാഷാഭ്യസനം.

(തുടച്ച്)

ഉപപത്തിപൂർവ്വമായുള്ള നിത്രപണമാകുന്നു മനനം; അവിക്ഷിപ്തമായ മനസ്സോടുകൂടിയുള്ള നിരന്തരഭാവനയാകുന്നു നിദിധ്യാസം. പിന്നെയും "തദേതൽ പ്രേയഃപുത്രാൽ; പ്രേയോവിത്താൽ; പ്രേയോന്യസ്മാൽ സർവ്വസ്മാൽ; അന്തരതരം യദയമാത്മാ" ആത്മാനമേവ പ്രിയമുപാസീത" എന്നും മററും ഈ സിദ്ധാന്തം യാജ്ഞവല്ക്യൻ ഊന്നിയൂന്നിയുറപ്പിക്കുന്നുണ്ട്. "സർവ്വദാ സമൈകരസം അദ്വൈതമവിക്രിയമജ്ഞമമരമവ്യതമഭയമാത്മതത്ത്വം ബ്രഹ്മൈവ" എന്നു ശങ്കരഭഗവൽപാദർ ആത്മാവിന്റെ സർവ്വോൽകൃഷ്ടതയെ പ്രഖ്യാപനം ചെയ്യുന്നു. "ന ആത്മനോന്യൽ കാമയിതവ്യം വസ്ത്വന്തരം— ആത്മാവല്ലാതെ മററാരു വസ്തുവിനെ മനുഷ്യൻ കാമിക്കരുത്." എന്ന് അനുപദം ഈ മോക്ഷമാർഗ്ഗത്തെ മഹർഷിമാർ നമുക്കു തെളിവായി കാണിക്കുന്നു. സംസാരസമുദ്രത്തെ ശങ്കരഭഗവാൻ ഒരവസരത്തിൽ "സത്യാർജ്ജവദാനദയാഹിംസാശമദമധൃത്യാദ്യാത്മഗുണപാഥേയേ പൂർണ്ണജ്ഞാനോഡുപസത്സംഗ സർവ്വത്യാഗമാർഗ്ഗേ മോക്ഷതീരേ" എന്നു വർണ്ണിക്കുന്നുണ്ട്. ഈ സമുദ്രത്തിൽ സത്യം, ആർജ്ജവം മുതലായ ആത്മഗുണങ്ങൾ പൊതിച്ചോറും, പൂർണ്ണജ്ഞാനം പൊങ്ങുതടിയും, സത്സംഗദ്വാരാ ലഭിക്കുന്ന സർവ്വസംഗപരിത്യാഗം കപ്പൽചാലും മോക്ഷം മറുകരയുമാകുന്നു എന്നാകുന്നു ആ ആചാര്യവര്യന്റെ സിദ്ധാന്തം. ആത്മാനമന്വിച്ഛ ഗുഹാം പ്രവിഷ്ടം' എന്നു ശുകബ്രഹ്മർഷിയോട് സ്വപിതാവായ വേദവ്യാസൻ ഉപദേശിച്ചു. ഈ ജ്ഞാനം തന്നെയാകുന്നു ഗീഥേ മനുഷ്യന്റെ ആത്യന്തികോദ്ദേശ്യമായി വർണ്ണിക്കുന്ന "To see the in dividual inconnection with and in co-operation with the whole" എന്ന ജീവാത്മപരമാത്മൈക്യത്രപമായ

അവസ്ഥ. ജീവാത്മാവു് ഉൽപത്തിദശയിൽ പരമാത്മാവിൽനിന്നു ഭിന്നമായിരുന്നില്ല. "സന്മൂലാഃ സോമ്യ ഇമാഃ സർവാഃ പ്രജാഃ സദായതനാഃ സൽപ്രതിഷ്ഠാഃ"എന്നു ശ്രുതി നമ്മെ സമാശ്വസിപ്പിക്കുന്നു. ഏതു സ്ഥാനം നാം വിട്ടുവോ ആ സ്ഥാനത്തെ വീണ്ടും പ്രാപിക്കണം. "മന്ദ്യം പ്രദേഹിഭഗവൻ മദീയ മേവ സ്വരൂപമാനന്ദം" എന്നു ഭക്തന്മാർ പ്രാർത്ഥിക്കുന്നതിന്റെ സാരം ഇതു തന്നെയാകുന്നു. ഈ ആനന്ദം വേദാന്തപരിശീലനം കൂടാതെ ലഭ്യമല്ല; വേദാന്തജ്ഞാനത്തിനു സംസ്കൃതഭാഷാഭ്യസനം സർവോപരി അപേക്ഷണീയവുമാകുന്നു. If Philosophy is meant to be a preparation for a happy death, I know of no better preparation for it than the Vedanta" എന്നു മോക്ഷമൂലർ ഒരവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. തത്വജ്ഞാനം ആനന്ദയുക്തമായ മരണത്തിനു നമ്മെ സജ്ജീകരിക്കുന്നു എങ്കിൽ ആ സജ്ജീകരണത്തിനു വേദാന്തം പോലെ മറ്റൊന്നും പ്രയോജകീഭവിക്കുന്നില്ല എന്നത്രേ അദ്ദേഹത്തിന്റെ അനുഭവസമ്പന്നമായ ആശയം. ജീവാത്മപരമാത്മാക്കൾ ഒന്നെന്നു് അദ്വൈതികൾ സിദ്ധാന്തിക്കുമ്പോൾ മഹാപാപികളും മഹാത്മാക്കളും ഭേദമില്ലെന്നു സാമാന്യ ജനങ്ങൾ തെറ്റിദ്ധരിക്കരുതു്.

"സത്യപി ഭേദാപഗമേ
നാഥ! തവാഹം; നമാമകീനസ്ത്വം,
സാമുദ്രോഹി തരംഗഃ;
ക്വചന സമുദ്രസ്തു താരംഗഃ"

എന്ന പദ്യത്തിൽ ശങ്കര ഭഗവൽപാദർ ഇവരു തമ്മിലുള്ള ഒരു വ്യത്യാസത്തെ വ്യക്തീകരിക്കുന്നു. തരംഗം സമുദ്രാന്തഃപാതിയാണ്; സമുദ്രം തരംഗാന്തഃപാതിയല്ല. "God in man is a task as well as a fact, problem as well as poession. He is dust and deity."

എന്നുള്ള ആര്യമതരഹസ്യം നാം ഓർക്കണം. മനുഷ്യൻ പാംസുവുമാണ്, പരമാത്മാവുമാണ്; തിര്യക്കുമാണ്, ശിവനുമാണ്. "ശിവോഹം" എന്ന വാക്യത്തിന് ഞാൻ ശിവനായിരുന്നു, ഇന്നും എന്നെ എനിക്കു വേണമെങ്കിൽ ശിവനാക്കാം. ശിവനാകുന്നതാകുന്നു എന്റെ ജന്മോദ്ദേശ്യം" എന്നത്രേ നിഷ്കൃഷ്ടമായ വ്യാഖ്യാനം.

ഭക്തി:—ഹിന്ദുക്കൾ പല ദൈവങ്ങളെ വന്ദിക്കുന്നു എന്നു പറയുന്നതുപോലെ അത്ര അബദ്ധമായ അപലാപം വേറെയില്ല. "നേഹ നാനാസ്തി കിഞ്ചന—ഇവിടെ പലതെന്നുള്ളതില്ല" എന്നു ശ്രുതി പ്രതിപദം ഗർജ്ജനം ചെയ്യുന്നു. "ഏകം സദ്വിപ്രാ ബഹുധാ വദന്തി അഗ്നിം യമം മാതരിശ്വാനമാഹുഃ—സത്തു് ഏകമാകുന്നു; അതിനെ വിദ്വാന്മാർ

പല പേരുകളിൽ അഗ്നിയെന്നും യമനെന്നും വായുവെന്നും മററും സന്ദർഭാനുഗുണമായി വ്യവഹരിക്കുന്നു." എന്നു ഛാന്ദോഗ്യോപനിഷത്തിൽ പ്രകടമായി പ്രസ്താവിച്ചിരിക്കുന്നു. "ഏകമേവാദ്വിതീയം ബ്രഹ്മ" എന്നു ബൃഹദാരണ്യകോപനിഷത്തു ഘോഷിക്കുന്നു. ഛാന്ദോഗ്യത്തിലെ സങ്കോചപ്രകരണത്തിൽ "കത്യേവ ദേവാഃ" എന്ന ചോദ്യത്തിനു് "ഏകോ ദേവ ഇതിപ്രാണഇതിസ ബ്രഹ്മ ഇത്യാചക്ഷതേ" എന്നു ശാകല്യൻ നല്കുന്ന പ്രത്യുക്തിയും ഈ സന്ദർഭത്തിൽ സ്മർത്തവ്യമാകുന്നു.

"ഏഷദേവോ വിശ്വകർമ്മാ മഹാത്മാ
സദാ ജനാനാം ഹൃദയേ സന്നിവിഷ്ടഃ
ഹൃദാമനീഷാ മനസാഭിക്ലൃപ്തോ
യ ഏനം വിദുരമൃതാസ്തേ ഭവന്തി"

എന്നു ശ്വേതാശ്വതരോപനിഷത്തിൽ വീണ്ടും ഈ തത്ത്വം വ്യവസ്ഥാപിതമായിരിക്കുന്നു.

"ത്രയീസാംഖ്യം യോഗഃ പശുപതിമതം വൈഷ്ണവമിതി
പ്രഭിന്നേ പ്രസ്ഥാനേ പരമിദമതഃ പഥ്യമിതി ച
രുചീനാം വൈചിത്ര്യാദൃജുകുടിലനാനാപഥജുഷാം
നൃണാമേകോഗമ്യസ്ത്വമസി പയസാമർണ്ണവ ഇവ."

എന്ന ശിവമഹിമ്നഃ സ്തോത്രപദ്യത്തിലും ഇതുതന്നെ ഉപപാദിക്കപ്പെടുന്നു. രുചിവൈചിത്ര്യംകൊണ്ടു പല ഉപാസനാമാർഗ്ഗങ്ങൾ ലോകം അംഗീകരിക്കുന്നുവെങ്കിലും അവയെല്ലാം ചെന്നുചേരുന്നതു്, എല്ലാ പയസ്സുകളും സമുദ്രത്തിലെന്നപോലെ, പരമേശ്വരനിൽതന്നെയാകുന്നു.

"അഗ്നൗ ക്രിയാവതാംദേവോ
ഹൃദിദേവോ മനീഷിണാം
പ്രതിമാസ്വല്പബുദ്ധീനാം
ജ്ഞാനിനാം സർവ്വതശ്ശിവഃ."

എന്നും നാം അറിയേണ്ടതാണു്. കർമ്മികൾക്കു് അഗ്നിയിലും പണ്ഡിതന്മാർക്കു ഹൃദയത്തിലും കിഞ്ചിജ്ഞന്മാർക്കു പ്രതിമകളിലും ജ്ഞാനികൾക്കു സർവ്വഭൂതങ്ങളിലുമാകുന്നു പരമശിവൻ!

"ഉപാസനാബ്രഹ്മണഃപ്രാക്
ദ്വിതീയാസഗുണസ്യച;
തൃതീയാസ്മർയ്യതേലീലാ-
വിഗ്രഹോപാസനാബുധൈഃ;

ഉപാന്ത്യാപിതൃദേവർഷി-
ഗണാനാമസ്യുപാസനാ:
അന്തിമാക്ഷുദ്രദേവാനാം
പ്രേതാദീനാംവിധീയതേ."

ഉപാസ്തികൾ പഞ്ചകക്ഷ്യകൾ ഉണ്ടെന്നും ആദ്യത്തെ കക്ഷ്യയിൽ നിർഗ്ഗുണബ്രഹ്മത്തിന്റേയും രണ്ടാമത്തേതിൽ സഗുണബ്രഹ്മത്തിന്റേയും മൂന്നാമത്തേതിൽ രാമകൃഷ്ണാദ്യവതാരമൂർത്തികളുടേയും നാലാമത്തേതിൽ പിതൃക്കൾ, ദേവന്മാർ, ഋഷികൾ മുതലായവരുടേയും അഞ്ചാമത്തേതിൽ പ്രേതാദികളുടേയും ഉപാസനയെ പരിഗണിക്കേണ്ടതാണെന്നുമത്രേ അഭിജ്ഞോത്തമന്മാരുടെ അഭിപ്രായം. ജഗന്നിയന്താവിന് ഏകത്വമുണ്ടെന്നുവച്ചു നമ്മേക്കാൾ ശക്തിമത്തുക്കളായ വ്യക്തികൾ ലോകത്തിലില്ലെന്ന് അന്ധാളിച്ചു പോകരുത്. താഴെക്കാണുന്ന വാക്യങ്ങൾ ഇന്നത്തെ പാശ്ചാത്യ ശാസ്ത്രജ്ഞ മൂർദ്ധന്യന്മാരിൽ അഗ്രഗണ്യനായ സർ ഒളിവർ ലോഡ്ജ് മൂന്നുനാലു കൊല്ലങ്ങൾക്കു മുൻപുമാത്രം പ്രസിദ്ധം ചെയ്തിട്ടുള്ള ഒരു ഗ്രന്ഥത്തിൽനിന്നു ഉദ്ധരിക്കപ്പെട്ടുന്നവയാണ്. "We are in affectionate touch with a higher order of beings. They are in straining their faculties to the atmost so that by co-operating with us they can contribute to the advancement of the whole, Some are so lofty that we can only attach divinity to them. "Humanity gratuitously assumes that no higher beings exist, Help is forthi coming if it is asked for." "Sprits themselves are guided by higher and higher beings". "നമുക്കും നമ്മേക്കാൾ ഉയർന്ന നിലയിലുള്ള ജീവരാശികൾക്കും തമ്മിൽ പ്രേമസമ്പർക്കമുണ്ട്. അവർ നമ്മെ സഹകരിച്ചു തദ്വാരാ ലോകസംഗ്രഹം ചെയ്യുവാൻ കഴിയുന്നതും പ്രയത്നിക്കുന്നുണ്ട്. അവരിൽ ചിലർ ഈശ്വരത്വേന വ്യവഹരിക്കപ്പെടേണ്ട നിലയിൽ അത്രവളരെ ഉൽകൃഷ്ടന്മാരാകുന്നു. മനുഷ്യൻ തന്നേക്കാൾ മഹാനായ ജീവിയില്ലെന്നു നിർമ്മൂലമായി അനുമാനിക്കുന്നു. നാം പ്രാർത്ഥിക്കുവാൻ സന്നദ്ധന്മാരാണെങ്കിൽ നമ്മുടെ പ്രാർത്ഥന സഫലീഭവിപ്പിക്കുവാൻ സന്നദ്ധരായ പരലോക ജീവികൾ ഉണ്ട്. പിതൃക്കൾ ഉപരിസ്ഥിതരായ ജീവികളാൽ നയിക്കപ്പെടുന്നു. ആ ജീവികളെ നയിക്കുന്നതിനു അവരെക്കാൾ മാഹാത്മ്യമുള്ള മററു ജീവികളും പടിപ്പടിയായി ഉണ്ട്." ഇത്തരത്തിലാകുന്നു പിതൃലോകത്തിലെ വ്യക്തികളുമായി അഭിമുഖസംഭാഷണം നടത്തുന്ന ആ ആംഗ്ലേയസിദ്ധന്റെ അഭിപ്രായഗതി. സൽകർമ്മം, ഈശ്വരോപാസന, ഇവയെല്ലാം ചിത്തശുദ്ധിദ്വാരാ ജ്ഞാനപ്രാപ്തിക്കു ഉപയോഗപ്പെടുന്നതേയുള്ളൂ. ജ്ഞാനം തന്നെയാ

കുന്നു ജന്മത്തിന്റെ പരമോദ്ദേശം. മനുഷ്യസമുദായത്തിന്റെ ആദ്ധ്യാത്മികീകരണമാകുന്നു ഭാരതഭൂമിയുടെ ധൎമ്മം; അതിനു് ആ ദേവിയെ പൎയ്യാപ്തയാക്കുന്നതു സംസ്കൃതഭാഷയത്രെ.

അപരിത്യാജ്യത:— ഹിന്തുക്കൾക്കു സംസ്കൃതാഭ്യസനം ഒന്നുകൊണ്ടും ഒഴിച്ചുവെയ്ക്കാവുന്നതല്ല. മന്ത്രങ്ങൾക്കു ഫലമുണ്ടെന്നു നാം വിശ്വസിക്കുന്നുവെങ്കിൽ അവയെ അൎത്ഥമറിഞ്ഞു് ഉച്ചരിക്കണം; അല്ലെങ്കിൽ അവകൊണ്ടു പ്രയോജനമില്ല. "മന്ത്രേണ പ്രകാശിതസ്യാനുഷ്ഠാനം ശക്യഃ, നത്വപ്രകാശിതഃ. മന്ത്രം പ്രകാശിപ്പിക്കുന്ന അൎത്ഥം നമുക്കു് അനുഷ്ഠിക്കുവാൻ കഴിയും; അല്ലാത്തതു കഴിയുന്നതല്ല" എന്നു സായണാചാൎയ്യർ പറയുന്നു.

"സ്ഥാണുരയം ഭാരഹാരഃ കിലാഭൂ-
ദധീത്യ വേദം നവിജാനാതി യോൎത്ഥം
യോൎത്ഥജ്ഞ ഇൽ സകലം ഭദ്രമശ്നുതേ"
നാകമേതിജ്ഞാനവിധൂതപാപ്മ
"യദ് ഗൃഹീതമവിജ്ഞാതം
നിഗദേനൈവശബ്ദ്യതേ
അനഗ്നാവിവശുഷ്കൈധോ
നതജ്ജ്വലതി കൎഹിചിൽ"
"ഉതത്വഃപശ്യൻനദദൎശ വാച-
മുതത്വഃപശ്യൻ നശൃണോത്യേനാം;
ഉതോത്വസ്മൈ തന്വം വിസസ്രേ
ജായേവ പത്യ ഉശതീ സുവാസാഃ."

ഇത്യാദിപ്രാചീന പദ്യങ്ങളിൽനിന്നു് അൎത്ഥമറിയാതെ വേദപാഠം ചെയ്യുന്നവൻ ഭാരംവഹിക്കുന്ന കുററിമാത്രമാണെന്നും അത്തരത്തിലുള്ള പാഠം തീയില്ലാത്ത വിറകിൽ ഹോമിക്കുന്നതുപോലെയാണെന്നും അത്തരത്തിലുള്ള പുരുഷനെ ശ്രുതി തന്റെ വപുസ്സു തുറന്നുകാണിക്കുന്നില്ലെന്നും നാം ധരിക്കുന്നു. "പാഠമാത്രപരം പ്രതിവേദരൂപാ വാക്‌ധൎമ്മബ്രഹ്മജ്ഞാനം ക്ഷീരം ന ദോഗ്ധി. ചതുൎദ്ദശവിദ്യാസ്ഥാനപരിശീലനോപേതഃപുരുഷോ വേദാൎത്ഥരഹസ്യം സമ്യക്പശ്യതി—പാഠമാത്രപരനായ ഒരുവനുവേണ്ടി ശ്രുതിയാകുന്ന കാമധേനു ധൎമ്മബ്രഹ്മജ്ഞാനമാകുന്ന പാൽ കറക്കുന്നില്ല. ചതുൎദ്ദശവിദ്യാസ്ഥാനങ്ങളിൽ പരിശീലനം സിദ്ധിച്ച പുരുഷനുമാത്രമേ വേദാൎത്ഥരഹസ്യം വേണ്ടമാതിരി ഗ്രഹിക്കുവാൻ സാധിക്കുന്നുള്ളൂ" എന്നു സായണാചാൎയ്യർ വീണ്ടും സാൎത്ഥമായ വേദാഭ്യാസത്തിന്റെ ആവശ്യകതയെ സമൎത്ഥിക്കുന്നു.

"മന്ത്രോഹീനസ്സ്വരതോവർണ്ണതോവാ
മിഥ്യാപ്രയുക്തോനതദർത്ഥമാഹ;
സവാഗ്വജ്രോയജമാനം ഹിനസ്തി
യഥേന്ദ്രശത്രുസ്സ്വരതോപരാധാൽ"

എന്നയാസ്കവചനം പ്രസിദ്ധമാണല്ലോ. ഇന്ദ്രശത്രുപദംതൽപുരുഷസമാസമാണെങ്കിൽ അന്തോദാത്തമായും ബഹുവ്രീഹിയാണെങ്കിൽ പൂർവ്വപദം സ്വരിതമായും ഉച്ചരിക്കണം. അതറിയാതെയുള്ള മന്ത്രോച്ചാരണം യജമാനനെ ഹനിച്ചതായി ഇതിഹാസമുണ്ടു്.

൭. ഇതരഭാഷാപോഷകത:— സംസ്കൃതമാകുന്നു അദ്രാവിഡങ്ങളായ എല്ലാപ്രധാനഭാരതഭാഷകളുടേയും മാതാവു്. ദ്രാവിഡഭാഷകളിൽ പ്രാചീനതയും, പ്രാധാന്യവും തമിഴിനാണല്ലോ, സംസ്കൃതസമ്പർക്കംകൂടാതെയാകുന്നു തങ്ങളുടെ ഭാഷ പ്രവൃദ്ധമായതു് എന്നു തമിഴർ അഭിമാനിക്കാറുണ്ടു്; ആ അഭിമാനം അവർ വിചാരിക്കുന്നതുപോലെ അധിഷ്ഠാനവത്തല്ലെന്നുള്ളതിനു അവരുടെ തൊൽകാപ്പിയം, കുറൾ, മുതലായ പുരാതനങ്ങളായ ലക്ഷണഗ്രന്ഥങ്ങൾതന്നെ നിദർശനങ്ങളാകുന്നു. അകാരം, ആദിഭഗവാൻ മുതലായ വാക്കുകൾ കുറളിന്റെ ആദ്യത്തെപ്പാട്ടിൽതന്നെ അല്പം രൂപഭേദത്തോടുകൂടി ആവിർഭവിക്കുന്നുണ്ടു്. കൈരളിക്കു സംസ്കൃതഭാഷയോടു് എത്രമാത്രം കടപ്പാടുണ്ടെന്നുള്ളതു അനുക്തസിദ്ധമാണല്ലോ. സംസ്കൃതജ്ഞന്മാരിൽ നിന്നല്ലാതെ സാമാന്യേന കേരളഭാഷക്കു ഗണനീയമായ സഹായം ഒരിക്കലും ഉണ്ടായിട്ടില്ല; ഉണ്ടാകുവാൻ നിവൃത്തിയുമില്ല. സംസ്കൃതത്തിന്റെ സ്വരൂപജ്ഞാനംകൂടാതെ കാൎയ്യമായി എന്തെങ്കിലും മലയാളത്തിൽ സാധിച്ചുകളയാം എന്നു വിചാരിക്കുന്നവർ അവരുടെ നില അറിയുന്നില്ല. അഥവാ ഈ വിഷയത്തിൽ വല്ല അതിമാനുഷവ്യക്തിക്കും അപവാദരൂപേണ പ്രകാശിക്കുവാൻ കഴിയുമെങ്കിൽ അതും മുൻചൊന്ന ഉത്സൎഗ്ഗവിധിക്കു ഉപോൽബലകമായേ പരിണമിക്കുകയുള്ളു.

ഇത്തരത്തിൽ സംസ്കൃതഭാഷക്കു അനന്യസാധാരണങ്ങളായ പല ആത്മവിശിഷ്ടങ്ങളുമുണ്ടെന്നുള്ള വസ്തുത ആൎക്കും വിസംവദിക്കാവുന്നതല്ല. ഇനി പ്രാചീനവും ആധുനികവുമായ അധ്യയന സമ്പ്രദായത്തെപ്പററി അല്പമൊന്നു വിചിന്തനം ചെയ്യാം. യാസ്കൻ, പാണിനി, കാത്യായനൻ, പതഞ്ജലി, കാണാദൻ, ജൈമിനി, ബാദരായണൻ, ഉദ്ദാലകൻ, യാജ്ഞവല്ക്യൻ, ശ്വേതകേതു, ബോധായനൻ, ആപസ്തംബൻ, ശങ്കരഭഗവാൻ, കുമാരിലഭട്ടൻ, പ്രഭാകരൻ, വാചസ്പതിമിശ്രൻ, രാമാനുജൻ, മധ്വൻ, ശ്രീഹർഷൻ, വിദ്യാരണ്യൻ, വേദാന്തദേശികർ, അപ്പ

യ്യാദീക്ഷിതർ, ഗദാധരഭട്ടൻ, നാഗേശഭട്ടൻ, മുതലായ വിദ്യാചക്രവർത്തികളുടെ സർവ്വതന്ത്രസ്വതന്ത്രത പഴയ ഗുരുകുലവാസപരിപാടിയിൽ നിന്നു ലഭിച്ചതാണ്. അവർക്കു തുല്യനായ ഒരൊററ മഹാനുഭാവൻ ഇന്നു നമ്മുടെയിടയിൽ ജീവിക്കുന്നുണ്ടോ? ലോകം ശാല്യർജ്ജനോന്മുഖമാകുന്ന കാലം; വൃക്ഷജീവികയാ ജീവിക്കുന്ന കാലം; ഇന്നുണ്ടോ അത്തരത്തിലുള്ള അഭിജാതങ്ങളും അനർഘങ്ങളുമായ പുരുഷരത്നങ്ങളെ ഭാരതമാതാവു പ്രസവിക്കുന്നു? പണ്ടത്തെ വിദ്യാഭ്യാസരീതി പലപ്രകാരത്തിലും ആശാസ്യമായിരുന്നു. അന്നു ഗുരുശിഷ്യബന്ധം ദൃഢമായിരുന്നു; ഗുരുഭക്തി ശിഷ്യനും ശിഷ്യവാത്സല്യം ഗുരുവിനും നിസർഗ്ഗജമായിരുന്നു. "ഉപസന്നോസ്മി ഭഗവൻ; മൈത്രേണ ചക്ഷുഷാ പശ്യ; ശിവേന മനസാ ഗൃഹാണ; പ്രസീദ; മാമദ്ധ്യാപയ - ഭഗവാനേ! ഞാൻ അങ്ങയെ ഉപാസിക്കുന്നു. എന്നെ വാത്സല്യവത്തായ ചക്ഷുസ്സിനാൽ ദർശിക്കണമേ; അനുഗ്രഹോന്മുഖമായ മനസ്സിനാൽ ഗ്രഹിക്കണമേ; പ്രസാദിക്കണമേ; അദ്ധ്യയനം ചെയ്യിക്കണമേ" എന്നു ശിഷ്യന്മാർ പ്രാർത്ഥിച്ചുവന്നു. മാതാക്കന്മാർ ശരീരത്തെമാത്രം ജനിപ്പിക്കുന്നു എന്നും തങ്ങളാകുന്ന വിദ്യകൊണ്ടുള്ള ശ്രേഷ്ഠജന്മത്തെ നൽകുന്നതെന്നും ഗുരുക്കന്മാർ ധരിച്ചിരുന്നു. ശരീരസുഖത്തിനു ഹേതുഭൂതമായ ധനധാന്യാദിസമ്പാദനത്തിനും ആത്മസുഖത്തിനു നിദാനീഭവിക്കുന്ന തത്വജ്ഞാനാർജ്ജനത്തിനും ശിഷ്യൻ തന്നെയാണ് ആശ്രയിക്കുന്നതെന്നും തന്നിമിത്തം വിദ്യാദാനം സർവ്വോൽകൃഷ്ടമാണെന്നും ഒരു പ്രദീപത്തിന്റെ ഔൽപത്തികധർമ്മം അന്യപ്രദീപങ്ങളുടെ പ്രജ്വാലനമാത്രമാണെന്നും ഉള്ള തത്വങ്ങൾ അവർക്ക് അവിജ്ഞാതങ്ങളായിരുന്നില്ല. "പുത്രമിവൈനമനുകാംക്ഷൻ വിദ്യാം ഗ്രാഹയേൽ" എന്നാണു ആപസ്തംബൻ ഗുരുക്കന്മാരെ അനുശാസിക്കുന്നതു്. തന്റെ പുത്രനെ എങ്ങനെ പഠിപ്പിക്കുമോ അതുപോലെ സകല ശിഷ്യന്മാരെയും ഗുരു പഠിപ്പിക്കണം. "ആചാര്യസ്തു തേ ഗതിം വക്താ ആചാര്യൻതന്നെയാണു് അങ്ങേക്കു മാർഗ്ഗോപദേശം ചെയ്യേണ്ടതു്" എന്നു് അഗ്നികൾ ഛാന്ദോഗ്യോപനിഷത്തിൽ സത്യകാമനോടു പറയുന്നു. സാംഗോപാംഗമായും സരഹസ്യമായുമുള്ള അദ്ധ്യയനം ഗുരുമുഖത്തിൽ നിന്നല്ലാതെ ലഭിക്കുവാൻ മാർഗ്ഗമില്ല. "സോഹം ഭഗവോ മന്ത്രവിദേവാസ്മി; നാത്മവിൽ; യദൈവ കിഞ്ചിദധ്യഗീഷ്മാ നാമൈവതൽ - ഭഗവാനേ ഞാൻ മന്ത്രവിത്താണു്; ആത്മവിത്തല്ല; യാവചില വിഷയങ്ങൾ ഞാൻ പഠിച്ചുവോ അവ നാമമാത്രമാകുന്നു" എന്നു ഛാന്ദോഗ്യോപനിഷത്തിൽ സനൽകുമാരമഹർഷിയെ ഉപരിവിദ്യാഭ്യാസത്തിനായി സമീപിച്ച നാരദൻ നിവേദനം ചെയ്യുന്നു.

"ശബ്ദാനേവ പഠന്ത്യാഹോ;
തേഷാമർത്ഥഞ്ച പശ്യസി;

ശബ്ദപാരേത്ഥ ബോധസ്സേ
സമ്പ്രാപ്തത്വേന ശിഷ്യതി;
അത്ഥവ്യാകരണാദ് ബുദ്ധേ
സാക്ഷാൽ കാരോവശിഷ്യതേ;
സ്യാൽകൃതാത്ഥത്വധീസ്താവൽ
താവദ് ഗുരുമപാസഭോഃ"

എന്നത്രേ പഞ്ചദശിയിൽ വിദ്യാരണ്യസ്വാമികളുടെ ഉപദേശം. ആത്മ സാക്ഷാൽക്കാരമാകുന്ന വിദ്യ; അതു ലഭിച്ചാൽമാത്രമേ മനുഷ്യൻ മുക്തനാകുകയുള്ളു. മുക്തനാകുന്നതുവരെ അഭ്യസിക്കണം; ശബ്ദാത്ഥ ജ്ഞാനം സാക്ഷാൽകാരത്തിനുള്ള പ്രഥമസോപാനംമാത്രമാകുന്നു. ശിഷ്യൻ സദാ ഉത്ഥാനശീലനായി ജീവിക്കണം; ഉത്ഥാനശീലനാകണമെങ്കിൽ ബലം, സങ്കല്പം, ചിത്തം, ധ്യാനം മുതലായവ സമ്പാദിക്കണം; ബലമെന്നാൽ അന്നോപയോഗജനിതമായ വിജ്ഞേയ പ്രതിഭാനസാമത്ഥ്യം; സങ്കല്പമെന്നാൽ കത്തവ്യാകത്തവ്യവിഷയവിഭാഗത്തിനുള്ള പാടവം; ചിത്തമെന്നാൽ തത്തൽകാലാനുരൂപമായ ബോധവത്ത്വവും അതീതവും അനാഗതവുമായ വിഷയങ്ങളുടെ പ്രയോജനനിരൂപണത്തിനുള്ള ശക്തിയും; ധ്യാനമെന്നാൽ ശാസ്ത്രോക്തങ്ങളായ ദേവതാദ്യാലംബനങ്ങളിലുള്ള ഏകാഗ്രത. ഉത്ഥാതാവിനു പരിചരിതാവു (ശുശ്രൂഷാവാൻ) ആയും, പരിചരണം ചെയ്യുന്നവനു് ഉപസത്താവു (ഗുരുവിനു് അന്തരംഗപ്രിയൻ) ആയും ഉപസത്താവിനു ദ്രഷ്ടാവായും, ദ്രഷ്ടാവിനു ശ്രോതാവായും, ശ്രോതാവിനു മന്താവ് (മനനംചെയ്യുന്നവനായും) മന്താവിനു ബോദ്ധാവായും ബോദ്ധാവിനു കത്താവ് (അനുഷ്ഠാതാവ്) ആയും തീരുവാൻ കഴിയും. അനുഷ്ഠാനമാകുന്നു അഭ്യസനത്തിന്റെ പരമകാഷ്ഠ. വെറുതെയല്ല,

"വിദ്യാകമ്മവയോബന്ധു-
വിത്തം ഭവതി പഞ്ചമം
മാന്യസ്ഥാനാനി പഞ്ചാഹുഃ
പൂവ്വം പൂവ്വം ഗുരൂത്തരാൽ".

എന്നു മനു വിദ്യയ്ക്കുള്ള പാരമ്യത്തെ പ്രഖ്യാപനം ചെയ്യുന്നതു് ധനവാനെ ബഹുമാനിക്കണം; ധനവാനേക്കാൾ സഹായവാനെ (ആൾക്കൂട്ടമുള്ളവനെ) ബഹുമാനിക്കണം; സഹായവാനേക്കാൾ വയസ്വിയെ ബഹുമാനിക്കണം; വയസ്വിയേക്കാൾ കമ്മിയെ ബഹുമാനിക്കണം; കമ്മിയേക്കാൾ വിദ്വാനെ (ജ്ഞാനിയെ) ബഹുമാനിക്കണം. അത്തരത്തിലുള്ള ജ്ഞാനികളായിരുന്നു മന്ത്രദ്രഷ്ടാക്കളായ മഹഷിപുംഗവന്മാർ.

(തുടരും)

ഉള്ളൂർ എസ്സ്.

# അവസാന പ്രാർത്ഥന.

പ്രഥമരാജ്ഞി അന്ത്യശ്വാസം വലിച്ചുകൊണ്ടു മരണശയ്യയിൽ കിടക്കുന്നു. ചിന്താക്രാന്തനായ വൈദ്യൻ മരുന്നിൽ മധുചേർത്തുകൊടുത്തു സേവിക്കുവാൻ ഉപദേശിച്ചുകൊണ്ടിരിക്കുന്നു. നിരശയാൽ ആവൃതയായ രാജ്ഞിയാകട്ടെ അതിനെ തീരെ നിരാകരിക്കുന്നു.

ഈ വർത്തമാനം രാജാവിൻെറ ശ്രവണപഥത്തിൽപെട്ടു. അതിവേഗത്തിൽ അദ്ദേഹം ആസ്ഥാനമണ്ഡപത്തിൽ നിന്നു രാജ്ഞിയുടെ മുറിയിൽ എത്തി, ദേവിയുടെ അരികിൽ ഇരുന്നുംകൊണ്ടു അദ്ദേഹം ചോദിച്ചു, "പ്രിയേ, ഭവതിക്കു എന്തുപററി? ഞാൻ എന്താണു ചെയ്യേണ്ടതു്?"

പ്രഥമരാജ്ഞി പാരുഷ്യത്തോടുകൂടി, "പിരിയുവിൻ നിങ്ങളെല്ലാവരും! എൻെറ ദാസിയെ മാത്രം ഇങ്ങോട്ടയച്ചാൽമതി. ഞാൻ കുറച്ചു സമാധാനമായിരിക്കട്ടെ" എന്നു നിരസം പ്രദർശിപ്പിച്ചു.

വേലക്കാരി വന്നപ്പോൾ രാജ്ഞി അവളുടെ കരം ഗ്രഹിച്ചുകൊണ്ടു പറഞ്ഞു "ഇരിക്കു, കുമാരി! എനിക്കു നിന്നോടു ഒരു കഥ പറയുവാൻ ഉണ്ടു്?

ദാസി:— "പറയു, ദേവി! ഞാൻ അതു കേൾക്കുവാൻ ഇതാ സന്നദ്ധയായിരിക്കുന്നു."

രാജ്ഞി:— എൻെറ ഏഴു നിലമാളികയുടെ അടുത്തായി രണ്ടാമത്തെ രാജ്ഞിയുടെ മൂന്നു നിലമാളികയുണ്ടായിരുന്നു. പിന്നീടു് ഒരു ഇരുനില മാളിയിലേക്കും, അതിനുശേഷം ഒരു ഓററനില മാളികയിലേക്കും അവസാനം രാജഭവനങ്ങളിൽനിന്നു തന്നേയും അവൾക്കു തീരേ മാറേണ്ടതായിവന്നു.

പിന്നീടു ഞാൻ അവളെ-രണ്ടാമത്തെ രാജ്ഞിയെ—പററിചിന്തിക്കുകപോലും ചെയ്തില്ല.

മാസങ്ങൾ കഴിഞ്ഞു. 'രഥാഘോഷ' ദിനം ആഗതമായി. മുകൾ ഭാഗത്തു ഗരുഡൻെറ അടയാളത്തോടുകൂടിയ ഒരു തേരിൽ ഞാൻ ക്ഷേത്രത്തിലേക്കു പോവുകയായിരുന്നു. രാജദൂതന്മാർ മുമ്പിലും രാജഭടന്മാർ പിന്നിലും നടന്നിരുന്നു. ശംഖനാദം എൻെറ വലത്തുഭാഗത്തും മൃദംഗം ഇടത്തുഭാഗത്തും മുഴങ്ങിക്കൊണ്ടിരുന്നു.

ആ സമയത്തു വഴിയുടെ ഒരു ഭാഗത്തു് നദീതീരത്തായി ഒരു ചമ്പവൃക്ഷഛായയിൽനില്ക്കുന്ന പർണ്ണശാല എൻെറ അക്ഷികൾക്കു ലക്ഷീഭവിച്ചു. അതിൻെറ മേൽ പുരമുഴുവനും വികസിക്കാറായ 'അപ്രജിത'

പുഷ്പങ്ങളാൽ ആവൃതവും മുൻഭാഗത്തെ വാതിൽ മല്ലികാകുസുമങ്ങളാൽ അലംകൃതവുമായിരുന്നു.

ഞാൻ എൻെറ ദാസിയോടു ചോദിച്ചു ആ പർണ്ണശാല ആരുടേതായിരിക്കും എന്നു്.

"അതു രണ്ടാമത്തെ രാജ്ഞിയുടേതാണു്, ദേവി" എന്നവൾ മറുപടിയും പറഞ്ഞു.

ഞാൻ ഗൃഹത്തിൽ മടങ്ങിവന്നു വളരെ ചിന്താമഗ്നയായി ഇരുന്നു. വിളക്കു കൊളുത്തിയില്ല. ഒരു വാക്കുപോലും സംസാരിച്ചില്ല.

രാജാവു് എൻെറ അടുക്കൽ വന്നു ചോദിച്ചു, "പ്രിയേ, ഭവതിക്കു് എന്തുപററി?, ഞാൻ എന്താണു ചെയ്യേണ്ടതു്?"

ഞാൻ:— നാഥാ! ഈ സ്ഥലത്തു ഞാൻ ഇനി ഇരിക്കുകയില്ല.

രാജാവു്:— പ്രിയേ സ്വർണ്ണം, ദന്തം മുതലായവ കൊണ്ടു ഞാൻ ഭവതിക്കു മനോഹരമായ ഒരു കൊട്ടാരം പണിയിക്കാം. അതിൻെറ നിലം വളരെ വിലയേറിയ മാർബിൾകൊണ്ടു് ഉണ്ടാക്കപ്പെട്ടതായിരിക്കും. അതിൽ വേറേയും വളരെ ചിത്രപ്പണികൾ ചെയ്യിപ്പിക്കയും ചെയ്യാം.

ഞാൻ:—"എന്നാൽ, നാഥാ! ഞാൻ ആഗ്രഹിക്കുന്നതു് നദീതീരത്തുള്ള പൂന്തോട്ടത്തിൽ ചെറുതായ ഒരു പർണ്ണശാല ഉണ്ടാക്കുന്നതിന്നു മാത്രമാകുന്നു."

രാജാവു്:—"അതു് എളുപ്പത്തിൽ കഴിയുമല്ലോ പ്രിയേ!"

പൂന്തോട്ടത്തിൽ പർണ്ണശാല അതിവേഗത്തിൽ ഒന്നു പണിതിന്നു. വൃക്ഷാവൃതമായ ഭൂമിയിൽ നിന്നും ആനിതമായ് അതികോമളമായ ഒരു പുഷ്പംപോലെ അതു പ്രശോഭിച്ചു. ഞാൻ അതിൽ താമസവും തുടങ്ങി. എന്നാൽ കുമാരി! എനിക്കതിൽ നിന്നും ആനന്ദം ഉളവായില്ല. ദുഷ്കീർത്തിയെ പരാജിതയാക്കത്തക്കതായ ഒരു അപമാന ബോധം മാത്രമാണു എനിക്കു ശേഷിച്ചതു്.

ദിവസങ്ങൾ കഴിഞ്ഞു. നദിയിൽ സ്നാനം ചെയ്യുവാൻ ഒരു ദിവസം ഞാൻ പുറത്തിറങ്ങി. കുലവേഷധാരികളായ ഭൃത്യവർഗ്ഗം എന്നെ അനുഗമിച്ചു. ശിബികാവാഹികൾ നദിയുടെ ദക്ഷിണ കൂലത്തിൽ എന്നെ ഇറക്കി. ആളിമദ്ധ്യഗതയായി ഞാൻ രാജയോഗ്യമായ സ്നാനവും കഴിച്ചു.

കൊട്ടാരത്തിലേക്കു മടങ്ങിവരുമ്പോൾ ഞാൻ ശിബികയുടെ തിരസ്കരിണിയിൽ കൂടി എത്തിനോക്കിയപ്പോൾ, ഹാ! നിർമ്മലയമാല്യത്തെ അലംകരിച്ച പുഷ്പംപോലെയുള്ള ഏതു സ്ത്രീരത്നമാണു കടന്നുപോകുന്നതായി എൻെറ ദൃഷ്ടി പഥത്തിൽ പെട്ടതു്? അവൾ കയ്യിൽ

ഒരു ശംഖു ധരിച്ചിരുന്നു. അവളുടെ ദേഹം അലംകൃതമായിരുന്നു, സുന്ദരവും ലളിതവും ആയ ഒരു സാരികൊണ്ട്; അവളുടെ നിതംബത്തെ ആശ്രയിച്ചിരുന്നു, നദിയിൽ നിന്നും എടുത്ത പരി പൂതജലത്താൽ പൂരിതമായ ഒരു പൂർണ്ണ കുംഭം. പ്രഭാത സൂര്യന്റെ കിരണാവലി അവളുടെ ജലാർദ്രമായ കേശത്തിലും ജലകുംഭത്തിൽന്മേലും ലാസ്യം ചെയ്തിരുന്നു.

ഞാൻ എന്റെ ദാസിയോടു ചോദിച്ചു, "ഏതാണ് ഈ സ്ത്രീ; ഏതു ക്ഷേത്രത്തിലാണ് ഇവൾ വ്രതനിരതയായിരിക്കുന്നത്?"

ദാസി പുഞ്ചിരിയോടുകൂടി:—"അവിടേക്കു മനസ്സിലായില്ലേ? ദേവി, അതു രണ്ടാമത്തെ രാജ്ഞിയാണ്."

കൊട്ടാരത്തിൽ വന്നു ഞാൻ പാവയെപ്പോലെ നിശ്ചേതനയായി ഇരുന്നു; ഒററ വാക്കുപോലും സംസാരിച്ചില്ല.

രാജാവു വന്ന് എന്നോടു ചോദിച്ചു "പ്രിയേ ഭവതിക്കെന്തു പററി? എന്താണു ചെയ്യേണ്ടതു്?"

ഞാൻ മറുപടി പറഞ്ഞു, "നാഥാ, ഞാൻ ആഗ്രഹിക്കുന്നു, ദിവസംപ്രതി പ്രഭാതത്തിൽ നദീസ്നാനവും കഴിച്ചു, ജലപൂർണ്ണമായ ഒരു കുംഭം ഒക്കത്തുവെച്ചുംകൊണ്ടു ബകുളപ്പൂകാവനം വഴി കാൽനടയായ് വരുവാനായിട്ട്"

രാജാവ്:—"ഇതു് എളുപ്പത്തിൽ കഴിയുമല്ലോ."

പിറേറന്നു പുലച്ചയ്ക്കു രാജഭടന്മാർ വഴിയിൽ അണിനിരന്നു നിന്നു, സ്നാനാനന്തരം പ്രാസാദത്തിലേയ്ക്കു പ്രതി നിവൃത്തയായ എന്റെ, വഴിയിലുള്ള പഥികരെ നിരോധിച്ചിരുന്നു. ഞാൻ കയ്യിൽ ധവളവർണ്ണത്തിലുള്ള ഒരു ശംഖും, സാരികയും ധരിച്ചിരുന്നു.

ഗൃഹത്തിൽ എത്തിയപ്പോൾ ആ കുംഭം എറിഞ്ഞു പൊട്ടിച്ചാലോ എന്നുതന്നെ എനിക്കു തോന്നി. കുമാരി! ദുഷ്കീർത്തിയെ പരാജിതമാക്കത്തക്ക ഒരു അപമാനബോധംമാത്രം എനിക്കു ശേഷിച്ചു.

കൃഷ്ണജയന്തി ദിവസമായി. നിശാകരൻ തന്റെ പൂനിലാവു സർവ്വത്ര പൂശിയിരുന്നു. മാന്തോപ്പിൽ ഞങ്ങളുടെ ശിബിരം സ്ഥാപിതമായിരുന്നു. നൃത്തഗീതാദി വിനോദങ്ങളാൽമാത്രമായിരുന്നു ആ രാത്രിയിലെ നിശ്ശബ്ദത ഭേദിക്കപ്പെട്ടിരുന്നതു്.

പിറേറന്നു പ്രഭാതത്തിൽ ഞാൻ രാജകീയവാഹനത്തിൽ ആരോഹണംചെയ്തു കൊട്ടാരത്തിലേയ്ക്കു മടങ്ങുമ്പോൾ, കാഴ്ചയിൽ കുലീനനായ ഒരു ബാലകനെകണ്ടു. വനപുഷ്പങ്ങളാൽ നിർമ്മിതമായ ഒരു മാല്യം അവന്റെ ശിഖാഗ്രത്തെ അലംകരിച്ചിരുന്നു. അവന്റെ കയ്യിൽ സുഗന്ധപുഷ്പങ്ങൾ വനഫലങ്ങൾ പൂജാദ്രവ്യങ്ങൾ മുതലായവകൊണ്ടു പൂർണ്ണമായ ഒരു പാത്രവും ഉണ്ടായിരുന്നു. ഞാൻ ദാസിയോടു ചോദിച്ചു. "ഏ

ത്തു സ്ത്രീരത്നമാണു ഇവന്റെ മാതൃത്വം വഹിക്കുന്ന ഭാഗ്യവതി." ദാസി:— "ദേവി! അവിടുന്നറിയുന്നില്ലേ ആ കുമാരൻ ഇളയരാജ്ഞിയുടെ പുത്രനാണ്. മാതാവിന്റെ ആവശ്യത്തിന്നായി പുഷ്പങ്ങളും ഫലങ്ങളും മററും കൊണ്ടുപോവുകയാണ്."

ഗൃഹത്തിൽ എത്തി ഞാൻ തനിയെ ഇരുന്നു. ഒരക്ഷരംപോലും സംസാരിച്ചില്ല.

രാജാവ് വന്നു "പ്രിയേ, ഭവതിയ്ക്കെന്തുപററി? ഞാൻ എന്താണു ചെയ്യേണ്ടതു്? എന്നു ചോദിച്ചു.

"ഞാൻ ആഗ്രഹിക്കുന്നു, നാഥാ, പ്രതിദിനം എന്റെ പുത്രൻ പൂജാദ്രവ്യങ്ങൾ, സുഗന്ധപുഷ്പങ്ങൾ, വനഫലങ്ങൾ മുതലായവകൊണ്ടു പൂർണ്ണമായ ഒരു ഭാജനം എനിക്കു കൊണ്ടുതരണമെന്നു്

"ഇതെളുപ്പത്തിൽ കഴിയുമല്ലോ പ്രിയേ" പ്രഭാതസൂര്യൻ തന്റെ കനകരശ്മികൾ എങ്ങും പരത്തി. ഞാൻ സുവർണ്ണസിംഹാസനത്തിൽ ആരോഹണം ചെയ്തു. എന്റെ പുത്രൻ ഒരു പാത്രം നിറച്ചു സുഗന്ധപുഷ്പങ്ങളും വനഫലങ്ങളും പൂജാദ്രവ്യങ്ങളും എനിക്കു കൊണ്ടുവന്നു തന്നു. ദേസ്വദകണങ്ങൾ അവന്റെ ശരീരത്തിൽ നിന്നു മന്ദംമന്ദം സ്രവിച്ചിരുന്നു. അവന്റെ കണ്ണിൽ കോപം ജ്വലിച്ചിരുന്നു. കുമാരി! ഞാൻ ആ പാത്രം തൊടുകപോലും ചെയ്തില്ല. ദുഷ്കീർത്തിയെ പരാജിതമാക്കത്തക്ക അപമാനബോധം മാത്രം എനിക്കു ശേഷിച്ചു.

ഇതിന്നുശേഷം എനിക്ക് എന്തുപററി എന്നു ഞാൻതന്നെ അറിയുന്നില്ല. യാതൊന്നും സംസാരിക്കാതെ ഏകാകിനിയായി കഴിച്ചുകൂട്ടി. രാജാവു ദിവസംപ്രതി വന്നു "പ്രിയേ, എന്താണു ഭവതിയെ വിഷമിപ്പിക്കുന്നതു്? ഞാൻ എന്താണു ചെയ്യേണ്ടതു്?" എന്നു ചോദിക്കുക പതിവായിരുന്നു.

പ്രഥമരാജ്ഞിയായിരുന്നിട്ടും, അപമാനം എന്റെ ഹൃദയത്തിന്റെ പ്രിയപ്പെട്ട ആഗ്രഹത്തെ പ്രകടിപ്പിക്കുവാൻ എന്നെ അനുവദിച്ചില്ല.

കുമാരി! അതുകൊണ്ടാണു നിന്നെ ഞാൻ ഇവിടെ വരുത്തിയിരിക്കുന്നതു്. എന്റെ ആ ആഗ്രഹത്തെ നിന്നോടു ഞാൻ പറയട്ടെ. "ദ്വിതീയരാജ്ഞി അനുഭവിച്ച ആ ദുഃഖങ്ങളെല്ലാം ഞാനും അനുഭവിച്ചിരുന്നെങ്കിൽ ഹാ! എത്ര നന്നായിരുന്നു."

ദാസി കൈകൾ കപോലത്തിൽവെച്ചുകൊണ്ടു അത്ഭുതപൂർവ്വം ചോദിച്ചു, "ഈശ്വരാ! ദേവീ, അവിടുന്നെന്തിന്നു ഇങ്ങിനെ ആഗ്രഹിക്കുന്നു."

പരിശ്രാന്തയായ പ്രഥമരാജ്ഞി നമ്രശിരസ്കയായി പറഞ്ഞു, "അവളുടെ—രണ്ടാമത്തെ രാജ്ഞിയുടെ—ആ മുളകൊണ്ടുള്ള വേണുവിൽനിന്നും എനിക്കു നാളിതുവരെ അനുഭവിക്കാൻ സാധിച്ചിട്ടില്ലാത്ത അത്ര ശ്രാവണമധുരമായ ഗാനങ്ങൾ ഉത്ഭൂതമാകുന്നു. സ്വർണ്ണനിർമ്മിതമായ എൻെറ വേണുവിൽ നിന്നാകട്ടെ ശ്രാവണമധുരമായ ഒരു ഗാനമെങ്കിലും ഉത്ഭൂതമാകുന്നതുമില്ല. എങ്ങും ഭേസിക്കൊണ്ടു പോകുന്ന വെറും ഒരു ഭാരം മാത്രമായിട്ടാണു എനിക്കതു പരിണമിച്ചിരിക്കുന്നതു്."

യു. ഗോവിന്ദൻകുട്ടിമേനോൻ.

---

# ജീവിതകല.

---

ജീവിതത്തിൻെറ വ്യക്തമായ ഒരു പ്രദർശനമാണു് ആംഗലസാഹിത്യപഠനത്തിൽനിന്നും നമുക്കു സിദ്ധിക്കുന്ന അനുഗ്രഹങ്ങളിൽ ഒന്നും. ആംഗലസാഹിത്യത്തിലുള്ള 'ജീവിതവിമർശം' സാരവത്തും ഭൌതികപ്രധാനവുമാണു്. അതു ചൂണ്ടിക്കാണിക്കുന്നുണ്ടു്, ജീവിതത്തെ സ്വപ്നപ്രായമായും അപ്രായോഗികമായും ചിന്താരഹിതമായും വീക്ഷിക്കുന്ന രീതിയുടെ അനൌചിത്യത്തെ. പ്രകൃതിയുടെ ഒരനുകരണമാണു്, കല. ചിത്രകലാവിദഗ്ദ്ധൻെറ ദൃഷ്ടിക്കു വിഷയീഭവിക്കാതെ ലോകത്തിൽ ഒന്നുംതന്നെയില്ല. കവിയാകട്ടെ ജീവിതത്തിന്നാവശ്യമുള്ള വിവിധവസ്തുക്കളെക്കുറിച്ചു് തനിക്കുള്ള ജ്ഞാനംകൊണ്ടു ജീവിതാശയെ വർദ്ധിപ്പിക്കുന്നു. ജീവിതം പലപ്പോഴും ഒരു ഒഴുക്കാണു്.

സമ്പാദിച്ചും ചിലവുചെയ്തും നമ്മുടെ ശക്തിയെ നാം നശിപ്പിക്കുന്നു.

ലോകത്തിൽ ധനം അതിധാരാളം സമ്പാദിക്കുന്നവർ പലരുമുണ്ടു; സ്ഥാനമാനങ്ങളെ ആരായുന്നവരുണ്ടു അതിലുമധികം. എന്നാൽ അവരിൽ മിക്കവരും ജീവിതത്തിൻെറ എല്ലാ രാമണീയകവും നഷ്ടപ്പെടുത്തുകയാണു ചെയ്യുന്നതു്. മാതൃകാസൌഖ്യത്തിൻെറ ഉത്തമരൂപങ്ങൾ അനേകം കവികൾക്കു തങ്ങളുടെ മനോഭിത്തിയിൽ ചിത്രണം ചെയ്യുന്നതിനു പാത്രങ്ങളായിത്തീരുന്നു. എല്ലാ കവികളും ചിത്രകാരന്മാരും സ്വഭാവേനതന്നെ ആഗ്രഹിക്കുന്നു, സുഖസൌകര്യയുക്തങ്ങളായ ജീവനമാർഗ്ഗങ്ങൾ ലഭിക്കുന്നതിനു്. ഇതുകൊണ്ടുതന്നെയാണു ഓരോ കാലത്തിലേയും ആംഗലകവിവര്യന്മാർ ലോകത്തിൻെറ ആകർഷകങ്ങളായ ഭാഗങ്ങളിൽ സഞ്ചരിക്കുന്നതിലോ വാസഗേഹങ്ങൾ പണിയിക്കുന്നതിലോ വ്യാപൃതന്മാരായിക്കാണപ്പെടുന്നതു്. മഹാകവി ഷേക്സ്പിയർ അത്യാവശ്യമുള്ള

പണം സമ്പാദിച്ചതിന്നുശേഷം സ്വന്തമായി ഒരു ഭവനമുണ്ടാക്കുവാൻ ശ്രമിക്കുകയാണു ചെയ്തതു്. പോപ്പ് "ലിക്കൻഹാമിൽ" തന്റെ ഉദ്യാനത്തെ പോഷിപ്പിക്കുന്നതിനുവേണ്ടി നിരവധിദ്രവ്യം ചിലവാക്കി. സർ വാൾട്ടർസ്കോട്ടാകട്ടെ ആബട്ട്സ്ഫോർഡിൽ രാജോചിതമായ ഒരു ഗൃഹം ഉണ്ടാക്കുവാൻവേണ്ടി ജീവിതകാലത്തിലെ സമ്പാദ്യം മുഴുവൻ തുലച്ചു. ലേക്ക് ഡിസ്ട്രിക്ട് കണ്ടുപിടിച്ചു അവിടെ കൂടുകയാണു സുപ്രസിദ്ധകവി വേർഡ്സ്കത്ത് ചെയ്തതു്. ബയറൻ, ഷെല്ലി, ബ്രൌണിങ്ങ് എന്നിവർ അവക്കേററവും പ്രിയപ്പെട്ട ഇററലിയുടെ പേരിൽ പക്ഷപാതികളായിരുന്നു. ഏതോ ഒരു ദ്വീപിൽ അതിമനോഹരമായ ഒരു വീടു പണിയിച്ചു താമസിക്കുവാനായിരുന്നു ടെന്നിസന്റെ ഉദ്യമം. സ്വന്തം ഗൃഹത്തെ അലങ്കരിക്കുന്നതിനും മോടികൂട്ടുന്നതിനും തന്റെ അപാരമായ കലാകുശലതയെ വില്ല്യംമോറിസ് ഉപയോഗിച്ചു.

ഒരു കവിയുടെ ആന്തരമായ സുഖതൃഷ്ണയും ജീവിതാശയും അയാളുടെ കവനതല്ലജങ്ങളിൽ പ്രതിഫലിച്ചുകാണുക സ്വാഭാവികമാണ്. സുഖസമൃദ്ധമായ ജീവിതത്തിന്നു ആവശ്യമുള്ള വസ്തുക്കളെ വിവരിക്കുന്ന പോപ്പിന്റെ വരികൾ സുപരിചിതങ്ങളാകുന്നു. അക്കൂട്ടത്തിൽ അദ്ദേഹത്തിന്നു വേണം:— "Sound sleep by night; study and ease. Together mixt, sweet recreation, And innocence which most does please, with meditation". പതിനെട്ടാം നൂററാണ്ടിലെ ഈ കവിയുടെ പ്രസ്തുതവരികളിൽ പറയത്തക്ക നിറമോ ഭാവനാശക്തിയോ കാണുന്നില്ല. എന്നാൻ ഓമറുടെ സുപ്രസിദ്ധങ്ങളായ ഈ നാലു വരികൾ നോക്കുക:—"തേനഞ്ചുന്നലഘുകാവ്യം, മരികിലിഹാരമല്പം, പാനഭാജനം നിറയെ മധുമധുരം, ഗാനം ചെയ്യും നി പിറകിൽ, പാദപത്തണലി, ലയ്ലാ, കാനനവു മെനിക്കെന്നാൽ വാനവലോകം!" ആധുനികകവികളുടെ പദ്യശകലങ്ങൾ പരിശോധിക്കുന്നതായാലും ഈദൃശങ്ങളായ ആശയങ്ങൾ സുലഭങ്ങളാണ്.

കവികൾമാത്രമല്ല, ആഖ്യായികാകാരന്മാരും ഉപന്യാസകാരന്മാരും ഈ ജീവിതകലയെ സ്തുത്യർഹമാംവിധം വ്യാഖ്യാനിച്ചിട്ടുണ്ടു്. സ്കോട്ടും, അതിനുമുമ്പു് തന്നെ ഫീൽഡിങ്ങും, സത്രങ്ങൾ ഹോട്ടലുകൾ എന്നിവയിലെ ജീവിതരീതിയെ വർണ്ണിക്കുന്ന പ്രതിവു് തുടങ്ങിച്ചിരുന്നു. താക്കറെ, ഡിക്കൻസു മുതലായവർ ഈ പാരമ്പര്യത്തെത്തുടർന്നിട്ടുമുണ്ടു്. റാഫയിലിനു് മുമ്പുതന്നെ അവർ സമർത്ഥന്മാരായ സാഹിത്യചിത്രകാരന്മാരായിരുന്നു. അവരുടെ കൃതികൾപോലെതന്നെ ജീവിതങ്ങളും നമുക്കുല്ലോ ഉൽബോധജനകങ്ങളാണു്. കേവലം ഒരു ദരിദ്രനായിട്ടാണു

ഡിക്കൻസ് ജീവിതനാടകത്തിൽ പ്രവേശിച്ചതു്. എന്നാൽ അദ്ദേഹം അതിന്റെ അവസാനരംഗമാടിയതു് ഒരു വലിയകൊട്ടാരത്തിന്റെ യജമാനനായിട്ടായിരുന്നു. താക്കറെ സ്വന്തമുപയോഗത്തിന്നായി 20000 പവൻ ചിലവാക്കി ഒരു വീടുപണിയിക്കുകയും ഒടുവിൽ 2000 പവൻ ലാഭംകിട്ടത്തക്കവണ്ണം അതിനെ വിൽക്കുകയുംചെയ്തു. ഒരു നല്ല ക്ലബ്ബ് ടമസ്ഥനായിരുന്ന അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ മിക്കവയും ഭക്ഷ്യ പദാർത്ഥങ്ങളുടെ വിവരണങ്ങളടങ്ങിയവയായിരുന്നു. ഭംഗിയുള്ള ഭക്ഷണഭാജനങ്ങൾ അദ്ദേഹത്തിന്നു വളരെ പ്രിയങ്ങളായിരുന്നു എന്നുതന്നെയല്ല എതോചില നല്ലപാത്രങ്ങൾ ഉണ്ടായിരുന്നതിനാൽ അദ്ദേഹം ഒരു സ്നേഹിതന്റെ ക്ഷണനത്തിന്നു ക്ഷമയാചനക്കത്തു എഴുതിയതായും പറയുന്നുണ്ടു്. ജീവിതസൌഖ്യങ്ങളെപ്പററി നമ്മെ പഠിപ്പിക്കുക എന്നതു് കവികളുടെ പ്രത്യേകാവകാശമാണ്. സദ്യകൾ, സന്തോഷപ്രദങ്ങളായ ഇതരസമുദായികാഘോഷങ്ങൾ, കേമമായ ഹോട്ടലുകൾ, വിശ്രമം, രമണീയങ്ങളായ പ്രദേശങ്ങളിൽ സഞ്ചാരം, വ്യായാമം, ഉറക്കം, മററതെങ്കിലും തരത്തിൽ ഹൃദയാവജ്ജകങ്ങളായ സുഖവിശേഷങ്ങൾ, ഇവയെല്ലാം കവികളുടേയും നോവൽ കർത്താക്കന്മാരുടേയും വീക്ഷണകോണത്തിന്നു വിഷയീഭവിക്കാതെയിരിക്കയില്ല." മടിയന്മാൎക്കുവേണ്ടി ഒരുക്ഷമായാചന" (An Appology for Idlers) എന്ന ഉപന്യാസത്തിൽ സ്റ്റീവൻസൻ "വിജയിയേക്കാൾ മടിയ"നു് എത്രയോക്കൂടുതൽ ഗുണങ്ങൾ സിദ്ധിക്കുന്നുണ്ടെന്നു സമർത്ഥിക്കുന്നു. ദുരാഗ്രഹദൂഷിതമായ ജീവിതം തുടരുന്ന വിജയിയെപ്പോലെ മടിയൻ ജീവിതത്തിന്റെ യഥാർത്ഥമായ നന്മയും സൌന്ദൎയ്യവും നഷ്ടപ്പെടുത്തുന്നില്ല. നിഷ്കളങ്കഹൃദയം, നാനാവിധത്തിലുമുള്ള ജനങ്ങളുമായി രജിച്ചു പെരുമാറുവാൻഉള്ള ശക്തി, സൎവ്വോപരി എല്ലാത്തിലും അക്ഷീണമായ ഉത്സുകത എന്നിവയാണു മനുഷ്യജീവിതത്തിന്റെ മഹാർഘങ്ങളായ അനുഗ്രഹങ്ങൾ. പ്രസ്തുതസൽഗുണങ്ങളുടെ അഭാവത്തിൽ ജീവിതം നിരുപയോഗമാണ്, നിഷ്പ്രഭമാണ്.

"ജീവിക്കുകയാണു ഉത്തമകല. വളരെക്കുറച്ചുപേരെ മാത്രമേ അതിനെ വേണ്ടവിധം സ്വായത്തമാക്കുവാൻ കഴിവുള്ളവരായിക്കാണുന്നുള്ളു. ഒരു യഥാർത്ഥചിത്രകാരൻ ഈ കലയിൽ അതിനിപുണനായിരിക്കും. എന്തെന്നാൽഅതവന്റെ അനിവാര്യങ്ങളായ ആവശ്യങ്ങളിൽഒന്നാണ്. മഹാന്മാരായ ചിത്രകാരന്മാരുടെ ചിത്രങ്ങളും അതിലധികം അവരുടെ ജീവിതരീതികളും ജീവിതകലയെപ്പററി നമുക്കു അനൎഘമായ ജ്ഞാനത്തെ പ്രദാനം ചെയ്യുന്നുണ്ടു്. ഒരു സ്വാതന്ത്ര്യമനസ്ഥിതിയെ സൂക്ഷിക്കത്തക്ക ശരീരാവസ്ഥയ്ക്കാണു സുഖമെന്നു പറയുന്നതു്. എതദുചിതമായ

സുഖലാഭമാണ് ഏതൊരു കവിയുടേയും പരിശ്രമത്തിന്റെ മുഖ്യലക്ഷ്യം. അതിനാൽ ജീവിതത്തിന്റെ ഉൽകൃഷ്ടസൌഖ്യത്തെ ആരായുന്നവർ — ഉത്തമസൌഖ്യത്തെ ആഗ്രഹിക്കുന്നവർ, ലോകത്തിലെ മഹാന്മാരായ ഗ്രന്ഥകാരന്മാരിൽനിന്നു പഠിക്കേണ്ടതു് ഈ കലയെത്തന്നെയാണ്.

കെ. പി.

---

## സന്ധ്യക്ക്

---

൧

പകൽ കഴിയുകയായി, വിൺപരമ്പിൽ
കളികൾ നിരത്തിയിളംമുകിൽക്കിടാങ്ങൾ;
സകുതുക ജനയിത്രി കാത്തുനിൽക്കെ,
സദനനാമണഞ്ഞു ചിരിച്ചു കൊച്ചുപൈതൽ.

൨

ഇരു കരവുമുയർത്തി മുന്നിൽ നിന്നോ-
രരുമമകന്റെ മുഖേന്ദുവെണ്ണിലാവിൽ
പുളക മുകുളമഞ്ജുളാംഗി പുത്ര-
പ്രണയഭരാകുലയജ്ജനിത്രി മിന്നി.

൩

കുളർമുലകൾ ചുരന്നു കുഞ്ഞിനെച്ചെ-
ന്നരുതരമോദമൊടാഞ്ഞെടുത്തു ഗാഢം
പരിമൃദുളമൃണാളമെയ് പുണന്ന-
മ്മുഖമലരമ്മമുകന്നു നൂറുവട്ടം.

൪

ചെറുതിരകളിളക്കിയന്തിചെന്താ-
രൊളിചിതറുന്ന സരസ്സിൽ മന്ദവാതം;
പുരുമദമൊടു കൺകുളുർക്കെ നിളെ-
ത്തരുനിരതൻ നിഴൽ നൃത്തമാടിമന്ദം.

൫

പ്രിയജലദ കുമാരലാളനോദ്യ-
ദ്രസമതിലദ്രിയറിഞ്ഞതില്ലതെല്ലം

ശിരസി പരിലസിച്ചിരുന്ന സന്ധ്യാ
തപലവുരക്ത ശിരസ്സു മൂന്നുവീണു.

൬

നയനമധുരമാം മകന്റെ തിങ്കൾ-
പ്പൊളിയൊളി നെററിയിലെക്കുരുന്നു കൂന്തൽ
മണിവളകൾ കിലുങ്ങുമാറു മാതാ-
വഴകൊടു കോതിയൊതുക്കിടയാതി മന്ദം;—

൭

"കളികളിലൊരുനാളുമോ മനസ്സി-
തളിരൊളിമേനി തളന്നിടാതിരിപ്പാൻ
മലർനിരകൾ നിരത്തിടുന്ന കൈയ്യാൽ
തടവുക ലോക പിതാവുനിന്നെ നിത്യം!"

൮

ജനനിയുടെ ഹൃദന്തമാകുമോമൽ-
പ്രണയസുമാഞ്ചിത വാടിതന്നിൽനിന്നും
അരിയൊരുനെടുവീർപ്പുയന്നു പാരിൽ
പുതുമണമൊന്നു പരക്കെ വീശി വീശി.

൯

ശശികലയെയെടുത്തു പശ്ചിമാശാ-
മണിനിലയത്തിനകത്തു സന്ധ്യപോയി.
നിശയുടെമലരിട്ട മുല്ലതൻ നേ-
ർത്തുവിരൽചൂണ്ടി ഹസിച്ചുകൊണ്ടുനിൽക്കേ.

൰

അവിരളകനക പ്രദീപമുദ്ധാ-
ച്ഛവിചിതറുന്ന നികേതനത്തിൽനിന്നും
സ്ഫുടതരമചിരാലുയന്നു കേൾക്കാ-
യകലുഷബാലകളോതുമ മന്ദഗീതം.

രാജൻ.

# ഭാരതീയസ്ത്രീകളും മാതൃകാജീവിതവും

സ്ത്രീകൾ അബലകളും, ചപലകളും മററും ആയതുകൊണ്ടു് അവക്കു സ്വജീവിതനിയന്ത്രണം കൂടി പുരുഷസഹായം കൂടാതെ സാദ്ധ്യ

മല്ലെന്നു വാദിച്ചിരുന്ന ചില പുരുഷന്മാർ മാത്രമല്ല, സ്ത്രീകളും ഉണ്ടായിരുന്നു. എന്നാൽ അക്കൂട്ടരുടെ കാലമെല്ലാം പോയ്പോയി. പുരുഷന്മാരോടൊപ്പം ഏതു വിഷമഘട്ടത്തിൽനിന്നും പരിപൂർണ്ണവിജയം നേടുവാനുള്ള ശക്തിയും 'തന്റേടവും' ഉണ്ടെന്നു സ്ത്രീകൾ പ്രദർശിപ്പിച്ചു കഴിഞ്ഞു. പുരുഷന്മാർ അസാദ്ധ്യമായിക്കരുതി ഉപേക്ഷിച്ച പല കൃത്യങ്ങളും നമ്മുടെ സോദരിമാർ ലോകത്തിൽ പല സ്ഥലങ്ങളിലും ചെയ്യുകാണുന്നുണ്ട്. പുരുഷസഹായം കൂടാതെ തന്നെ സ്ത്രീകൾക്കു ജീവിതം നയിക്കുവാൻ സാധിക്കുമെന്നു ദൃഷ്ടാന്തപ്പെട്ടു കഴിഞ്ഞു. എന്നാൽ സ്ത്രീസഹായം കൂടാതെ സംതൃപ്തിയും സന്തോഷവും കലന്ന് ഒരു ജീവിതം അസാദ്ധ്യമാണെന്നു എത്രയോ പുരുഷന്മാർ പറയുന്നതു ഞാൻതന്നെ കേട്ടിട്ടുണ്ട്. ഇത്രയെല്ലാം പറഞ്ഞതുകൊണ്ടു സ്ത്രീകൾ പുരുഷന്മാർ ചെയ്യുന്ന എല്ലാ ജോലികളും ചെയ്യണമെന്നും, പുരുഷന്മാർ ഇന്നു ഭരിച്ചുവരുന്ന എല്ലാ ഉദ്യോഗങ്ങളിൽനിന്നും അവരെ ഓടിച്ചുകളഞ്ഞ് ആ സ്ഥാനങ്ങൾ കൈവശമാക്കേണമെന്നുമല്ല ഞാൻ സമർത്ഥിക്കുന്നതു്. വാസ്തവത്തിൽ, പുരുഷന്മാരെപ്പോലെതന്നെ സകല പ്രവൃത്തികളും ചെയ്യുവാൻ സ്ത്രീകൾ പ്രാപ്തകളാണെങ്കിൽതന്നെ, പ്രകൃതിസൃഷ്ടമായ ആ ജീവിതപദ്ധതിയിൽനിന്നു വ്യതിചലിക്കുന്നതു ശരിയായിരിക്കുമോ എന്ന് എനിക്കു സംശയമുണ്ട്. ഗൃഹഭരണം, ഭർത്തൃശുശ്രൂഷ, ബാലപരിചരണം, ലളിതകലാപരിശീലനം മുതലായി സ്ത്രീകൾക്കു പ്രത്യേകമായി വിധിച്ചിട്ടുള്ള ആ കൃത്യങ്ങൾ എത്ര മഹനീയങ്ങളാണ്! ഇവയിൽനിന്നു നമുക്കുണ്ടാകുന്ന പരമാനന്ദവും സംതൃപ്തിയും മറെറാന്നിൽനിന്നും ലഭിക്കുമെന്ന് എനിക്കു തോന്നുന്നില്ല.

സ്ത്രീയുടെ സൃഷ്ടിതന്നെ ഇവയ്ക്കു് അനുരൂപമായ വിധത്തിലാണു്. പുരുഷന്മാക്ക് എത്ര ജന്മം പരിശീലിച്ചാലും, ഈ മഹനീയകൃത്യങ്ങൾ—പ്രത്യേകിച്ചു ഗൃഹഭരണം, ബാലപരിചരണം—ചെയ്യുന്നതിൽ സ്ത്രീകളേപ്പോലെ സാമർത്ഥ്യവും പൂർണ്ണതയും സിദ്ധിക്കയില്ലെന്നുള്ളതു തക്കമററ സംഗതിയാണ്. ഇതിൽനിന്നുതന്നെ സ്ത്രീകൾ വേറെ എന്തു ജോലിയിലേർപ്പെട്ടാലും ഈ കൃത്യങ്ങൾ പുരുഷന്മാരെ ഏല്പിച്ചു കൊടുക്കുന്നതു തീരെ ആശാസ്യമായ ഒരു പ്രവൃത്തിയാകയില്ല എന്നു വരുന്നു. ഇതരകൃത്യങ്ങൾ എത്രതന്നെ വിജയപൂർണ്ണവും തൃപ്തികരവും അഭിനന്ദനീയവും ആയി ചെയ്വാൻ സാധിച്ചാലും, ബാലപരിചരണത്തിലും ഗൃഹഭരണത്തിലും മററും അശ്രദ്ധ കാണിക്കുന്ന സ്ത്രീകളെ ഒരിക്കലും മാതൃകാസ്ത്രീരത്നങ്ങളുടെ കൂട്ടത്തിൽ ഗണിക്കുവാൻ പാടില്ല. ഭാരതീയവനിതകൾക്കുള്ള ഒരു ഗുണവിശേഷം ഇതാണ്. അവർ, സാമുദായികങ്ങളും

രാഷ്ട്രീയങ്ങളും ആയ വിഷയങ്ങളിൽ ബദ്ധശ്രദ്ധകളായാലും ഗൃഹണീധൎമ്മങ്ങളെ അവഗണിക്കുകയോ അപമാനിക്കയോ ചെയ്യാറില്ല. അടുത്തകാലത്തു് ഈ വിധം ചെയ്യുന്ന സ്ത്രീകളെ ചിലപ്പോൾ കാണാറുണ്ടെന്നതു വാസ്തവംതന്നെ. ഭാരതീയ സ്ത്രീത്വത്തിന്റെ മാഹാത്മ്യം വിഗണിച്ചോ വിസ്മരിച്ചോ പാശ്ചാത്യവനിതാലോകത്തെ അന്ധമായി അനുകരിക്കുന്ന ആ സോദരിമാരോടു് അനുകമ്പക്കേ അവകാശമുള്ളു.

പാശ്ചാത്യൎക്കുള്ള ഒരു പ്രത്യേകദോഷം, സ്വരാജ്യത്തെ അവർ സ്വജീവനേക്കാൾ സ്നേഹിക്കുമെങ്കിലും, സ്വഗൃഹത്തെ അത്ര വിലമതിക്കാറില്ലെന്നുള്ളതാണു്. പാശ്ചാത്യപരിഷ്കാരം വൎദ്ധിച്ചുവരുന്തോറും ഈ ദോഷം അധികമധികമായിട്ടാണു കണ്ടുവരുന്നതു്. ഗൃഹകൃത്യങ്ങൾ വേലക്കാരേയോ മറ്റോ ഏല്പിച്ചു് ആപ്പീസ്സിൽ പോയി ജോലിയെടുക്കുകയാണു ഗൃഹിണീപദത്തേക്കാൾ അഭിമാനാവഹം എന്നാണു് അവരുടെ ഭാവം. പുരുഷന്മാരുടെ ജോലികളെല്ലാം ചെയ്താൽ മാത്രമേ ലോകം മാനിക്കയുള്ളുവെന്നും, ഗൃഹിണിയായിരിക്കുന്നതു പോരായ്മയാണെന്നും കൂടി ഇവൎക്കു അഭിപ്രായമുണ്ടു്.

ഗൃഹിണിയായിരിക്കയോ, ഭൎത്തൃശുശ്രൂഷയും, ബാലപരിചരണവും സ്വധൎമ്മങ്ങളാണെന്നു കരുതുകയോ ചെയ്യുന്നതു സ്വാതന്ത്ര്യത്തിന്നു വലിയ ഒരു തടസ്ഥമാണെന്നാണു് ഇവരുടെ വാദം. "സ്ത്രീ സ്വാതന്ത്ര്യം" എന്ന പദത്തിന്നു് ഇപ്പോൾ സങ്കല്പിച്ചിരിക്കുന്ന അൎത്ഥം പരസഹായം അഥവാ പുരുഷസഹായംകൂടാതെ അവരവൎക്കു വേണ്ട സകലകാൎയ്യങ്ങളും അവരവർതന്നെ ചെയ്തു് ഭൎത്താവിനെ ശുശ്രൂഷിക്കുക, കുട്ടികളെ വളൎത്തുക, ഗൃഹംഭരിക്കുക എന്നീ "പ്രാരബ്ധ"ങ്ങളൊന്നും തലയിൽ വലിച്ചിടാതെ കഴിച്ചുകൂട്ടുക എന്നാണു്. ഈ ഒരു മനോഗതി സ്ത്രീകൾക്കുണ്ടാകുന്നതു് അവരുടെ "സ്വാതന്ത്ര്യേച്ഛ"ക്കു പകരം അവരുടെ "സ്വാൎത്ഥ"ത്തെയാണു കാണിക്കുന്നതെന്നു ഗാഢമായി ആലോചിച്ചാൽ ആൎക്കും മനസ്സിലാകുന്നതാണു്. ഉത്തമമായ രീതിയിൽ ഭരിച്ചുവരുന്ന ഒരു ഗൃഹത്തിൽ താമസിക്കുമ്പോളുണ്ടാകുന്ന ആ ആനന്ദവും, തൃപ്തിയും, മനോവികാസവും മറ്റും വേറെ ഒരു ജീവിതത്തിൽനിന്നും ലഭ്യമല്ല. ഭൎത്തൃശുശ്രൂഷണം എങ്ങിനെ സ്വാതന്ത്ര്യത്തിന്നു വിഘാതമാകുമെന്നു് എത്ര ആലോചിട്ടും എനിക്കു മനസ്സിലാകുന്നില്ല. പുരുഷന്മാർ എത്രതന്നെ സ്ത്രീ സ്വാതന്ത്ര്യത്തിന്നു വിരോധികളായിരുന്നാലും, അവർ എത്രതന്നെ സ്വാൎത്ഥികളായാലും, അവരുടെ ഭാൎയ്യമാർ സ്വധൎമ്മം നല്ലപോലെ അറിഞ്ഞു് അതിന്നനുസരിച്ചു പ്രവൎത്തിക്കയാണെങ്കിൽ ഭൎത്താക്കന്മാർ ഒരിക്കലും അവരുടെ മഹത്തരങ്ങളായ ഉദ്ദേശങ്ങൾക്കും, കൃത്യങ്ങൾക്കും പ്രതികൂലമാകുവാൻ തരമില്ല. അതുകൊണ്ടു ഭാൎയ്യാപദം സ്വീ

കരിക്കയെന്നതു സ്ത്രീസ്വാതന്ത്ര്യത്തിന്നു വിരുദ്ധമല്ല. യൂറോപ്പിലേതോ ഒരു സ്ഥലത്തു സ്ത്രീകൾക്കു ഭാര്യാപദം സ്വീകരിക്കുവാൻ ഇഷ്ടമില്ലെന്നും, പക്ഷേ അവക്കു കുട്ടികളുണ്ടായാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടെന്നും, ഈ ആഗ്രഹം നിറവേററുവാനായി അവർ എത്രയും നീചമായ പ്രവൃത്തിയിലേർപ്പെട്ടു ഗർഭംധരിച്ചു വരുന്നുണ്ടെന്നും ഞാൻ ഒരു പത്രത്തിൽ വായിച്ചു. എനിക്കു് പറവാനുള്ളതു്, ഇത്രയും സങ്കുചിതവും സ്വാർത്ഥപരവും ആയ മനോഭാവത്തോടുകൂടിയ ഈ സ്ത്രീകളെ ഭാരതീയസോദരിമാക്കു് ഒരു കാലത്തും അനുകരിക്കേണമെന്ന നീചബുദ്ധി തോന്നാതിരിക്കട്ടെ എന്നു മാത്രമാണു്.

ബാലപരിചരണം സ്വാതന്ത്ര്യത്തിന്നു തടസ്സംതന്നെയായിരിക്കാം. എന്നാൽ ഒരു രാജ്യത്തിലെ ഭാവി പൌരന്മാരെ ജനിപ്പിച്ചു് അവരെ ഉത്തമപൌരന്മാർ, അഥവാ മാതൃകാപൌരന്മാരാക്കി സ്വരാജ്യത്തിന്റെ, തന്മൂലം ലോകത്തിന്റെ തന്നെ, അഭിവൃദ്ധിക്കും വികാസത്തിന്നും കാരണമാക്കിത്തീക്കുവാൻവേണ്ടി നമ്മുടെ സ്വാതന്ത്ര്യത്തെ അല്പമെങ്കിലും ഉപേക്ഷിക്കുവാൻ തയ്യാറില്ലെങ്കിൽ പിന്നെ നാം സ്ത്രീ എന്ന ആ പുണ്യനാമത്തിനു തന്നെ അഹ്ഹരാണോ? പരമോൽകൃഷ്ടമായ കൎത്തവ്യാചരണത്തിനുവേണ്ടി യത്നിക്കുന്നതുകൊണ്ടു നമ്മുടെ സ്വാത്ഥപരമായ ഉദ്ദേശങ്ങൾക്കു തടസ്സം നേരിടുമെങ്കിലും, അതൊരിക്കലും നമ്മുടെ ശരിയായ സ്വാതന്ത്ര്യത്തിന്നു കുറവു വരുത്തുന്നില്ല.

ഇത്രയും പറഞ്ഞതുകൊണ്ടു സ്ത്രീകൾ ഗൃഹിണീധമ്മവും ഭാര്യാപദവും, മാതൃപദവും സ്വീകരിച്ചു് യാതൊരു പൊതുകായ്യങ്ങളിലും മേപ്പെടാതെ ജീവിതം നയിക്കേണമെന്നു് ഞാൻ ആഗ്രഹിക്കുന്നതായോ അനുശാസിക്കുന്നതായോ ധരിക്കരുതു്. ഗൃഹാന്തർഭാഗം മാത്രം കണ്ടു ബാഹ്യലോകത്തിൽ എന്തെല്ലാം കായ്യങ്ങൾ നടക്കുന്നുണ്ടെന്നും അവയിൽ നമ്മുടെ സ്ഥാനവും ചുമതലകളും എന്താണെന്നും അറിയാതെ ജീവിതം നയിക്കുന്ന സ്ത്രീകൾ ഒരിക്കലും മാതൃകാസ്ഥാനത്തെ അഹ്ഹിക്കുന്നില്ല. ഗൃഹത്തിലെന്നപോലെ തന്നെ ഗൃഹത്തിനു പുറമെയും പുരുഷന്മാക്കെന്നപോലെ സ്ത്രീകൾക്കും വളരെ പ്രാധാന്യമേറിയ ഒരു സ്ഥാനമുണ്ടെന്നു നാം സദാ ഓക്കണം. നാം സൃഷ്ടിച്ച പൌരന്മാരെ നമ്മുടെ മേൽനോട്ടവും നമ്മുടെ ഉപദേശങ്ങളും മററും കൂടാതെ വിഷമമേറിയ ജീവിത പഥത്തിലൂടെ സഞ്ചരിക്കുവാൻ വിടുന്നതു് കഷ്ടമല്ലേ? അതിന്നും പുറമേ ധനിക കുടുംബങ്ങളിലല്ലെങ്കിലും നിത്യവൃത്തി ഒരു വിധം സുഖമായി കഴിക്കുവാനും, വിദ്യാഭ്യാസം സിദ്ധിപ്പാനും സാധിക്കുന്ന നാം യാതൊരുവിധ സംസ്കാരത്തിന്നും, വിദ്യാസമ്പാദനത്തിന്നും മാഗ്ഗമില്ലാതെ നിത്യവൃത്തി

ക്കും കൂടി വളരെ ബുദ്ധിമുട്ടായി, പലവിധനിയവൃത്തികളിലും ഏൎപ്പെട്ടു ജീവിതം പാഴാക്കിക്കളയുന്ന നമ്മുടെ സാധുസഹോദരിമാർ രാജ്യത്തിന്റെ നാനാഭാഗത്തും ഉണ്ടെന്നും അവരെ സഹായിക്കേണ്ടതു് നമ്മുടെ കടമയാണെന്നും ഒരു കാലത്തും വിസ്മരിക്കുവാൻ പാടുള്ളതല്ല. പ്രത്യേകിച്ചു നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യ സമ്പാദനത്തിന്നും തന്മൂലമുണ്ടാകുന്ന ദാരിദ്ര്യോന്മൂല നാശത്തിന്നും വേണ്ടിയുള്ള ഇന്നത്തെ ഘോര സമരത്തിൽ സ്ത്രീകൾക്ക് ഏററവും പ്രധാനമായ ഒരു കടമയുണ്ടെന്നും നാം ഒരിക്കലും വിസ്മരിക്കരുതു് കഴിഞ്ഞ സഹനസമര പ്രസ്ഥാനം ഇത്രത്തോളം വിജയകരമാകുവാനുള്ള കാരണം സ്ത്രീകൾ ചെയ്ത മഹാത്യാഗങ്ങളാണെന്ന് എല്ലാവരും ഒരുപോലെ തല കുലുക്കി സമ്മതിക്കുന്നുണ്ടല്ലോ. എന്നാൽ ഇതോടുകൂടി സ്ത്രീകളുടെ ചുമതല അവസാനിച്ചിട്ടില്ല. ഇതിലും ദുർഘടമായ ഒരു ഭാവിയാണു നമുക്കുള്ളതു്. ആ ദുർഘടങ്ങളെ നമ്മുടെ ഭാരതമാതാവിന്നു് തരണം ചെയ്തു് പൂൎണ്ണവിജയം നേടുവാൻ നാമെല്ലാവരും ഒത്തൊരുമിച്ചു് പ്രവൎത്തിക്കുവാൻ ഒരുങ്ങിയിരിക്കേണ്ടതാണ്.

ഇപ്രകാരം ഗൃഹം, സമുദായം, രാജ്യം, ലോകം എന്നീ വിഭാഗങ്ങളിലോരോന്നിലും സ്ത്രീകൾക്കു ചില പ്രത്യേകധൎമ്മങ്ങളുണ്ടു്. ആ ധൎമ്മങ്ങളെ യഥാവിധി, നമ്മുടെ ശക്തിക്കും, പ്രാപ്തിക്കുമനുസരിച്ചു്, ആചരിക്കുന്നതിൽ നാം എപ്പോഴും ബദ്ധശ്രദ്ധരായിരിക്കേണ്ടതാണ്. ഈ വിധത്തിൽ അവരവരുടെ കടമകളെ ശരിയായി നിൎവ്വഹിച്ചാൽ മാത്രമേ ജീവിതം ഉത്തമരീതിയിൽ, നയിച്ചുവെന്നും തൃപ്തിപ്പെടുവാൻ പാടുള്ളൂ. എന്നാൽ ഈ അവസരത്തിൽ ഒരു സംഗതി പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്. ഓരോ ഗൃഹത്തിന്റേയും, സമുദായത്തിന്റേയും രാജ്യത്തിന്റേയും സ്ഥിതിഗതികൾ തമ്മിൽ വളരെ വ്യത്യസ്തങ്ങളായിരിക്കുന്നതുകൊണ്ടു ഒരു ഗൃഹത്തിന്നോ ഒരു രാജ്യത്തിന്നോ യോജിച്ച കൃത്യങ്ങൾ മറെറാരു ഗൃഹത്തിലേയോ രാജ്യത്തിലേയോ വ്യക്തികൾക്കു തീരെ യോജിക്കാതെ വരുവാനാണു എളുപ്പം. അതുകൊണ്ടു പാശ്ചാത്യദേശങ്ങളിലെ സ്ത്രീകളെ ഭാരതീയസ്ത്രീകൾ അനുപദം അനുകരിക്കുവാൻ ശ്രമിക്കുന്നതിൽ പരം വിഡ്ഢിത്തം മറെറാന്നില്ല. നാം എന്തിന്നു പാശ്ചാത്യരെ അനുകരിക്കുവാൻ ശ്രമിക്കുന്നു? ഭാരതസംസ്കാരത്തേക്കാൾ മഹത്തരമായ, അനുകരണീയമായ, ഒരു സംസ്കാരം ലോകത്തിൽ ഒരു സ്ഥലത്തുനിന്നും നമുക്കു ലഭിക്കുമെന്നു തീരെ ആശിക്കേണ്ട. നമ്മുടെ സംസ്കാരംതന്നെയാണു നമുക്കു യോജിച്ചതു്. പുരാണേതിഹാസങ്ങളിലും വേദശാസ്ത്രാദികളും, മററു മതഗ്രന്ഥങ്ങളിലും നിൎദ്ദേശിച്ചുതന്നിട്ടുള്ള ആ സംസ്കാരം ആധുനികസ്ഥിതിക്കു യോജിച്ചതല്ലെന്നു ചിലൎക്കു് സംശയമുണ്ടു്. എന്നാൽ ഇതു എത്ര

യോ തെററായ ഒരു ധാരണയാണെന്നു ഭാരതീയമാതൃകാസ്ത്രീരത്നങ്ങളുടെ ചരിത്രം ആദ്യംമുതൽ പരിശോധിച്ചുനോക്കിയാൽ മനസ്സിലാകും. ശാസ്ത്രങ്ങളിലും മററും വിധിച്ചിട്ടുള്ള ആ സംസ്കാരം ഇക്കാലത്തേക്കു യോജിച്ചതല്ലെന്നു തെററിദ്ധരിക്കുവാനുള്ള കാരണം, ആ സംസ്കാരം എന്താണെന്നു നാം നല്ലവണ്ണം മനസ്സിലാക്കാത്തതാണ്. അതിനാൽ ഭാരതമാതാവിന്റെ ഉത്തമസന്താനങ്ങളാകേണമെന്നാഗ്രഹിക്കുന്ന നാമെല്ലാവരും ഈ സംസ്കാരത്തെ നമ്മുടെ മനോവികാസംകൊണ്ടും, പ്രവൃത്തികൾകൊണ്ടും നിലനിർത്തിപ്പോരുവാൻ ശ്രമിക്കണം. അതാണു നമ്മുടെ ഏററവും മഹനീയമായ കടമ. അതു നിറവേററാതിരിക്കുന്നതുകൊണ്ടാണ് ഇന്നു ഭാരതസ്ത്രീജനം, ഭാരതവർഷംതന്നെ, ഇത്ര ശോചനീയമായ ഒരു സ്ഥിതിയെ പ്രാപിച്ചിരിക്കുന്നതു്. അതുകൊണ്ടു നാം ഇനിമേലിലെങ്കിലും നമ്മുടെ രാജ്യത്തിന്റെ ഗുണത്തിനു അല്പമെങ്കിലും കാംക്ഷിക്കുന്നുണ്ടെങ്കിൽ അന്യരാജ്യങ്ങളിലെ സ്ത്രീലോകത്തെ അന്ധരായി അനുകരിക്കുകയല്ലാ വേണ്ടതു്; "ഇന്ത്യയും, ഇന്ത്യയിലുള്ള സകലതും ഇന്ത്യക്കാരുടെ ജന്മസ്വത്തെന്നപോലെ കരുതി നാം ഓരോരുത്തരും ജീവിതം നയിക്കുകയാണ്, വേണ്ടതെന്നു ഞാൻ സവിനയം എന്റെ എല്ലാ സഹോദരിമാരെയും ഓർമ്മിപ്പിച്ചുകൊള്ളുന്നു."

ശ്രീമതി ടി. സി, കൊച്ചുകുട്ടിയമ്മ ബി. എ. എൽ. ടി.

---

# കൌടിലത്തിന്റെ വിജയം.

(ഷാജിഹാൻ എന്ന ബങ്കാളി നാടകത്തിലെ ഒരു രംഗം)

(തുടർച്ച.)

ജാഹനാര:— നില്ക്കുവിൻ! എന്റെ കല്പനയാണ്. പോകരുതു്, നില്ക്കുവിൻ. ഞാൻ ഇവിടെ വന്നിട്ടുള്ളതു നിങ്ങളുടെ അടുക്കൽ നിഷ്ഫലമായി വിലപിക്കുവാനല്ല. എന്റെ സ്വന്തം ദുരവസ്ഥയെ നിങ്ങളെ അറിയിച്ചു നിവൃത്തിനേടുവാനുമല്ല ഞാൻ വന്നിട്ടുള്ളതു്. സ്ത്രീ സഹജമായ നാണവും മാനവും സങ്കോചവും എല്ലാം വെടിഞ്ഞു ഞാൻ ഇവിടെ വന്നിട്ടുള്ളതു് എന്റെ വൃദ്ധനായ പിതാവിനുവേണ്ടിയാണ്. കേൾക്കുവിൻ! ഞാൻ പറയുന്നതു ഒന്നു കേൾക്കുവിൻ:

എല്ലാവരും:— രാജകുമാരി അരുളിച്ചെയ്യണം.

ജാഹനാര:— ഞാൻ നിങ്ങളെ നേരിട്ടുകണ്ടു ഒരുകാര്യം ചോദിക്കുവാൻ

വന്നിരിക്കയാണ്:— നിങ്ങൾക്കു നിങ്ങളുടെ വീരനും ദയാലുവും പ്രജാവത്സലനുമായ ആ ഷാജിഹാൻ ചക്രവർത്തിയോ വേണ്ടതു്, അതോ, വഞ്ചകനും, പിതൃദ്രോഹിയും, പരസ്വാപഹാരിയുമായ ഈ അറംഗസീബോ വേണ്ടതു്? ഇപ്പോഴും ധർമ്മം ലോകത്തിൽനിന്നും തീരെ മാഞ്ഞുപോയിട്ടില്ലെന്നു നിങ്ങൾ മനസ്സിലാക്കണം. സൂൎയ്യചന്ദ്രന്മാർ ഇപ്പോഴും ഉദിക്കുന്നുണ്ടു്. പിതൃപുത്രസംബന്ധം ഇപ്പോഴും നിലനില്ക്കുന്നുണ്ടു്. അതെല്ലാം ഇന്നു, ഒരൊററ ദിവസംകൊണ്ടു ഒരുത്തന്റെ പാപപ്രവൃത്തിയുടെ ഫലമായി കീഴ്മേൽ മറിഞ്ഞുപോകുമെന്നു നിങ്ങൾ കരുതുന്നുണ്ടോ?;— അതൊരിക്കലുമില്ല. കയ്യൂക്കിന്റെ മുഷ്ക്കു ഇത്രമേൽ മൂത്തുവോ?— അതിന്റെ വിജയദുന്ദുഭി പവിത്രമായ തപോവനത്തിന്റെ സമാധാനപൂൎണ്ണമായ ശാന്തിയെക്കൂടി ഭഞ്ജിക്കുവാൻ മുതിരുകയോ! അധൎമ്മത്തിന്റെ ധിക്കാരം ഇത്രഅധികം മുഴുത്തുവോ?,— സ്നേഹം, ദയ, ഭക്തി മുതലായ മഹനീയഭാവങ്ങളുടെ മനോഹര വക്ഷസ്സിൽക്കൂടെ, രക്തത്തിൽ മുഴുകി മഹാബീഭത്സമായ അതിന്റെ തേർ തെളിക്കുകയോ?— നിങ്ങളെന്തു പറയുന്നു?— അറംഗസീബിനെ നിങ്ങൾ ഭയപ്പെടുന്നുവോ? ആരാണ് ഈ അറംഗസീബ്? അയാളുടെ ഇരുകൈകളിൽ എത്രമാത്രം ബലമുണ്ടു്? നിങ്ങളാണ് അയാളുടെ ബലം. നിങ്ങൾ വിചാരിച്ചാൽ അയാളെ ഈ സ്ഥാനത്തുനിന്നു വലിച്ചിഴച്ചു വൻകുഴിയിൽ വീഴ്ത്തുവാനും കഴിയും. ഷാജിഹാൻ ചക്രവൎത്തിയെ നിങ്ങൾ ഇപ്പോഴും സ്നേഹിക്കുന്നുണ്ടെങ്കിൽ— കിഴവനാണെന്നുവെച്ചു കേസരിവീരനെ കാലുകൊണ്ടു ചവിട്ടുവാൻ നിങ്ങൾ കരുതുന്നില്ലെങ്കിൽ— നിങ്ങൾ മനുഷ്യരാണെങ്കിൽ— പറയുവിൻ, "ഷാജിഹാൻ ചക്രവൎത്തി സൎവ്വോൽകൎഷേണ വൎത്തിക്കട്ടെ!" എന്നു ഐകകണ്ഠ്യേന ഉൽഘോഷിക്കുവിൻ. അറംഗസീബിന്റെ കയ്യിൽനിന്നു ഉടനെ ചെങ്കോൽ ഇഴുകിവീഴുന്നതു അപ്പോൾ നിങ്ങൾക്കു കാണാം.

എല്ലാവരും:— ഷാജിഹാൻ ചക്രവൎത്തി സൎവ്വോൽകൎഷേണ വൎത്തിക്കട്ടെ!

ജാഹനാര:— കൊള്ളാം. ഇതാണ് നിങ്ങൾക്കു ഉചിതമായ പ്രവൃത്തി: എന്നാൽ ഇനി—

അറംഗസീബ്:— (സിംഹാസനത്തിൽ നിന്നു ഇറങ്ങീട്ടു്.) ശരി! എന്നാൽ ഇതാ ഈ ക്ഷണത്തിൽ തന്നെ ഞാൻ സിംഹാസനത്തെ ഉപേക്ഷിച്ചിരിക്കുന്നു. സഭാസ്ഥരേ! എന്റെ പിതാവായ ഷാജിഹാൻ രോഗിയും രാജ്യഭരണത്തിനു അശക്തനുമാണ്. അദ്ദേഹം ഭരണത്തിനു സമൎത്ഥനായിരുന്നെങ്കിൽ ഞാൻ ദക്ഷിണാപഥം വിട്ടു ഇവിടെ വരേണ്ടു യാതൊരാവശ്യവുമില്ലായിരുന്നു. രാജ്യത്തിന്റെ ചെങ്കോൽ ഷാ

ജിഹാൻെറ കയ്യിൽ നിന്നല്ല ദാറായുടെ കയ്യിൽ നിന്നാണ് ഞാൻ എടുത്തിട്ടുള്ളതു്. പിതാവു പണ്ടത്തെപ്പോലെ സുഖമായും സ്വൈരമായും ആഗ്രായിലെ അരമനയിൽ പാൎക്കുന്നുണ്ടു്. ദാറാ ചക്രവൎത്തിയായിരിക്കണമെന്നാണ് നിങ്ങൾക്കെല്ലാം ആഗ്രഹമെങ്കിൽ അതു പറയുവിൻ. ഞാൻ ഈ ക്ഷണത്തിൽ തന്നെ അദ്ദേഹത്തെ വിളിച്ചുകൊണ്ടുവരുവാൻ ആളയച്ചുകൊള്ളാം. എന്തിനു ദാറാ? മഹാരാജാവായ യശോവന്ത സിംഹനാണ് ഈ സിംഹാസനത്തിന്മേൽ ഇരിക്കുവാൻ ആഗ്രഹിക്കുന്നതെങ്കിൽ അദ്ദേഹം ഇപ്പോൾ തന്നെ ഇതിന്മേൽ കയറിഇരുന്നു കൊള്ളട്ടെ. അതല്ല. ജയസിംഹമഹാരാജാവോ മററാരെങ്കിലുമോ ഗൌരവമേറിയ ഈ ഭരണത്തിൻെറ ചുമതല കയ്യേൽക്കുവാൻ തയ്യാറുണ്ടെങ്കിൽ അതിലും എനിക്കു വിരോധമില്ല. ഒരു വശത്തു ദാറാ, മററൊരുവശത്തു ഷൂജാ, ഇനിയൊരു വശത്തു മൊറാദ് ഈ പ്രബല ശത്രുക്കളേയും ചുമലിൽ ഏന്തിക്കൊണ്ടു ആരെങ്കിലും ഈ സിംഹാസനത്തിന്മേൽ ഇരിക്കുവാൻ മോഹിക്കുന്നുണ്ടെങ്കിൽ ഇരുന്നുകൊള്ളട്ടെ. നിങ്ങളുടെ അനുവാദവും അപേക്ഷയും അനുസരിച്ചാണ് ഞാൻ ഇവിടെ ഇരിക്കുന്നതെന്നായിരുന്നു എൻെറ വിശ്വാസം. ഈ സിംഹാസനം എനിക്കൊരു സമ്മാനമാണെന്നു നിങ്ങളാരും കരുതേണ്ട ഇതു എനിക്കൊരു ശിക്ഷയാണ്. ഞാൻ ഇരിക്കുന്നതു സിംഹാസനത്തിന്മേലല്ല, വെടിമരുന്നിൻെറ കുന്നിന്മേലാണ്. അതിനും പുറമേ, ഇതിനു പുറപ്പെട്ടതുകൊണ്ടു എൻെറ മക്കത്തേക്കുള്ള യാത്രകൂടി മുടങ്ങി. നിങ്ങൾക്കു ഇഷ്ടമാണെങ്കിൽ ദാറാ സിംഹാസനത്തിൽ ഇരിക്കട്ടെ. ഹിന്ദുസ്ഥാനം വീണ്ടും അരാജകവും അധൎമ്മ സങ്കുലവും ആയിത്തിരട്ടെ — ഞാൻ ഇന്നു തന്നെ മക്കത്തേക്കു പെട്ടുളയാം. അതെനിക്കു പരമാനന്ദമാണ്; പറയുവിൻ, എന്താണ് നിങ്ങളുടെ ഇഷ്ടമെന്നു പറയുവിൻ.

(എല്ലാവരും സ്തബ്ധരായി നില്ക്കുന്നു.)

അറംഗസീബ്:— ഇതാ ഞാൻ എൻെറ കിരിടം സിംഹാസനത്തിൻെറ കാൽക്കൽ വെച്ചിരിക്കുന്നു. ചക്രവൎത്തിയുടെ പ്രതിപുരുഷനായിട്ടാണു ഞാൻ ഈ സിംഹാസനത്തിൽ ഇരുന്നതു്. അതും അധികനാളത്തേക്കു വേണമെന്നു എനിക്കു വിചാരമില്ലായിരുന്നു. ദാറായുടെ ദുർഭരണം മൂലം നേരിട്ട കുഴപ്പങ്ങളെ തീൎത്തു് സാമ്രാജ്യത്തിൽ സമാധാനത്തെ പുനഃസ്ഥാപിച്ചതിനുശേഷം നിങ്ങൾ നിർദ്ദേശിക്കുന്ന ആളുടെ കയ്യിൽ രാജ്യത്തിൻെറ ഭരണഭാരം സമൎപ്പിച്ചു മക്കത്തേക്കു പോകണമെന്നേ എനിക്കു മോഹമുണ്ടായിരുന്നുള്ളൂ. ഞാൻ ഇവിടെ ഇരിക്കുന്നുണ്ടെങ്കി

ലും എന്റെ മനസ്സെല്ലാം ആ പുണ്യസ്ഥലത്താണ്. ഞാൻ ജാഗ്രത്തിൽ ചിന്തിക്കുന്നതും നിദ്രയിൽ സ്വപ്നം കാണുന്നതും എന്റെ ജീവിതൈകലക്ഷ്യമായ ആ മഹാതീർത്ഥയാത്രയെത്തന്നെയാണ്. നിങ്ങളുടെ ആഗ്രഹം ഇതാണെങ്കിൽ ഇന്നുതന്നെ ഞാൻ രാജ്യഭരണം ഉപേക്ഷിച്ചു മക്കത്തേയ്ക്കു പൊയ്ക്കൊള്ളാം. അതെനിക്കു പരമഭാഗ്യമാണ്. എന്റെ കാര്യത്തെപ്പററി നിങ്ങൾ ഒന്നുംതന്നെ ആലോചിക്കേണ്ട; നിങ്ങളുടെ സ്വന്തം ഗുണംമാത്രം നിങ്ങൾ നോക്കിയാൽമതി. നിങ്ങൾക്കു മർദ്ദനമോ ഭരണമോ ആവശ്യമെന്നു പറയുവിൻ. ഇനി എന്തായാലും നിങ്ങളുടെ ഇഷ്ടത്തിന്നു വിരുദ്ധമായി ഈ ചെങ്കോൽ ഞാൻ തൊടുകയില്ല. നിങ്ങൾ ആവശ്യപ്പെട്ടാലും ഇവിടെ താമസിച്ച് ദാറായുടെ അക്രമപൂർണ്ണമായ ദുർഭരണത്തെ കണ്ടുകൊണ്ടിരിപ്പാൻ ഞാൻ വിചാരിക്കുന്നുമില്ല. നിങ്ങൾ എന്താണു ആഗ്രഹിക്കുന്നത്? പറയുവിൻ—മഹമ്മദ്! നീ പോയി മക്കത്തേയ്ക്കുള്ള യാത്രയ്ക്കു വേണ്ട ഒരുക്കങ്ങൾ ചെയ്യുക.—കേൾക്കട്ടെ, എന്താണു നിങ്ങളുടെ അഭിപ്രായം?

എല്ലാവരും:—അറംഗസീബ് ചക്രവർത്തി സർവ്വോൽക്കർഷേണ വർത്തിക്കട്ടെ!

അറംഗസീബ്:—ശരി, കൊള്ളാം. നിങ്ങളുടെ അഭിപ്രായം മനസ്സിലായി. ഇനി നിങ്ങൾ പുറത്തേയ്ക്കു പോകുവിൻ! എന്റെ സഹോദരിയെ—ഷാജിഹാന്റെ പുത്രിയെ—അപമാനിക്കാതിരിക്കുവിൻ.

(അറംഗസീബും ജാഹനാരയും ഒഴികെ മറെറല്ലാവരും പോകുന്നു)

ജാഹനാര:—അറംഗസീബേ!

അറംഗസീബ്:—ജ്യേഷ്ഠത്തി!

ജാഹനാര:—ആശ്ചര്യം! അറംഗസീബ്! നീ അതിസമർത്ഥൻ! നിന്നെ പ്രശംസിക്കാതിരിക്കുവാൻ എനിക്കു തോന്നുന്നില്ല. ഇത്രയും നേരം ഞാൻ അത്ഭുതപരവശയായി ഒരക്ഷരവും സംസാരിക്കുവാൻ ശക്തയല്ലാതെ അമ്പരന്നു നിന്നുകൊണ്ടു നിന്റെ ഇന്ദ്രജാലം കാണുകയായിരുന്നു. എന്റെ മയക്കംമാറി നോക്കുമ്പോൾ എനിക്കുള്ളതെല്ലാം ഇതാ നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ആശ്ചര്യം! അത്യാശ്ചര്യം!!

അറംഗസീബ്:—ഞാൻ ഇതാ സത്യം ചെയ്യുന്നു, അള്ളായുടെ പരിശുദ്ധനാമത്തിൽ ഇതാ ഞാൻ സത്യം ചെയ്യുന്നു: ഞാൻ ചക്രവർത്തിയായി വാഴുന്നിടത്തോളം കാലം ജ്യേഷ്ഠത്തിക്കും പിതാവിന്നും യാതൊരു സംഗതിയിലും കുറവുവരുത്തുന്നതല്ല.

ജാഹനാര:—ഞാൻ വീണ്ടും പറയുന്നു, അത്യാശ്ചര്യം! അത്യാശ്ചര്യം!!

കർട്ടൻ വീഴുന്നു.

പണ്ഡിതർ ആർ. സി. ശർമ്മാ.

# ഷാജ്ഹാൻ "ടാജ്" സ്വപ്നം കാണുന്നതു്. *

ദിനാന്തസൂൎയ്യന്റെ ദീപ്തിലേശം ദിങ്മുഖത്തിൽനിന്നു് അപ്പോഴും മാഞ്ഞിട്ടില്ല. മേഘമാലകളുടെ പിറകിൽ ബാലചന്ദ്രൻ പൊങ്ങിത്തുടങ്ങി. യമുനാനദിയുടെ സൈകതത്തിൽക്കൂടി ചക്രവൎത്തി വിചാരമഗ്നനായി സവാരി ചെയ്യുകയാണു്. ആഴ്ചകളും, അല്ലാ മാസങ്ങളും, കടന്നുപോയി, ഒന്നുപോലെയായിരുന്ന രണ്ടാളുകളുടെ ഭയാനകമായ ആ നിത്യവിയോഗം സംഭവിച്ചിട്ടു്. ആ വട്ടക്കെട്ടിയ വ്രണത്തിന്റെ വേദനയാൽ ഹൃദയം ഇപ്പോഴും പിടയ്ക്കുന്നു; എന്നിട്ടും ശാന്തത ഉദയോന്മുഖമായിത്തന്നെയിരിക്കുന്നു. വേദനയുടേയും സ്വാസ്ഥ്യത്തിന്റേയും ഒരു പോക്കുളമാണു് നാം ഹൃദയത്തിൽ കാണുന്നതു്. അതാ, നദിയുടെമറുകരയിൽ അനതിദൂരസ്ഥമായി ഒരു ശ്മശാനമുണ്ടു്; അവളുടെ ശ്മശാനം. ഓ, നദിപ്രവാഹമേ!, ഓ, ശ്മശാനമേ! ഈ രാത്രിയിൽ എത്രമാത്രം ഹിമശീതളമായിരിക്കുന്നു, ഈ ഹൃദയകുടാരം! ചന്ദ്രൻ അസ്തമിക്കുമ്പോഴും, ലോകം അന്ധകാരത്തിന്റെ നിഗ്രൂഢതയാൽ വലയിതമാകുമ്പോഴും, പ്രേമസുധാസിക്തമായ ഹൃദയത്തിനു്, അവളുടെ ഉജ്ജ്വലമായ സാരിയുടെ തുമ്പുകളായിത്തോന്നിക്കുന്ന ആശീതളമായ ശിലകളെ, ആ നിശ്ശബ്ദമായ ഭൂമിയെ, രാഗാന്വിതമായ അധരങ്ങളാൽ ഗാഢഗാഢം ചുംബിക്കുന്നതിനു് ആ നദീഘട്ടത്തെ തരണം ചെയ്തു ഷാജ്ഹാൻ അവിടെ ഇറങ്ങാറുണ്ടു്. നിരാശയും പ്രത്യാശയും അപ്പോൾ അദ്ദേഹത്തെ കീഴടക്കിയിരിക്കണം. അതാ, അദ്ദേഹം പ്രാൎത്ഥിക്കുന്നു. ഒരു മാഹമ്മദചക്രവൎത്തിയുടെ ഗാംഭീൎയ്യത്തോടും പ്രാഭവത്തോടും കൂടി ആനതമൌലിയായി, അചഞ്ചലങ്ങളായ കൈകളാൽ കടിഞ്ഞാൺ നിയന്ത്രിച്ചുകൊണ്ടു് ചിന്താവിഷ്ടനായി അദ്ദേഹം കുതിരപ്പുറത്തു് അങ്ങോട്ടു ഇങ്ങോട്ടും സവാരിചെയ്യുന്നു. തന്റെ ദൃഢമായ മതവിശ്വാസത്തിന്റെ ആശ്വാസദായകമായ തണുത്ത കരങ്ങളുടെ സാന്നിദ്ധ്യം അദ്ദേഹത്തിന്റെ ജീവിതത്തിൽ അനുഭവവേദ്യമായിത്തുടങ്ങി. ആ വെണ്ണക്കല്ലിന്റെ പ്രകാശം വിശ്രമത്തെപ്പററി അദ്ദേഹത്തോടുമന്ത്രിച്ചു. അവൾ അജ്ഞാതമായ അപാരതയിയിൽ വിലയം പ്രാപിച്ചു. സിംഹാസനത്തിനുപോലും അവളെ ഇനി ഉയൎത്തുവാൻ സാധിക്കയില്ല. അഹോ! നൈമിഷികജീവിതമായ പ്രപഞ്ചത്തിന്റെ തളൎച്ച, വേദന, മത്സരം, നിൎഭ്ഭാഗ്യം!! പ്രേമവും ആൎദ്രതയും ആകുന്ന ചിറകുകൾ വിരുത്തിക്കൊണ്ടു പറന്നുവന്ന ഒരു ശുഭ്രപക്ഷിയേപ്പോലെ, അപാരതയിൽനിന്നു ആഗതമായ ആ ആത്മാവു്, ദൈവത്തിന്റെ

* ശ്രീയുത നന്ദലാൽ ബാസിന്റെ ഒരു ആലേഖ്യം

വിശാലമായ വക്ഷസ്സിലേക്കു പറന്നുപോയി. ഈ പൊടിയുടെ സാന്നിദ്ധ്യം വാസ്തവത്തിൽ ഒരു സംവാദമാണു്. ഗൃഹത്തിലെ മംഗലദീപം അണഞ്ഞുപോയി; പക്ഷേ, ദൈവസന്നിധിയിൽ അതിലും പ്രകാശമാനമായ ഒരു ദീപം ജ്വലിക്കുന്നില്ലേ? ആ പത്നി, ആ മാതാവു്, ആ രാജ്ഞി, അവർ പോയിക്കഴിഞ്ഞു. പക്ഷേ, ദൈവപാദങ്ങളിൽ നമ്രശിരസ്കമായി ഒരു ആത്മാവു് ഭൂമിയിലുള്ള തന്റെ പ്രേമസർവ്വസ്വത്തിന്നു വേണ്ടി പ്രാർത്ഥിക്കുന്നുണ്ടു്.

വി. രാമനുണ്ണിമേനോൻ.

# ശ്രീഗൌരാംഗദേവന്റെ വിശ്വപ്രേമം.

## 1

വംഗജനനിയുടെ ശ്യാമളകോമളസ്നിഗ്ദ്ധമായ അങ്കതലത്തിൽ, ഭക്തിയുടെ അവതാരമായ ശ്രീഗൌരാംഗദേവൻ പ്രകടിപ്പിച്ച അപൂർവ്വ പ്രേമമയലീലയെ സംക്ഷിപ്തമായി ചർച്ചചെയ്യുന്നു.

ആ അപൂർവ്വപ്രേമലീല, ബംഗാളിലെ പ്രസിദ്ധഭക്തകവി ഗോസ്വാമികൃഷ്ണദാസകവിരാജന്റെ അമരകാവ്യമായ 'ചൈതന്യ ചരിതാമൃത'ത്തിൽ പ്രദർശിപ്പിച്ചിട്ടുള്ളതിനു തുല്യമായി വേറൊരിടത്തും കാണാൻ സാധിക്കയില്ല. ഈ പ്രേമലീലാവർണ്ണനത്തിന്റെ ഭൂമികയിൽ കവിരാജഗോസ്വാമി പറയുന്നതു ഇങ്ങിനെയാണു്.

“ശ്രീഗൌരാംഗദേവൻ, കലിഹതന്മാരും ത്രിതാപക്ലിഷ്ടന്മാരുമായ മനുഷ്യരെ ആകമാനം പ്രേമപ്രവാഹത്തിൽ ആറാടിച്ചു കൃതാർത്ഥരാക്കുന്നതിനുവേണ്ടി തന്റെ നിത്യസിദ്ധരായ പരിവാരങ്ങളോടുകൂടി അവതരിച്ചു സ്വയം ഭക്തിഭാവത്തെ പരിഗ്രഹിച്ചു. നിത്യാനന്ദൻ ഭക്തരൂപത്തിൽ ആവിർഭവിച്ചു. അദ്വൈതാചാര്യൻ ഭക്താവതാരമായി പ്രകാശിച്ചു. ശ്രീനിവാസൻ തുടങ്ങി അസംഖ്യം ഭക്തന്മാർ ആരാധകഭക്തന്മാരായിട്ടു് ആ പ്രേമലീലയിൽ ചേർന്നു. ഗദാധരൻ, സ്വരൂപൻ മുതലായ അന്തരംഗഭക്തന്മാർ മഹാപ്രഭുവിന്റെ ശക്തിരൂപത്തിലും അവതരിച്ചു.

ഈ അഞ്ചു പ്രകാരമാകുന്ന പഞ്ചതത്വം. ഭഗവത്ഭക്തി, അഥവാ വിശ്വജനീനപ്രേമം, അതിനെ സ്വയം ആസ്വദിച്ചു ലോകത്തെ ആസ്വദിപ്പിക്കുന്നതിനുവേണ്ടി, ഭഗവാൻതന്നെ ഭക്തരൂപത്തിൽ ശ്രീഗൌരാംഗ മൂർത്തിയിൽ അവതരിച്ചു. ഇതത്രേ ഗൌഡദേശത്തിലുള്ള വൈഷ്ണവന്മാരുടെ സിദ്ധാന്തം.

ജ്ഞാനത്തിൽനിന്നു മനുഷ്യർക്കു ശാന്തിലഭിക്കാൻ പ്രയാസമാണു്.

യഥാൎത്ഥപ്രേമത്തിൽ മാത്രമേ മാനവാത്മാവു സന്തൃപ്തി പ്രാപിയ്ക്കുയുള്ളു. ശ്രീമദ്ഭാഗവതം മുതലായ ഭക്തിപ്രധാനങ്ങളായ ആൎഷഗ്രന്ഥങ്ങളിൽ ഇതുതന്നെ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

ജ്ഞാനം കൂടാതെ മനുഷ്യനു സൎവ്വവിധമായ ദുഃഖബന്ധങ്ങളിൽനിന്നും നിത്യമുക്തനാകാൻ സാധിക്കയില്ല. ഇതുതന്നെയാണു് ഉപനിഷത്തുകളുടെ സിദ്ധാന്തവും. ഈ സിദ്ധാന്തത്തെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി, ഭാരതത്തിലെ സൎവ്വ പ്രധാനനായ കവിയും ദാൎശനികഋഷിയുമായ വ്യാസമഹൎഷി ബ്രഹ്മസൂത്രമെന്ന വേദാന്തദൎശനത്തെ നിൎമ്മിച്ചതിനുശേഷം, തനിയ്ക്കുതന്നെ ഈ സിദ്ധാന്തത്തിൽ സംതൃപ്തി ലഭിക്കായ്കയാൽ നാരദമഹൎഷിയുടെ ഉപദേശമനുസരിച്ചു ഭക്തിവാദിയാകയും അദ്ദേഹത്തിൻെറ ഉപദേശാനുസാരം, ഭക്തിരസപ്രധാനമായ ശ്രീമദ്ഭാഗവതത്തെ വിരചിക്കയും ചെയ്തു. ഈ സംഗതി ശ്രീമദ്ഭാഗവതത്തിൻെറ ആദ്യഭാഗത്തുതന്നെ വ്യാസമഹൎഷി പറഞ്ഞിരിക്കുന്നു. മഹൎഷി ഭക്തിയെ ഇങ്ങനെ പ്രശംസിക്കുന്നു:— "പ്രഭോ! മാനവന്മാൎക്കു് ആത്യന്തികശ്രേയഃപ്രാപ്തിയ്ക്കു് ഭക്തിയാണു് ഏകമായ ഉപായം. അതായതു, വിശ്വാത്മാവായ അവിടുത്തേക്കുറിച്ചുള്ള സ്നേഹം. പ്രേമലക്ഷണമായ ഈ ഭക്തിയെ ഉപേക്ഷിച്ചു—ഇതിൻെറ അനുശീലനം ചെയ്യാതെ—കേവലം ശുഷ്കവും നിരാകാരവും നിൎവ്വികാരവുമായ അദ്വൈതബ്രഹ്മതത്വത്തിൻെറ ജ്ഞാനത്തെ പരമപുരുഷാൎത്ഥസാധകമെന്നു ധരിച്ചു്, ചിലർ ആ ബോധലബ്ധിയ്ക്കുവേണ്ടി ധ്യാനം, ധാരണ, സമാധി തുടങ്ങിയുള്ള ക്ലേശബഹുലങ്ങളായ സാധനകളെ അനുഷ്ഠിക്കുന്നു; അവരെ സംബന്ധിച്ചു് ഇപ്രകാരമുള്ള സാധനകളുടെ അനുഷ്ഠാനം, പരിണാമത്തിൽ ക്ലേശത്തിനുതന്നെ ഹേതുവാകയും, തദ്വാരാ അവർ, അഭീപ്സിതമായ പരമനിവൃതി പ്രാപിയ്ക്കാൻ അസമൎത്ഥരായിത്തീരുകയും ചെയ്യുന്നു. ധാന്യങ്ങളുടെ ഉള്ളിലുള്ള തണ്ഡുലത്തെ ഉപേക്ഷിച്ചു അവയുടെ ഉമിയെ അവഘ്നുന്നുവെങ്കിൽ ആ തുഷാവഘാതം യാതൊരു ഫലത്തേയും പ്രദാനം ചെയ്കയില്ലെന്നു മാത്രമല്ല ക്ലേശകരം കൂടിയാകുന്നതാണു്. അതുപോലെ ഭക്തിയെ ഉപേക്ഷിച്ചു ജ്ഞാനത്തെ ആശ്രയിച്ചാലും അതു, പരിണാമത്തിൽ നിഷ്ഫലവും ദുഃഖകരവും ആയിത്തീരും." ഭാഗവതശാസ്ത്രത്തിൻെറ സാരസിദ്ധാന്തവും ഇതുതന്നെ. ഈ സിദ്ധാന്തം യുഗയുഗാന്തരങ്ങളിൽ തുടങ്ങി മഹൎഷികളുടെ സമാധിസിദ്ധമായ ഭാഷയിൽ പ്രതിബോധിതമായാലും ഭക്തി എത്രമാത്രം ആനന്ദസ്വരൂപമെന്നും അതിൻെറ ഉദയത്തിൽ, ഈ ലോകത്തിൽ മനുഷ്യൎക്കു മററു യാതൊന്നും സ്പൃഹണീയമായിട്ടില്ലെന്നുമുള്ളതു മനുഷ്യർ ശരിയായി അറിവാൻ ശക്തരാകുന്നില്ല. അതിൻെറ കാര

ണം, ഭക്തിയുടെ മഹിമ അറിയുവാൻ, ആദൎശഭക്തനൊഴികെ മറെറാരുവനും ശക്തനല്ലെന്നുള്ളതുതന്നെ.

ശ്രീഗൌരാംഗദേവന്റെ ആവിൎഭാവത്തിനു മുമ്പു ഭഗവാൻ ഈ ഭാരതത്തിൽ പല പ്രാവശ്യം അവതരിച്ച് അദ്ദേഹത്തിന്റെ ഐശീശക്തിയുടെ പ്രഭാവത്താൽ അധൎമ്മത്തെ നിരാകരിക്കയും കൂടക്കൂടെ ധൎമ്മത്തെ സ്ഥാപിക്കയും ചെയ്തു. ഭക്തിയുടെ യഥാൎത്ഥ മാഹാത്മ്യത്തെ താൻതന്നെ ഭക്തരൂപത്തിലവതരിക്കാതെ പരോക്ഷഭാവത്തിൽ പ്രകാശിപ്പിച്ചെങ്കിലും, പ്രേമഭക്തിപ്രവാഹത്താൽ ലോകം പ്രശോഭിതമായില്ല. തന്മൂലം, ഈ പ്രാവശ്യം ശ്രീഭഗവാൻ പുണ്യഭൂമിയായ വംഗദേശത്തിൽ തന്റെ സകല ഐശ്വൎയ്യഭാരങ്ങളേയും ദൂരെ ഇറക്കിവെച്ച് ദീനഭാവത്തിൽ അശ്രുസിക്തനയനങ്ങളോടുകൂടിയ ഭക്തിയുടെ പ്രകടമൂൎത്തി സ്വീകരിച്ചു. പ്രത്യക്ഷമായ ഭക്തിയുടെ സ്വരൂപത്തിൽ അസംഖ്യം ഭക്തന്മാരെ ആശ്വസിപ്പിച്ചു.

ഐശ്വൎയ്യത്തോടുകൂടി ഭക്തിക്ക് സാമഞ്ജസ്യമുണ്ടാകയില്ല. എവിടെ ഐശ്വൎയ്യത്തിന്റെ ഗന്ധമുണ്ടോ അവിടെ ഭക്തിസഞ്ചരിക്കയില്ല. തപസ്സ്, യോഗം, ജ്ഞാനം എന്നിവ മനുഷ്യനെ അത്യന്തം ഈശ്വരാഭിമുഖനാക്കുന്നു. എന്നാൽ ഈ മാധുൎയ്യഹീനമായ ഐശ്വൎയ്യാനുഭൂതിയിൽ ഹൃദയം ലയിക്കുകയില്ല. ഹൃദയം ഗളിതമായില്ല എങ്കിൽ ഭക്തിയെ കാണ്മാനും സാധിക്കുകയില്ല. അതു തന്നെ ഭാഗവതം പറയുന്നു.

"ജ്ഞാനേ പ്രയാസ മുദപാസ്യ നമന്ത ഏവ
ജിവന്തി സന്മുഖരിതാൻ ഭവദീയ വാൎത്താം
സ്ഥാനേ സ്ഥിതാ ശ്രുതിഗതാം തനുവാങ്മനോഭിഃ
തൈഃ പ്രായശോഽജിത! ജിതോസിനനു ത്രിലോക്യാം."

പുരുഷാൎത്ഥസിദ്ധിക്കുവേണ്ടി ജ്ഞാനലബ്ധിക്കുള്ള പ്രയത്നത്തെ തൃണവൽക്കരിച്ച് യാവ ചിലർ നതന്മാരാകുന്നു, നതന്മാരായിട്ട് സകല അഭിമാനങ്ങളേയും ദൂരെത്യജിച്ച് ഹേ! ഭഗവൻ! അവിടുത്തെ ആ കഥകൾ സജ്ജീവിതമാക്കി തീൎത്തിരിക്കുന്നു, യാതൊരു കഥയാൽ ജീവന്മുക്തന്മാരും നിഷ്ക്രിയന്മാരും ബ്രഹ്മഭാവത്തെ പ്രാപിച്ച മൌനികളും സാധുക്കളും മുഖരിതരാകുന്നു, കേൾക്കുന്തോറും ആനന്ദപരവശരാകുന്നു ആ കഥകളെ യാതൊരുവർ ലോകത്തിലുള്ള സമസ്തവസ്തുക്കളേക്കാളും പ്രിയമെന്നറിയുകയും അതിന്റെ ആസ്വാദനത്തിൽ ഉന്മത്തരായിരിക്കയും ചെയ്യുന്നു, അവരുടെ സാധനയ്ക്ക് തീൎത്ഥയാത്രയുടെ ആവശ്യമില്ല. സ്വന്താ ഭവനത്തിലാകട്ടെ, അഥവാ, അങ്ങയുടെ ഭാവതിരുതൃഷ്ണയുള്ളവരും ആങ്ങയുടെ പ്രേമത്തിൽ ഉന്മത്തരുമായ സാധുക്കളുടെ

സന്നിധിയിലാവട്ടെ, ഏതു സ്ഥലത്തിരുന്നാലും ഏതവസ്ഥയിലിരുന്നാലും യാതൊരുവർ അവിടുത്തെ കഥകളെ തങ്ങളുടെ ഏകാന്ത ജീവാതുവെന്നു വിചാരിക്കുന്നു. ഹേ അജിത! ഭുവനത്രയത്തിൽ ആരും അവിടുത്തെ ജയിക്കാൻ ശക്തരല്ലെങ്കിലും അവിടുന്ന് യാതൊരുവക്കും വശീഭൂതനാകയില്ലെങ്കിലും അവർ അവിടുത്തെ ജയിപ്പാൻ ശക്തരാകുന്നു." ഈ ശ്ലോകത്തിൽ ഭഗവാനെ 'അജിതൻ' എന്നു സംബോധനചെയ്തിരിക്കുന്നു. 'അജിത' ശബ്ദത്തിൻെറ അത്ഥമെന്ത്? യാതൊന്നിനെ ആരും തന്നെ ജയിക്കാൻ ശക്തരാകുന്നില്ലയോ അതുതന്നെ 'അജിതം'. സുഖം മാത്രമാണ് ഈ ലോകത്തിൽ അജിതം. സകല ജീവരാശികളും സുഖത്തെ ജയിച്ചു വശീകരിക്കുന്നതിനു വേണ്ടി ജീവിതാവധി പ്രവത്തിക്കുന്നു. എന്നാൽ ആരും ആ സുഖത്തെ ജയിക്കാൻ ശക്തരാകുന്നില്ല. സുഖത്തിൻെറ ആശയിൽ, സുഖത്തിൻെറ വാസനയിൽ, സുഖത്തിൻെറ പ്രലോഭനത്തിൽ, മനുഷ്യൻ ഇടവിടാതെ ഭ്രമിച്ചുഴലുന്നു. സുഖത്തെ വശീകരിക്കുന്നതിനായിട്ട് എത്ര അസാദ്ധ്യകമ്മങ്ങളും ചെയ്യുന്നു. എങ്കിലും സുഖം ഒരിക്കലും ഒരുവനും വശീഭൂതമാകുന്നില്ല. ഉപനിഷത്തിൽ പറയുന്ന ഭഗവാൻ, അഥവാ ബ്രഹ്മം, ആനന്ദം സുഖം അല്ലാതെ മററൊന്നുമല്ല. ഇതു ഭഗവദ്വാക്യമാണ്. ശ്രുതിയും അതുതന്നെ പറയുന്നു. "ആനന്ദാദ്ധ്യേവ ഖല്വിമാനി ഭൂതാനി ജായന്തേ, ആനന്ദേന ജാതാനി ജീവന്തി, ആനന്ദം പ്രയന്ത്യഭിസംവിശന്തി, ആനന്ദം ബ്രഹ്മേതി വ്യജാനാൽ"

"ആനന്ദത്തിൽനിന്ന് സകലജീവന്മാരും ആവിർഭവിക്കുന്നു. ആവിർഭവിച്ചിട്ടു സകലജീവന്മാരും ആനന്ദം മാഗ്ഗമായി ജീവിക്കുന്നു. വീണ്ടും മരണത്തിനുശേഷം സകലരും ആ ആനന്ദത്തിൽ തന്നെ ചേരുന്നു. ആ ആനന്ദമത്രേ ബ്രഹ്മം. ഇതുതന്നെയാണ് മുൻപറഞ്ഞ ശ്രുതിയുടെ താല്പയ്യം. യാതൊരു ആനന്ദത്തിൽനിന്ന് ജീവൻ ഉൽപന്നനാകുന്നു, യാതൊരാനന്ദത്തിൻെറ പ്രഭാവത്താൽ ജീവൻ ജീവിക്കുന്നു, മരണത്തിലും ജീവൻ യാതൊരാനന്ദത്തിൽ ലയിക്കുന്നു, ആ ആനന്ദം സകലക്കും കാരണമായും സമസ്തത്തിൻെറയും ആദിയിലും അന്തത്തിലും വിരാജമാനമായും ഇരിക്കുന്നു. അതു നിത്യസിദ്ധവും സ്വതന്ത്രവുമായതുകൊണ്ടു ആക്കും ഒരുവിധത്തിലും വശീഭൂതമല്ല. ആക്കാൻസാധിക്കയുമില്ല. ഇതിനെ ആരുതന്നെ സമ്മതിക്കയില്ല?

എങ്കിലും ആ ആനന്ദത്തെ പ്രാപിക്കുന്നതിനുവേണ്ടി—പ്രാപിച്ച് എന്നെന്നേക്കും സ്വാധീനമാക്കുന്നതിനുവേണ്ടി, സൃഷ്ടിയുടെ പ്രാരംഭം മുതൽ മനുഷ്യർ എത്ര ശ്രമിച്ചിരിക്കുന്നു! മനുഷ്യരുടെ വിജ്ഞാനം, ദശ്നം, പരിഷ്കാരം, ജ്യോതിഷം,* വാത്താശാസ്ത്രം, വാണിജ്യം, എന്നുവേണ്ട

* കൃഷിവാണിജ്യാദിശാസ്ത്രം.

ഒററവാക്കിൽ പറയുകയാണെങ്കിൽ, മനുഷ്യർക്കു എന്തെല്ലാം സാധനസമ്പത്തുകളുണ്ടോ അവയുടെ എല്ലാററിൻേറയും ഉദ്ദേശം, ഈ ആനന്ദത്തെ—സ്വയംപ്രകാശവും അജിതവുമായ ഈ ആനന്ദത്തെ—വശീകരിച്ചു അനുഭവിക്കുകയാകുന്നു.

ശ്രമം കുറച്ചൊന്നുമല്ല. വശീഭൂതനാകാത്ത യാതൊന്നിൻെറ ധർമ്മമോ, അതിനെ വശീകരിക്കാനായിട്ടു സകല മനുഷ്യരും വ്യാകുലരായി ആമരണം വൃഥാശ്രമം ചെയ്യുന്നു. എങ്കിലും ആനന്ദമെന്നു വ്യവഹരിക്കപ്പെടുന്ന "അജിത"വസ്തു യാതൊരുവർക്കും വശഗതമാകുന്നുമില്ല.

ഈ ആനന്ദത്തെ വശീകരിക്കാൻ സഹായിക്കുന്ന ചില സാധനകളെ മാനവഹസ്തങ്ങളിൽ നല്കുന്നതിനുവേണ്ടി ജാതിവർണ്ണനിർവ്വിശേഷം ചണ്ഡാലപര്യന്തം അധികാരിഭേദംകൂടാതെ പ്രദാനംചെയ്യുന്നതിനായിട്ടു ഭഗവാൻ ഭക്തൻെറ ഭാവത്തിൽ അവതരിച്ചു. ശ്രീചൈതന്യാവതാരത്തിൻെറ മുഖ്യവും അനുപമവുമായ രഹസ്യം ഇതുതന്നെയാണ്. ഭാഗവതത്തിൽ ഇതു സൂചിപ്പിക്കുക മാത്രംചെയ്തു. ചൈതന്യദേവൻ, ഇതിനെ മനുഷ്യർക്ക് അധീനമാക്കുന്നതിനുവേണ്ടി ജഗത്തിനെ പ്രേമപ്രവാഹത്തിൽ ഒഴുക്കി. ബ്രഹ്മദുർല്ലഭമായ ഈ പ്രേമം സ്വയം സപരിവാരനായി പാർഷദന്മാരോടുകൂടി അനുഭവിച്ചു ലോകത്തിൽ പാമരപര്യന്തമുള്ള സകല ജനങ്ങളേയും ആസ്വദിപ്പിക്കുന്നതിനായിട്ട് അദ്ദേഹം അപൂർവ്വവും പ്രബലവുമായ പ്രേമപ്രവാഹത്തെ എപ്രകാരം സൃഷ്ടിച്ചു എന്നതിനെ വർണ്ണിക്കാൻ പുറപ്പെട്ടു് അലൌകികപ്രേമത്തിൻെറ അസാമാന്യതയെപ്പററി കവി ഇപ്രകാരം പറയുന്നു.

"പാംചേ മിളിലൂടെ പ്രേമകരേ ആസ്വാദന
യത യത പിയേ തൃഷ്ണാ ബഢേ അണുക്ഷണ
പുനഃപുനഃ പിഞ്ചാ പിഠാഹയ് ഉനമത്ത
നാചേഗായ്ഹാസേ കാന്ദേയെയേഠമദമത്ത
പാത്രാപാത്രവിചാര നാഹി നാഹി സ്ഥാനാസ്ഥാന-
യേ ള യാഹാ പായ് ത്ാഹാകരേ പ്രേമദാന"

(ചൈതന്യചരിതാമൃതം ആദികാണ്ഡം സപ്തമപരിച്ഛേദം)

ഈ പഞ്ചതത്വം പൃഥിവിയിൽ വന്നു നിത്യസിദ്ധമായ പ്രേമഭണ്ഡാരത്തിൻെറ മുദ്രയെ ഉൽഘാടനം ചെയ്തു. പ്രേമഭണ്ഡാരത്തിൻെറ മുദ്ര എന്തെന്ന് ആദ്യമായി അറിയേണ്ടതാണ്. പുരാതനകാലത്തു രാജാക്കന്മാർക്കു ബഹുമൂല്യങ്ങളായ രത്നഭണ്ഡാരങ്ങളുണ്ടായിരുന്നു. അവയുടെ വാതിലടച്ചു ചങ്ങലയും താഴുംവച്ചു നിരോധിച്ചിരുന്നതു കൂടാതെ താക്കോല്പഴുതിൽ ഒരു മാതിരി കീൽ ഉരുക്കി അതിനു

മുകളിൽ രാജാവിൻെറ നാമാങ്കിതമായ മുദ്രയും വച്ചുവന്നിരുന്നു. ഇപ്രകാരം മുദ്രവച്ചിട്ടുള്ള താഴ് രാജാജ്ഞയനുസരിച്ചു തുറക്കാൻ കഴിഞ്ഞെങ്കിലേ ആ രത്നഭണ്ഡാരത്തിൽ പ്രവേശിപ്പാൻ സാധിക്കു. മുദ്ര ഭേദിക്കാൻ കഴിഞ്ഞില്ലെങ്കിൽ രത്നഭണ്ഡാരത്തിൽ പ്രവേശിക്കുകയും സാദ്ധ്യമല്ല.

ഇതുപോലെ പ്രേമഭണ്ഡാരത്തിൻെറ ദ്വാരത്തിലും, മനുഷ്യസൃഷ്ടിയുടെ ആരംഭംമുതൽ ഇപ്രകാരമൊരു മുദ്രവച്ചിട്ടുണ്ട്. പ്രേമഭണ്ഡാരത്തിലേയ്ക്കു പ്രവേശിക്കാനുള്ള ദ്വാരമത്രേ നമ്മുടെ അന്തഃകരണം. ആ അന്തഃകരണത്തിനുള്ള മുദ്ര അഭിമാനമാകുന്നു. ഈ അഭിമാനസ്വരൂപമായ മുദ്രാദ്വാരാ ജീവികളുടെ—മനുഷ്യരുടെ-അന്തഃകരണമാകുന്ന വാതിൽ എന്നുവരെ നിരോധിക്കപ്പെട്ടിരിക്കുന്നു, അന്നുവരെ ആ അന്തഃകരണത്തിൻെറ നിഗൂഢസ്ഥാനങ്ങളിൽ ഇരിക്കുന്ന, നിത്യസിദ്ധവും ശ്രീകൃഷ്ണപ്രേമരൂപവുമായ അമൂല്യരത്നത്തിൻെറ ദർശനമോ ആസ്വാദനമോ യാതൊരു ജീവനും ലഭിക്കയില്ല *

(തുടരും)

# ഗ്രന്ഥവിഹാരം.

## 1. ഭാഷാപോഷിണി (വിശേഷാൽപ്രതി) വില ൮ അണ.

തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലെ കിരീടധാരണമഹാമഹത്തിൻെറ സ്മാരകമായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രകൃതഗ്രന്ഥത്തിൽ പ്രമോദത്തോടും പ്രയോജനത്തോടുംകൂടി വായിക്കാവുന്ന പല ഗദ്യലേഖനങ്ങളും ചില പദ്യലേഖനങ്ങളും ഉണ്ട്. 'ശ്രീ ചിത്രഭാഗ്യോദയം' 'സാഹിത്യപരിശ്രമം' 'നമ്മുടെ രാജാക്കന്മാരും മലയാളഭാഷയും' 'മനസ്സിൻെറ ശക്തി' "സ്ത്രീകളുടെ കണ്ണുനീർത്തുള്ളി" "ദേശീയ മന്ത്രിസഭയും പുതിയ തിരഞ്ഞെടുപ്പും" "തൊഴിലാളികളുടെ സ്ഥിതി" മുതലായ ഉപന്യാസങ്ങൾ പ്രശംസാർഹങ്ങളായിരിക്കുന്നു. "നായരുടെ സൂത്രം" ഹൃദയാവർജ്ജകമായ ഒരു ലഘുകഥ തന്നെ. "ബാല്യത്തിലേയ്ക്കു" മനോഹരമായ ഒരു കവിതയാകുന്നു. "മീരാഭായി" എന്ന ഗദ്യനാടകം ഉടൻ എഴുതിത്തീരട്ടെ എന്നാണു ഞങ്ങളുടെ പ്രാർത്ഥന. ആകർഷകങ്ങളായ അനേകം ചിത്രങ്ങളാൽ അലംകൃതമായ ഈ വിശേഷാൽപ്രതിയുടെ ആകൃതിയും സുഭഗമായിരിക്കുന്നു.

---

* അതുതന്നെയാണു ഭഗവത്ഭക്തരിൽ അഗ്ര്യസ്ഥാനത്തിനർഹയായ കുന്തീദേവി, യുധിഷ്ഠിരൻെറ രാജ്യാഭിഷേകത്തിനുശേഷം, ഹസ്തിനപുരത്തുനിന്നു ദ്വാരകയിലേക്കു പുറപ്പെട്ട ശ്രീകൃഷ്ണഭഗവാനെ സംബോധനചെയ്തു പറഞ്ഞതു്.

# 2. വിലാസലഹരി.

സാഹിത്യദ്രഷ്ടാവിന്നു രണ്ടുകാലങ്ങളുണ്ട്: പ്രാചീനങ്ങളായ സാങ്കേതികനിയമങ്ങളെ യാതൊരു ചോദ്യവും ചെയ്യാതെ അങ്ങിനെതന്നെ സ്വീകരിക്കുന്നകാലം (The age of acceptence) അവയെ സംശയത്തോടുകൂടി സംവീക്ഷിക്കുകയും പരീക്ഷിക്കുകയും ചെയ്വാൻ ധൈര്യപ്പെടുന്ന കാലം (The age of revolt). ഗ്രന്ഥങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ കാണാം, പ്രഥമകാലം അസ്വതന്ത്രവും നിർജ്ജീവവുമായ ഒരു അനുകരണമാണെന്നും; ദ്വിതീയകാലം സജീവമായ സ്വാതന്ത്ര്യതയാണെന്നും. ഈ ദ്വിതീയകാലത്തെ പ്രതിനിധീകരിക്കുന്ന ഒരു പാരസീകമഹാകവിയാണ് 'ഖാമർ'. കേവലം സാങ്കേതികങ്ങളായ നിയമങ്ങളാൽ വീർപ്പുമുട്ടുന്ന ഒരു ഹൃദയത്തിന്റെ പ്രകാശനമല്ല, 'റുബായിയാത്തു്'

പതിനൊന്നാംശതകത്തിന്റെ ഉത്തരാർദ്ധത്തിലാണ് 'ഖാമർഖയ്യാ'മിന്റെ ജനനം. പാരസീകരാജ്യങ്ങളിൽ 'സൂഫിസം' (Sufism) പ്രചാരത്തിലിരുന്ന ഒരു കാലമായിരുന്നു അതു്. ലോകത്തിന്റെ 'മൃഗതൃഷ്ണ'യിൽനിന്നും വിഷയസുഖോപഭോഗങ്ങളിൽനിന്നും വിമുക്തമായ ഒരു ജീവിതമാണ 'സൂഫിസം' അനുശാസിച്ചിരുന്നതു്. ആ മതാവലംബികൾ ദരിദ്രവ്രതത്തിന്റേയും തപശ്ചര്യയുടേയും മുദ്രയായ (Suf) 'സൂഫ്' എന്ന പരുപരുത്ത വസ്ത്രം ധരിച്ചിരുന്നതുകൊണ്ടു ആ മതത്തിന്നു ഈ പേർ സിദ്ധിച്ചു. ഇന്ത്യൻ വേദാന്തത്തിന്റെ അടുത്ത സഹോദരനാണ 'സൂഫിസം'. അവർ വാദിക്കുന്നു, "ജീവിതം ക്ഷണികമാണ്; അതുകൊണ്ടുതന്നെ സുഖോപഭോഗത്തിൽനിന്നു ലഭിക്കുന്ന സംതൃപ്തിക്ഷണഭംഗുരമാണ്, നിസ്സാരമാണ്" എന്നു്

ഇതിനെ എതിർത്തുകൊണ്ടാണ് 'റുബായിയാത്തു്' എഴുതിയിട്ടുള്ളതു്. ജീവിതം നൈമിഷികമാണെന്നു അദ്ദേഹവും സമ്മതിക്കുന്നു; പക്ഷേ സുഖഭോഗങ്ങൾ നിസ്സാരങ്ങളാണെന്നു ഗണിക്കുവാൻ അദ്ദേഹം തയാറില്ല. അദ്ദേഹത്തിന്റെ ഗണനയിൽ ജീവിതം വിലയുള്ള ഒന്നാണ; അതിന്റെ സർവ്വസുഖങ്ങളും അദ്ദേഹത്തിന്നു അപരിത്യാജ്യങ്ങളുമാണ്. ഭൂതത്തെപ്പററി പശ്ചാത്തപിക്കുന്നവരോട്, ഭാവിയെയോർത്തു നെടുവീർപ്പിടുന്നവരോട്, അദ്ദേഹം ഇതാണ് ഉപദേശിക്കുന്നതു്:—

"ജീവിക്കയാം വർത്തമാന-
സന്നാഹത്തിൽ ചിലർ; ഏതോ
ഭാവിയെ യൽക്കണ്ഠിതരാ-
യന്യർ നോക്കുന്നു;

അന്ധഗൃഹാദേകൻ ചൊൽവൂ
ധ്യാനകാലനിവേദകൻ:-
"അന്ധർ നിങ്ങളങ്ങുമിങ്ങു-
മലഞ്ഞുകാരർ!"

"കഴിഞ്ഞുപോയ 'ഇന്നലെ,' വരുവാനിരിക്കുന്ന 'നാളെ' ഇവ നിങ്ങളുടെ പഞ്ചാംഗത്തിൽനിന്നു വെട്ടിക്കുറയ്ക്കുക. 'ഇന്നു' മാത്രമുണ്ടു്; അതിനെ തൃപ്തിയാവോളം അനുഭവിക്കുക. അതേ 'ജീവിതം തന്നെ മദ്യം', ലോകംതന്നെ മദ്യശാല; ഈശ്വരൻതന്നെ മദ്യവ്യാപാരി'. 'ജീവിതമദ്യം ആസ്വാദിക്കുക, ആനന്ദം ആസ്വാദിക്കുക".

"ഭാവിഭയം, ഭൂതശോക-
മദ്യസംഹരിക്കും മദ്യ-
ഭാജനം ഹാ! നിറച്ചാലും
നിർദ്ദയമലാതള!
നാളെ! എന്തിനിന്നലത്തെ
സപ്തവർഷസഹസ്രത്തിൽ
നാളെ ഞാനുംവിലയിച്ചു-
പോകയില്ലല്ലി!"

സ്വർഗ്ഗത്തിൽ ലഭിക്കുവാനിരിക്കുന്ന "സദ്യ"യ്ക്കുവേണ്ടിയാണല്ലോ ഈലോകത്തിൽ നാം 'പട്ടിണി' കിടക്കുന്നതു്. അതിനെപ്പററി 'ഉമാറി' ൻെറ വാദമിതാണ്:— നാം കാംക്ഷിക്കുന്ന സ്വർഗ്ഗം നമ്മുടെ ഭാവനാസൃഷ്ടമായ ഒരു ലോകം മാത്രം. ആക്കറിയാം, അതിൽ എത്രകണ്ടു വാസ്തവമുണ്ടെന്നു്!

"ഹാ, നരക ബിഭീഷിക!
ഹാ, വാനവപുരസ്പൃഹ!
ന്യൂനമൊന്നു — പറക്കുന്നു
ജീവിതകാലം;
ന്യൂനമൊന്നു്, മററുള്ളവ
മിഥ്യതന്നെ; വികസിച്ച-
സൂനമെന്നെന്നേയ്ക്കുമായി
നശിച്ചിടുന്നു."

പരിണാമിയായ ജീവിതത്തെയോത്തു അദ്ദേഹം സപരിഹാസം വിഷാദിക്കുകയാണു്.

"മന്ത്യേ മൺ മറഞ്ഞോരേതോ
'സീസറ'ടെ ചോരയിൽ നി-
ന്നെന്ന്യേ പനിനീർപ്പൂവിതു
തുട്ടത്തുണ്ടാകാ;
ആരമ്യമായൊരുകാല-
മിരുന്നതാമേതോ കേശ-
ഭാരത്തിൽനിന്നുദിച്ചതാ-
ണുദ്യാനസൂനം."

കർമ്മഗതിയനുസരിച്ചുള്ള പുനർജന്മത്തിൽ 'ഉമാർ' വിശ്വസിക്കുന്നില്ല.

"ഇരിക്കുമ്പോൾ കുടിക്കുക,"
ചുണ്ടോടു ചുണ്ടോതിയതു്:—
"വരില്ലനീ മരിച്ചെന്നാൽ
തിരിച്ചെന്നെന്നും"

അദ്ദേഹത്തിന്റെ ആശയമഹത്വത്തെ ഒന്നളന്നു നോക്കേണമെങ്കിൽ "വിലാസ ലഹരി" മുഴുവൻതന്നെ ഉദ്ധരിക്കേണ്ടതായിവരും.

ഭാവനാളാസുരങ്ങളായ ജീവിതചിന്താ മൗക്തികങ്ങളുടെ അഭിലഷണീയമായ ഒരു ആകരമാണ് "റുബായിയാത്തു്". മനുഷ്യജീവിതത്തിന്റെ ക്ഷണികതയും അതിന്റെ പരിണാമശീലവും ഉമാർ വർണ്ണിക്കുന്നതു് നോക്കുക:—

ശ്യാമള മൃദുള പത്രം
നവവല്ലി പരത്തുമീ
നാമണഞ്ഞു കിടക്കുന്ന
നദിതൻ ചുണ്ടിൽ
ഹാ! പതുക്കെ ക്കിടക്കുവി-
നീ, ലത മുളച്ചതേതു-
ഹാരിയായിരുന്ന ചുണ്ടിൽ-
നിന്നോ പരോക്ഷം?"

ചിലപ്പോൾ 'ഉമാർ" വിധിയോടു കോപിക്കുന്നു; ചിലപ്പോൾ അതിന്റെ മാഹാത്മ്യത്തെ അറിയാതെ പ്രശംസിക്കുന്നു:—

"ആരനാദ്യമുൽ പിണ്ഡത്താൽ
മാനവനെ വിരചിച്ചോൻ,
ആരമരപുരത്തിലും
'പാപി"നെഴുച്ചത്തു,

ആനീമാപ്പു സ്വീകരിക്കു,
നരമുഖം കറപ്പിക്കു-
വാനിടയാക്കിയ പാപ-
ത്തിന്നു മാപ്പേകു! 1.

"കാലമാകും പലകമേൽ
വിധിയുടെ ചതുരംഗ-
ലില നിസ്സഹായകരു-
നിരനിരത്തി!
നീക്കുമങ്ങുമിങ്ങുമവ,
നിരോധിക്കും, നിഗ്രഹിക്കു,—
മാക്കുമടങ്ങൊരു ഭിക്കി
ലോരോന്നായെല്ലാം" 2.

"കുഴമണ്ണിൽ കൈനടത്തുന്ന" കുശവനെപ്പോലുള്ള നിസ്സാരങ്ങളായ കാഴ്ചകൾപോലും ഉമറുടെ ഭവനയെത്തട്ടിയുണർത്തുന്നതു നോക്കുക:—

"ലോകശില്പി വിരചിച്ചാ-
നിമ്മട്ടു കുഴച്ചമണ്ണി-
ന്നേകശകലത്തിനാലേ
മാനവാകാരം;
പരമ്പരാഗത മർത്ത്യ-
സന്തതിയിലൂടെ,യതിൻ
ചിരന്തന കഥ ചുററി-
ത്തിരിയുന്നീലേ?"

ലോകത്തിന്നു 'ഉമറിൻെറ' സന്ദേശമിതാണ്:—

"ദൈവികവും മാനുഷവു-
മായവയാലുഴലായ്വിൻ,
ഭാവിമാറാലയെക്കാററിൽ
വലിച്ചെറിവിൻ,
ആ മധുരമദിരത-
ന്നോമലളകാന്തങ്ങളിൽ
കാമമാസക്തമാകാവൂ
കരാംഗുലികൾ!"

'രുബായിയാത്തി'ൻെറ 'മലയാളവേഷം' കമനീയമായിരിക്കുന്നു. രചനയുടെ മാധുര്യം, ആശയങ്ങളുടെ അക്ലിഷ്ടമായ പ്രകാശനം ഇതു

രണ്ടും 'വിലാസരഥരിയിൽ' സർവ്വഥാ സാധിച്ചിട്ടുണ്ട്. തർജ്ജമയുടെ വൈശിഷ്ട്യത്തിന്നു ഉദാഹരണമായി ഒരു പദ്യം ഉദ്ധരിക്കാം.

"Wake! for the Sun, who scattered into Flight
The stars before him from the Field of Night,
Drives Night along with them from Heav'n and Strikes
The Sultan's Turret with a Shaft of Light."

"ഉണരുവി, നണി മുറി-
ച്ചോടിച്ച ഭിമുഖതാരാ-
ഗണങ്ങളെ രാവിൻ രണാ-
ങ്കണത്തിൽനിന്നും,
ക്ഷണദയെക്കൂടി വാനിൽ
നിന്നുപായിച്ചൊററക്കതിർ-
ക്കണെരാജസൌധാഗ്രത്തി-
ലരുണനെയ്യാൻ".

ഈ ഗ്രന്ഥത്തിന്നു സർവ്വ വിജയങ്ങളും ഞങ്ങൾ ഹൃദയംഗമമായി ആശംസിച്ചുകൊള്ളുന്നു.

നല്ല മേനിക്കടലാസ്സിൽ അച്ചടിച്ചു കമനീയമായി ബയിൻറ ചെയ്തു ഈ പുസ്തകത്തിന്നു വില 8 ണ മാത്രം.

വി. ആർ.

---

# രാമാനുജാചാര്യ്യരും വൈഷ്ണവമതവും.

ഭാരതീയസംസ്കാരചരിത്രകാരന്മാക്കറിവുള്ള നാനാവിധമതങ്ങളിൽ സാമാന്യം പഴക്കമുള്ള ഒന്നാണു വൈഷ്ണവമതം. അതിന്നു എത്ര പഴക്കമുണ്ടെന്നു് ഇപ്പോൾ നിർണ്ണയിക്കുക സുകരമല്ല. എങ്കിലും അതിൻെറ മൂലം വേദമാണെന്നുതന്നെ പറയാം. വൈദികകാലത്തു വിഷ്ണു ഒരു സൂര്യ്യദേവതയാണു്; അദ്ദേഹം സർവ്വവ്യാപിയുമാണു്. ലോകത്തെ ആസകലം മൂന്നടികൊണ്ടു അളന്ന ത്രിവിക്രമദേവനും ഈ വിഷ്ണുവത്രെ. വൈകുണ്ഠം അഥവാ സ്വർഗ്ഗമാണു് അദ്ദേഹത്തിൻെറ ആവാസസ്ഥാനമെന്നും വേദം ഘോഷിക്കുന്നു. വിഷ്ണുവിൻെറ ഈ പരമപദം (വേദത്തിൽ പറഞ്ഞിട്ടുള്ള പരമപദം) സൂര്യ്യൻെറ ഉച്ചസ്ഥാനമല്ലയോ എന്നു ആധുനികപാശ്ചാത്യവിദ്വാന്മാർ സംശയിക്കുന്നു. പകൽസമയത്തു അതിലുമധികം ഉച്ചത്തിൽ യാതൊരു വസ്തുവിനും ഇരിപ്പാൻ സാദ്ധ്യമല്ല. ഏററവും ഉച്ചസ്ഥാനത്തു സ്ഥിതിചെയ്യുന്ന സ്വർഗ്ഗത്തിൽ വസിക്കുന്നവനും

സർവ്വത്തേയും പ്രകാശമാനമാക്കാൻ സാധിക്കുന്നവനുമായ ഒരു ദേവനായിരുന്നു പഴയകാലത്തെ വിഷ്ണു.

വിഷ്ണുവിനെപ്പററി ആദിമകാലത്തുണ്ടായിരുന്ന ധാരണയെന്തായിരുന്നുവെന്നു നാം കണ്ടുവല്ലൊ. മതവികാസത്തിൽ ഈ ആദിമജ്ഞാനം വളരെ സാരമായ ഒന്നത്രെ. ഇതിനു ദൃഷ്ടാന്തങ്ങൾ എത്രവേണമെങ്കിലും കാണിക്കാം. 'മിത്ര'നെ ഒരു ദേവനായി വേദം സങ്കല്പിച്ചിരിക്കുന്നു. ഈ മിത്രൻ "നമ്മുടെ ബന്ധുവായ സൂൎയ്യ"ൻ അല്ലാതെ മററാരുമല്ല. പാർസികളുടെ സെണ്ട്‌വസ്സ് എന്ന ഗ്രന്ഥത്തിലും ഈ മിത്രനെപ്പററി പറയുന്നുണ്ട്. അതുകൊണ്ടു മിത്രനെ ഐറിനിയോ ആൎയ്യന്മാരും ഇന്ത്യോ—ആൎയ്യന്മാരും ഒരു ദേവനായി ഗണിച്ചിരിക്കുന്നുവെന്നു സിദ്ധംതന്നെ. ഈ മിത്രൻ വളരെക്കാലംമുമ്പുതന്നെ പേഷ്യക്കാരുടെ ഒരു ദേവനായിരുന്നിരിക്കാം. സോറൊസ്റ്റർ മതപ്രസംഗം ആരംഭിക്കുന്നതിനു മുമ്പുതന്നെ പേഷ്യക്കാർ ഈ ദേവനെ ആരാധിച്ചിരുന്നു. എണസ്റ്റ്‌റെനൽ എന്ന പാശ്ചാത്യപണ്ഡിതർ പറയുന്നതു നോക്കുക. യൂറോപ്പിൽ ക്രിസ്തുമതത്തിന്നു പ്രചാരം സിദ്ധിച്ചിട്ടില്ലായിരുന്നുവെങ്കിൽ, തൽസ്ഥാനത്തു മൈത്രമതം പ്രവേശിക്കുമായിരുന്നുവെന്നും, ജനങ്ങളുടെ സന്മാൎഗ്ഗനടപടികളിൽ ക്രിസ്തുമതത്തിനുള്ള മാന്യസ്ഥാനം ഈ മതത്തിനും ഉണ്ടാകുമായിരുന്നുവെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. മൈത്രമതം ഇത്ര ഉൽക്കൃഷ്ടമാക്കുന്നതിനു മിത്രനെപ്പററിയുള്ള പ്രഥമജ്ഞാനമാണു കാരണമെന്നു തീൎച്ചതന്നെ.

കാലത്തെ മറെറാരു ദേവനായിരുന്നു ഭഗൻ. സർവ്വാഭീഷ്ടദാതാവ് ആണ് ഈ ദേവനെന്നാണു വെച്ചിരിക്കുന്നത്. ഈ ദേവനെപ്പററി മിത്രനെപ്പററി അറിവുണ്ടാകുന്നതിന്നുമുമ്പുതന്നെ ഹിന്തുക്കൾ അറിഞ്ഞിരുന്നു. ഈ ദേവന് ഇന്ത്യാ—യൂറോപ്യചരിത്രങ്ങളിൽ സ്ഥാനമുണ്ടായിരുന്നാണാം. സ്ലവോണിയൽകാർ, പാർസികൾ, ഭാരതവൎഷത്തിലെ ആൎയ്യന്മാർ ഇവരുടെ ഗ്രന്ഥങ്ങളിൽ ഈ ദേവൻെറ പേരു് കാണുന്നുണ്ട്. ഭഗനും വിഷ്ണുവും ഒരു ദേവനാണെന്നു ഹിന്തുക്കൾ കാലാന്തരത്തിൽ വിശ്വസിച്ചുതുടങ്ങി. ഭഗ എന്ന പദത്തിനു സംസ്കൃതത്തിൽ പലേ അൎത്ഥങ്ങളുമുണ്ട്. ഒരു സ്ഥലത്തു അതിനു ആൎയ്യൻ എന്നു അൎത്ഥമാണെങ്കിൽ മറെറാരു സ്ഥലത്തു അതിനു മഹത്തായ ശക്തികൾ, അനുഗ്രഹങ്ങൾ എന്നിങ്ങിനെയുള്ള അൎത്ഥങ്ങൾ കാണാം. സൂൎയ്യദേവനെ സൂചിപ്പിക്കുന്ന ഭൌതികശക്തിയെന്നും, സൂൎയ്യദേവനാൽ ദത്തമാ അനുഗ്രഹങ്ങളെന്നും മററും ഈ പദത്തിനു അൎത്ഥമായി. കാലാന്തരത്തിൽ ഈ അൎത്ഥത്തിനു പ്രാബല്യം സിദ്ധിച്ചു. ഭഗങ്ങൾ ഉള്ള ദേവനാണു ഭഗവാൻ. ഭഗവാനെ ചിലർ പരമദൈവമായി ആരാധിച്ചുതുടങ്ങി, അ

ങ്ങിനെയുണ്ടായ മതത്തിന്നു ഭാഗവതമതം എന്നു പേർ. ഈ മതത്തെപ്പററി മഹാഭാരതത്തിൽ വിസ്തരിച്ചുപറഞ്ഞിട്ടുണ്ടു. ഇന്നത്തെ രൂപത്തിലുള്ള മഹാഭാരതത്തിനു ബി. സി. 4-ാം ശതാബ്ദത്തിൽതന്നെ ഇന്ത്യയിൽ പ്രചാരം സിദ്ധിച്ചിട്ടുണ്ടായിരിക്കണമെന്നു യൂറോപ്യന്മാരും അമേരിക്കക്കാരുമായ നിരൂപകന്മാരുംകൂടി സംവദിച്ചിട്ടുണ്ട്. മഹാഭാരതം ഒരേ ഒരു കർത്താവു ഒരു സമയത്തു രചിച്ച ഗ്രന്ഥമല്ലെന്നു പരക്കെ സമ്മതമായിട്ടുള്ള ഒരു സംഗതിയത്രേ. വ്യാസനാണു കർത്താവെന്നു ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും, കാലാന്തരത്തിൽ വ്യാസഭാരതത്തോടു അനവധി ഇതരകഥകൾ ചേർത്തിട്ടുണ്ടു എന്നുള്ളതിന്നു സുലഭമായ തെളിവുകളുണ്ട്. ബി. സി. നാലാം ശതാബ്ദത്തിലെ മഹാഭാരതത്തിൽ ഭഗവാന്റെ ആരാധനയെപ്പററിയുള്ള വിവരണങ്ങൾ കാണുന്നതുകൊണ്ടു ആ മതം—ഭഗവദാരാധനമതം—അതിന്നു മുമ്പു ഇന്ത്യയിൽ പ്രതിഷ്ഠ നേടിക്കഴിഞ്ഞിരിക്കണം. ഈ മതസ്ഥാപകൻ ശ്രീകൃഷ്ണനായിരുന്നുവെന്നു ഊഹിപ്പാൻ ന്യായമില്ലായ്കയില്ല. താൻ ഭാരതവർഷത്തിൽ വസിച്ചിരുന്ന കാലത്തു അവിടെ കൃഷ്ണാരാധന നടന്നിരുന്നുവെന്നു മെഗസ്തനീസ്സ പറയുന്നുണ്ടു. വിഷ്ണുവും ഭഗവാനും ഒരേ ഒരു ദേവനാണെന്നു സ്ഥാപിച്ചാൽ വൈഷ്ണവമതത്തിന്നു പൂർവ്വാധികമായ വ്യാപ്തിയും പ്രാബല്യവും സിദ്ധിക്കുമല്ലോ. നടന്നതും അങ്ങിനെതന്നെ. സ്വർഗ്ഗസ്ഥനായി, സർവ്വാഭീഷ്ടദായകനായി, അനുഗ്രഹദാതാവായി, സർവ്വവ്യാപിയായിരിക്കുന്ന ഒരു ഈശ്വരനെയാണ് വൈഷ്ണവന്മാർ ആരാധിക്കുന്നതു്, എന്നത്രെ ഒടുവിൽ വന്നുചേർന്നതു്. ഇതാണു വൈഷ്ണവമതത്തിന്റെ മർമ്മം. ഈ മതത്തിന്നു പിന്നീടു സിദ്ധമായ സകല വികാസവും ഈ കേന്ദ്രത്തിൽനിന്നു പുറപ്പെട്ടിട്ടുള്ളതാകുന്നു.

വൈഷ്ണവമതത്തിന്റെ മൂലം വേദമാണെങ്കിൽ ശൈവമതത്തിന്റെയും മൂലം വേദമാണെന്നു സ്ഥാപിക്കാം. വേദത്തിൽ വിഷ്ണു സൂര്യദേവനാണെങ്കിൽ രുദ്രൻ അഗ്നിദേവനാണെന്നേയുള്ളു. ഈ ഭാരതവർഷത്തിൽ മതത്തിനു ഇത്രവളരെ മാററങ്ങളുണ്ടാകാൻ എന്താണു കാരണം എന്നൊരു ചോദ്യത്തിനു ഇവിടെ അവകാശമുണ്ട്. വൈദികമതത്തെ തള്ളി എങ്ങിനെ ഇതിഹാസപുരാണങ്ങളെയും മററും ആസ്പദമാക്കിയ മതങ്ങളുത്ഭവിച്ചു? ഭാരതീയരുടെ ചിന്താഗതി തന്നെയാണു ഇതിനു കാരണം. ജാതിമതവ്യത്യാസമില്ലാതെ സർവ്വർക്കും ഒരുപോലെ സ്വീകരിക്കത്തക്കതും, മനുഷ്യഹൃദയത്തിന്റെ ആവശ്യങ്ങളേയും അഭിനിവേശങ്ങളേയും നിറവേററുവാൻ പര്യാപ്തവുമായ ഒരു മതം ആവശ്യമായി. എന്നാൽ ഈ മതം ആസകലം പുതുതായിരിപ്പാൻ തരമില്ലല്ലോ. യാതൊരു പുതിയമതവും ആസകലം പുതുതായിരിക്കുന്നതല്ല. പുതിയ ഒരുതത്വം

ആവശ്യമാണെന്നുകണ്ടാൽ, അതിനു പററിയതായ ഏതെങ്കിലും ഒന്നു ന്മേൽ കൂട്ടിപ്പിടിപ്പിച്ചാണു സാധാരണമായി നാം സ്വീകരിക്കാറുള്ളതു്. പഴയ പരിതസ്ഥിതികളുടെ മദ്ധ്യേ വികസിതമാകുന്ന പുതിയതത്വം പഴയതിൽനിന്നു ഒട്ടധികം പോഷകാംശത്തെ വലിച്ചെടുക്കുന്നു. ഇങ്ങിനെ പഴയതും പുതിയതും കൂടിചേൎന്നുണ്ടാകുന്ന നവതത്വം പഴയതിനേക്കാളധികം വ്യാപ്തിയുള്ളതും, ഭംഗിയുള്ളതും, ജനങ്ങളുടെ ഇടയിൽ പരിഷ്കാരവും സന്മാൎഗ്ഗതത്വങ്ങളും വിതരണം ചെയ്വാൻ അധികമുതകുന്നതുമായി പരിണമിക്കുന്നു. എവിടേയും അഭിവൃദ്ധിയുടെ ഗതി ഇതുതന്നെ ഇതിന്നു ദൃഷ്ടാന്തങ്ങൾ എവിടെ നിന്നെങ്കിലും എടുത്തു കാണിക്കാം.

വൈദികമതത്തിൻെറ വികാസത്തിൽ ഒരു പദ്ധതിയിലെത്തിയപ്പോൾ ദേവന്മാർ തന്നെയും യജമാനന്മാരുടെ കണ്ണുകളിൽ നിസ്സാരന്മാരെന്നു തോന്നത്തക്കവണ്ണവും പുരോഹിതന്മാൎക്കു അത്രഅധികം പ്രാബല്യമുണ്ടായി. യാഗം യഥാവിധി നിൎവ്വഹിക്കണമെന്നുമാത്രമെ അവർ ആശിച്ചിരുന്നുള്ളു. അവരുടെ (യാഗംചെയ്യുന്നവരുടെ) ശ്രദ്ധക്കു വിഷയമായിരുന്ന മറെറാരു സംഗതി പുരോഹിതന്മാൎക്കുള്ള ദക്ഷിണയായിന്നു. ഏതു ദേവതകളുടെ പ്രീതിക്കുവേണ്ടിയാണു യാഗം ചെയ്യുന്നതു എന്നുള്ള ചോദ്യത്തിനു ദേവതമാർ ആരായിരുന്നാലും വേണ്ടതില്ല എന്നുംമററും മീമാംസകന്മാർ ഉത്തരംപറവാൻതുടങ്ങിയപ്പോൾ യാഗത്തിൽ മതപരമായി എന്തുണ്ടായിരുന്നുവെന്നു നമുക്കു അനുമിക്കാമല്ലോ. യാഗത്തിൽ പ്രധാനമായകാൎയ്യം ദേവതാ പ്രീതി ആയിരുന്നില്ല. നാനാവിധികളുടെ യഥാവിധിയായ അനുഷ്ഠനമായിരുന്നു. കാൎയ്യം ഇത്തരത്തിൽ കലാശിച്ചു.

ഇങ്ങിനെയുള്ള ഒരു മതത്തിനോടു മനുഷ്യഹൃദയത്തിനു വെറുപ്പു തോന്നാതിരിക്കുമോ? മനുഷ്യഹൃദയത്തിലെ വികാരങ്ങളെ പ്രബുദ്ധമാക്കാൻ അതിൽ യാതൊന്നുമില്ല. ആദിമകാലത്തു വൈദികമതം ഇങ്ങിനെ മൃതമായിരുന്നില്ല. പ്രപഞ്ചത്തിൽനിന്നു പ്രപഞ്ചാതീതനായിരിക്കുന്ന ദൈവത്തിൻെറഅടുക്കലേക്കു ചെല്ലാനുള്ള ഒരുമാൎഗ്ഗമായിരുന്നു അതു്. ആശ്രിതരക്ഷകനും,ആപൽക്കാലങ്ങളിൽ സഹായിക്കുന്നവനും, പരമശക്തനുമായ ഒരു ദൈവത്തെക്കുറിച്ചു പ്രതിവാദിക്കാത്ത മതത്തിൽ സാധാരണ മനുഷ്യനു ആസക്തിയുണ്ടാകുന്നതല്ല. ഈ പ്രപഞ്ചത്തിൻെറ സ്ഥിതി നോക്കുക. കാൎയ്യകാരണവിവേചനം ചെയ്വാൻ ശക്തനായ മനുഷ്യൻ കൂടി കുരുടനെപ്പോലെയാണു ഇവിടെ നടക്കുന്നതു്. ഇഹത്തിൽ തൻെറ ഗതിയെ നിയന്ത്രിക്കുന്നതിനു തനിക്കു ശക്തിപോരെന്നു അയാൾക്കുംകൂടി തോന്നുന്നു. അങ്ങിനെയാകുമ്പോൾ സാധാരണമനുഷ്യൻ ഇവിടെ

കിടന്നു കുഴങ്ങുന്നതിൽ അത്ഭുതമില്ലല്ലൊ. അങ്ങിനെ കുഴങ്ങുന്ന മനുഷ്യൻ അയാളെത്തന്നെ ദൈവത്തിൽ സമൎപ്പിക്കയാണു ചെയ്യുന്നതു്. മതം തന്നെ ഇത്തരത്തിലുള്ള ആത്മസമൎപ്പണമാണെന്നു മഹാന്മാർ അഭിപ്രായപ്പെടുന്നതു. ആപൽക്കാലത്തു ഈ സമൎപ്പണത്തിനുള്ള ആവശ്യം അധികമായിത്തീരുന്നു. ഇങ്ങിനെയുള്ള ആപൽഘട്ടങ്ങളിൽ യാഗം ചെയ്യുന്നതു കൊണ്ടു ഒരുവനു സമാധാനമാകുമോ? ദേവൻ ആരായിരുന്നാലും വിരോധമില്ല. യാഗം ചെയ്തുകൊള്ളുക എന്നു പറഞ്ഞാൽ മനുഷ്യനു സമാധാനമാകുമോ? അതുകൊണ്ടു മീമാംസകന്മാരുടെ ദൈവത്തെ സാധാരണക്കാരായ മനുഷ്യർ സ്വീകരിക്കാത്തതിൽ അത്ഭുതമില്ല. ദൈവം പ്രപഞ്ചത്തിൽനിന്നു മീതെ ഇരിക്കുന്നവനും, സൎവ്വവ്യാപിയും, മനുഷ്യനോടു സ്നേഹമുള്ളവനും, ആപൽക്കാലത്തു സഹായിപ്പാൻ പ്രാപ്തനുമായിരിക്കണം.

ഇങ്ങിനെയാണു വൈദികമതത്തിലെ ദേവന്മാരെ ഭാരതീയർ നേരിട്ടു് ആരാധിക്കുവാൻ തുടങ്ങിയതു്. ചിലർ വിഷ്ണുവിനെ ആരാധിക്കുവാൻ തുടങ്ങിയപ്പോൾ, മററുചിലർ രുദ്രനേയും, വേറെ ചിലർ മററൊരു ദേവനേയും ആരാധിപ്പാൻ തുടങ്ങിയെന്നു മാത്രം. വൈദികമതപ്രവാചകന്മാരായ ആൎയ്യന്മാർ ഭാരതവൎഷത്തിൽ പുതുതായി കടന്നുകൂടിയവരാണെന്നും അവർ എണ്ണത്തിൽ നന്ന കുറച്ചേ ഉണ്ടായിരുന്നുള്ളുവെന്നും നാം ഓൎമ്മിക്കേണ്ടതത്രെ. ആൎയ്യന്മാർ ഭാരതവൎഷത്തിൽ പ്രവേശിച്ചസമയത്തു ഇവിടെ നിവസിച്ചിരുന്ന ജനങ്ങളുടെ പരിഷ്കാരവും, ആചാരമൎയ്യാദകളും ആൎയ്യന്മാരുടേതിൽനിന്നു തീരെ ഭിന്നമായിരുന്നു. അവൎക്കു് അവരുടെ സ്വന്തമായ ഒരു മതവുമുണ്ടായിരുന്നു. ദേവതാരാധനമതം എന്നോ മററൊ ആണു നാം അതിനെ വിളിക്കേണ്ടതു്. ഈ മതം അനുസരിച്ചിരുന്നവൎക്കു് ആൎയ്യന്മാരുടെ വൈദികമതതത്വങ്ങൾ സുഗ്രഹങ്ങളല്ലായിരുന്നിരിക്കണം. എന്നുമാത്രമല്ല, ആൎയ്യന്മാൎക്കു മാത്രമേ യാഗാദികൎമ്മങ്ങൾ ചെയ്വാനും അവയിൽ പങ്കുകൊള്ളുവാനും അധികാരവും അവകാശവുമുണ്ടായിരുന്നുള്ളുവെന്നും ആൎയ്യപുരോഹിതന്മാർ ശഠിച്ചിട്ടുണ്ടായിരിക്കണം. അതുകൊണ്ടു് ആൎയ്യന്മാരുടെ വൈദികമതത്തിനു് അത്രവേഗം പ്രചാരം സിദ്ധമായില്ല.

തങ്ങളുടെ മതതത്വങ്ങൾ അന്യന്മാർ അറിയരുതെന്നുള്ള വിചാരം ഇന്നോ ഇന്നലെയോ മനുഷ്യൎക്കുണ്ടായിട്ടുള്ളതല്ല. ജൂതമതതത്വങ്ങൾക്കു പ്രചരണം വരുത്തുവാൻ ജൂതന്മാർ മടികാണിച്ചിരുന്നു. ഗ്രീക്കുകാരും റോമാക്കാരും ഈ വിപ്രതിപത്തി കാണിച്ചിട്ടുള്ളവരാണു്. അതുകൊണ്ടു വൈദികമതപ്രചരണത്തിൽ ആദിമവൈദികർ വിപ്രതിപത്തി പ്രദൎശിപ്പിച്ചിട്ടുണ്ടെങ്കിൽ അതിൽ അത്ഭുതപ്പെടുവാൻ ഒന്നുമില്ല. അ

വർ ഇക്കാര്യത്തിൽ കുറെയധികം മക്കടമുഷ്ടിക്കാരായിരുന്നുവെന്ന് ഒരാക്ഷേപം ഇയ്യിടെയായി പുറപ്പെട്ടുവിച്ചു കാണുന്നു. മതതത്വങ്ങളിൽ ഉൽകൃഷ്ടമായവയെ അവർ പ്രചരിപ്പിച്ചില്ലപോൽ. അപ്രകാരംതന്നെ സമുദായത്തിന്റെ ഉന്നതപടികളിൽ ആരോഹണംചെയ്വാൻ അവർ ഇതരന്മാരെ അനുവദിച്ചതുമില്ല. ഈ രണ്ടുകുററം വൈദികബ്രാഹ്മണരിൽ ആരോപിച്ചിരിക്കുന്നു. മതവികാസത്തിന്റെ വാസ്തവതത്വങ്ങൾ ഗ്രഹിച്ചിട്ടുള്ളവർ ഈ കുററങ്ങളെ അത്ര ഗണിക്കുന്നതല്ല.

വൈഷ്ണവമതം എന്ന സാർവ്വദികമതം എങ്ങിനെ പ്രചാരത്തിൽ വന്നുവെന്നു കാണിപ്പാനാണ് ഇത്രയും സംഗതി പ്രസ്താവിച്ചത്. ഈ മതം വികസിച്ചു സാർവ്വദികമായി പരിണമിച്ചതോടുകൂടി ഭാരതവർഷത്തിലെ ഇതരമതങ്ങളിലും സാർവ്വദികത്വം വന്നുചേൎന്നു. ഏതൊരുവനും മോക്ഷം ലഭിപ്പാൻ അർഹതയുണ്ടെന്നുള്ള തത്വം ഇന്ത്യയിൽ പ്രചരിച്ചുതുടങ്ങി. ഇന്ന ജാതിക്കാൎക്കു മാത്രമേ മോക്ഷലബ്ധിക്ക് അർഹതയുള്ളുവെന്ന അഭിപ്രായങ്ങളെല്ലാം ഹിന്തുമതത്തിൽനിന്നു നശിച്ചുപോയി. മതതത്വങ്ങൾക്കു സാർവ്വദികമായ പ്രചാരം വരുത്തണമെന്നുള്ള ഉദ്ദേശം വസിഷ്ഠവിശ്വാമിത്രാദികളുടെ കാലത്തുതന്നെ ഭാരതവർഷത്തിൽ തുടങ്ങിയെന്നു പറയാം. സ്ഥിതിസ്ഥാപകനായിരുന്നു വസിഷ്ഠൻ. വിശ്വാമിത്രൻ ഉൽപതിഷ്ണുവായിരുന്നു. ത്രിശങ്കുവിന്റെ കഥ നോക്കുക. വൈദികമതത്തിനുതന്നെയും സാർവ്വദികമായ പ്രചാരം വരുത്തേണമെന്നുള്ള ഉദ്ദേശമല്ലയോ ആ കഥയിൽനിന്നു വെളിപ്പെടുത്തുന്നതു്? വൈദികമതം ക്ഷീണിച്ചപ്പോൾ രുദ്രൻ, വിഷ്ണു, ബ്രഹ്മാവ് എന്നീ ത്രിമൂർത്തികളുടെ ആരാധന അതിൽനിന്നും ഉത്ഭവിച്ചു.

വൈദികമതത്തിനു സ്വാഭാവികമായ ക്ഷയം സംഭവിച്ചതോടുകൂടി മതാഭിവൃദ്ധിപരമായ രണ്ടു ശക്തികൾ വ്യാപരിച്ചുതുടങ്ങി. വേദത്തിൽതന്നെ തത്വജ്ഞാനത്തിന്റെ ബീജങ്ങളുണ്ടല്ലോ. ഈ ബീജങ്ങൾ വളൎന്നു നമ്മുടെ പ്രസിദ്ധങ്ങളായ ഉപനിഷത്തുകളായി പരിണമിച്ചു. പുരുഷാകാരനായ ഒരു ദൈവത്തെ വന്ദിക്കുന്നതിനു ജനങ്ങൾക്കുള്ള അഭിരുചി ക്രമേണ വൎദ്ധിച്ചു. ഈ രണ്ടു ശക്തികളുടെ വ്യാപാരം മൂലമാണു ഹിന്തുക്കളുടെ ത്രിമൂർത്ത്യാരാധന തുടങ്ങിയതു്. ഇതു മതപരമായ തത്വജ്ഞാനത്തിനും പൊതുജനങ്ങളുടെ തൃഷ്ണയുടെ ഉപശാന്തിക്കും നിദാനമായി ഭവിച്ചു. ഈ മൂന്നു മൂർത്തികളെ ആരാധിക്കുവാൻ തുടങ്ങിയ കാലത്തും ഏതു ദേവനും ആരാധ്യനാണെന്നുള്ള ജ്ഞാനം ജനങ്ങൾ കൈവിട്ടിരുന്നില്ല. അതുകൊണ്ട് ഈ ത്രിമൂർത്തികളിൽ ഒരു മൂർത്തിക്ക് ഇതരമൂർത്തികളെക്കാളധികം പ്രാബല്യം സിദ്ധിപ്പാൻ ഇട

യില്ല. ചിന്താസക്തന്മാരായ ജനങ്ങൾ ഉപനിഷത്തുകളെ നിർമ്മിക്കുന്നതിലും ഏൎപ്പെട്ടിരുന്നുവല്ലോ. ഉപനിഷത്തുകൾക്കു വേദാന്തമെന്നു പേർ. ഈ പദത്തിനും വേദങ്ങളുടെ അവസാനം എന്ന് അൎത്ഥമായേക്കാം. അല്ലെങ്കിൽ വേദംകൊണ്ടുള്ള പ്രയോജനം എന്ന അൎത്ഥം സിദ്ധമായേക്കാം. സാംഖ്യസിദ്ധാന്തം, വേദാന്തസിദ്ധാന്തം എന്നിവയുടെ സിദ്ധാന്തങ്ങളുടെ മൂലം ഉപനിഷത്തുകളാണ് ബുദ്ധമതസിദ്ധാന്തത്തിന്റേയും കൂടി ജന്മഭൂമി ഉപനിഷത്തുകളാണത്രെ. ഉപനിഷത്തുകൾ അവയ്ക്കു ശേഷമുണ്ടായ സിദ്ധാന്തങ്ങളെപ്പോലെ രൂപവൽകരിക്കപ്പെട്ടിരുന്നില്ലെന്നു മാത്രം. ഇങ്ങിനെ "സിദ്ധാന്ത"നിൎമ്മാണത്തിൽ അവർ ശ്രദ്ധവെക്കാതിരുന്നതുകൊണ്ടാണ് ഇന്ത്യയിൽ പിന്നീട് ഇത്ര വളരെ സിദ്ധാന്തങ്ങൾ ജാതമായത്.

കപിലാചായ്യരുടെ സാംഖ്യ സിദ്ധാന്തമാണ്, ഉപനിഷത്തുകളിൽനിന്ന് ഇദംപ്രഥമമായി ജന്യമായ ശാഖ. അനന്തരം യോഗസിദ്ധാന്തം ആവിർഭവിച്ചു. പിന്നീടാണ് ഈ രണ്ടുസിദ്ധാന്തങ്ങളുടേയും സങ്കലനം കൊണ്ടെന്നപോലെ വേദാന്തസിദ്ധാന്തം ജാതമായതു. മതത്തിന്റെ രൂപത്തെ നിൎണ്ണയിക്കുന്നതിലും ദൈവത്തെപ്പററിയുള്ള ജനങ്ങളുടെ ജ്ഞാനത്തെ മാററുന്നതിലും ഈ സിദ്ധാന്തങ്ങളും ആവുന്നത്ര സഹായം ചെയ്തു. എങ്കിലും അന്ന് ഇന്നദേവൻ ഇന്നദേവനേക്കാൾ പ്രബലനാണെന്നുള്ള അഭിപ്രായം ജനങ്ങൾക്കുണ്ടായിരുന്നില്ല. കാളിദാസരുടെ കാലത്തുകൂടി ഈ അഭിപ്രായം ഉണ്ടായിരുന്നില്ല. അദ്ദേഹം ഒരു ശിവാരാധകനായിരുന്നുവെന്നു തോന്നുന്നുണ്ട്. അദ്ദേഹം വിഷ്ണുവിനേയും ശിവനേയും പരബ്രഹ്മമായി സ്തുതിച്ചുകാണുന്നു. ബ്രഹ്മാവിനെപ്പററിയും അദ്ദേഹത്തിന്റെ സ്തുതി കുറവില്ല. എന്നാൽ ഇത്തരത്തിലുള്ള ആരാധന അധികകാലം നിലനില്പാൻ തരമുള്ളതല്ലല്ലോ. അതുകൊണ്ടു പിന്നീടുണ്ടായ ആലോചനയുടെ ഫലമായി ഈ ത്രിമൂൎത്തികളിൽ ഓരോമൂൎത്തിക്കും പ്രത്യേകം ചുമതല നിശ്ചയിച്ചു; ത്രിമൂൎത്തികൾ ഒരേ ഒരു പരബ്രഹ്മത്തിന്റെ വ്യത്യസ്തരൂപങ്ങളാണെന്നു വ്യവസ്ഥചെയ്തു. അങ്ങിനെ ബ്രഹ്മാവ് സ്രഷ്ടാവും, വിഷ്ണു പരിപാലകനും, ശിവൻ ഹന്താവുമായിത്തീൎന്നു.

ഇങ്ങിനെ മൂന്നു പ്രവൃത്തികൾ ഈ ഈത്രിമൂൎത്തികൾക്കു നിശ്ചയിപ്പാൻ കാരണമെന്ത്? വൈദികദേവന്മാരോടുള്ള പ്രാൎത്ഥനയ്ക്കുതന്നെ ബ്രഹ്മനെന്നായിരുന്നു പേർ. ഈ പ്രാൎത്ഥനയെത്തന്നെ ചിലപ്പോൾ രൂപംകൊടുത്തു ഒരു ദേവനാക്കി സങ്കല്പിക്കാറുണ്ടു. ഈ ദേവനു സൃഷ്ടി ചെയ്വാനുള്ള ശക്തിയുമുണ്ടായിരുന്നു. ഭാഷയ്ക്കും അതിനുള്ള അൎത്ഥത്തിനും തമ്മിലുള്ള ബന്ധം ഹൈന്ദവതത്വജ്ഞാനവികാസത്തിൽ വളരെ പ്രബല

മായ ഒരു ശക്തിയായിരുന്നു. നാം കാണുന്ന പ്രപഞ്ചവും അതിനു പിന്നിലുള്ള അദൃശ്യമായ വാസ്തവവസ്തുവും തമ്മിലുള്ള ബന്ധത്തെ വെളിപ്പെടുത്തുന്നതിലാണു ഈബന്ധം ഉപകാരമായതു്. ശ്രവണസാദ്ധ്യമായ ഒരു ലോകമാണല്ലോ ഭാഷലോകം. നമുക്കദൃശ്യമായ ഈ പ്രപഞ്ചം ഏതാണ്ടു അതുപോലെയാണെന്നു ഭാരതീയതത്വജ്ഞാനികൾ പറയാറുണ്ടു്. ഭാഷയുടെ അത്ഥം നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്കു ഗോചരമല്ലല്ലോ. അപ്രകാരം നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്കു വിഷയമാകാത്തതാണത്രെ ഈ ലോകത്തിന്റെ അടിസ്ഥാനം. നാം കാണുന്ന ലോകത്തിന്നും അതിന്റെ വാസ്തവമായ കാരണത്തിനും തമ്മിലുള്ള ബന്ധം വാക്കിന്നും അതിന്റെ അത്ഥത്തിന്നും തമ്മിലുള്ള ബന്ധത്തോടു സമമാണെന്നു പല ഭാരതീയരും പറഞ്ഞിട്ടുണ്ടു്. ഭാരതീയരുടെ ചിന്ത വളരുന്നതും വികസിക്കുന്നതും അത്തരത്തിലായിരുന്നു. വേദങ്ങളിലും പ്രത്യേകിച്ചു ഉപനിഷത്തുകളിലും ഇങ്ങിനെ കാണുന്നു. ലോകമുണ്ടാകട്ടെ എന്നു ജഗദീശൻ ചിന്തിച്ചു; ലോകമുണ്ടായി. ചിന്തയുണ്ടായാൽ അതു പുറത്തു വരുന്നതെങ്ങിനെ? ഒന്നുകിൽ അതു വാങ്മൂലമായി പുറത്തു വരുന്നു; അല്ലെങ്കിൽ അതു പ്രവൃത്തിമൂലമായി പുറത്തുവരുന്നു. അതുകൊണ്ടു സംസാരിക്കുന്ന ആളുടെ ചിന്തയെ പുറത്തു പുറപ്പെടുവിക്കുന്ന ശബ്ദങ്ങൾ ചിലപ്പോൾ ചിന്തയായിത്തന്നെ ഗണിക്കപ്പെട്ടുവെന്നും വരാം. ലോകസൃഷ്ടിക്കു വാസ്തവമായ കാരണം സൃഷ്ടിപരമായ ചിന്തയാണെങ്കിൽ ചിന്തയെ പുറത്തു കൊണ്ടുവരുന്ന വാക്കാണ് സൃഷ്ടി ചെയ്യുതെന്നു പറയുന്നതിൽ അബദ്ധമില്ല. "ബ്രഹ്മനിൽ" അന്തർലീനമായിരിക്കുന്ന തത്വം ആ പദത്തിന്റെ തത്വമാണെന്നു നാം ധരിക്കയും പദത്തിനും അതിന്റെ അത്ഥത്തിനുമുള്ള ബന്ധവും, ചിന്തക്കും അതിനെ പ്രകാശിപ്പിക്കുന്ന വാക്കിനും തമ്മിലുള്ള ബന്ധവും ഇന്നതെന്നു നാം മനസ്സിലാക്കുകയും ചെയ്യാൽ വൈദികബ്രഹ്മനാണു സൃഷ്ടി ചെയ്യുന്നതെന്നുള്ള തത്വം ഉല്പാദിതമാകുന്നതു എത്ര സ്വാഭാവികമായ ഒരു സംഭവമാണെന്നു നമുക്കു ബോദ്ധ്യമാകും. അങ്ങിനെയാണത്രേ മൂത്തികളിൽ ബ്രഹ്മനുത്ഭവിച്ചതു്. അപ്പോൾ തത്വജ്ഞാനികൾ അദ്ദേഹത്തിന്നു സൃഷ്ടി കമ്മം ഏല്പിച്ചു കൊടുത്തു.

ശിവന്റെ ചരിത്രമെന്തു്? വേദങ്ങളിലെ രുദ്രൻ—അഗ്നിദേവൻ ആണു്—അദ്ദേഹമെന്നു നാം കണ്ടുവല്ലോ. ഈ ദേവനു ശാന്തതനുവെന്നും ഘോരതനുവെന്നും രണ്ടു രൂപങ്ങളുണ്ടത്രെ. ഈ ഘോരരൂപത്തിലാണു നാം അദ്ദേഹത്തെ സംഹാരമൂത്തിയായി കാണുന്നതു്. ദുഷ്കമ്മഫലത്തിന്റെ ദാതാവു സംഹാരമൂത്തിയാകുന്നതു സ്വാഭാവികമാണല്ലോ. പരിപൂണ്ണമായ ഒരു മതത്തിൽ ഇത്തരത്തിലുള്ള ഒരു ദേവൻ ആവശ്യമാ

ണ്. സൃഷ്ടി, രക്ഷണം, സംഹാരം എന്നീ പ്രവൃത്തികൾ അന്യോന്യം സമീപത്തു നടന്നുവരുന്നതായി നാം കാണുന്നുണ്ടല്ലോ. ലോകം ഏതെങ്കിലും ഒരു കാലത്തു നശിക്കാത്തതായിരുന്നുവെന്നും വിചാരിപ്പാൻ ന്യായം കാണുന്നില്ല. നാശമില്ലാതെയുള്ള ലോകമില്ല. അതുകൊണ്ടു് ഒരു സംഹാരമൂൎത്തി ആവശ്യമായി. ഈ സംഹാരമൂൎത്തിയാണു ശിവൻ.

സൃഷ്ടിപ്പാനും സംഹരിപ്പാനും ദേവന്മാരുണ്ടായി; ഇനി സംരക്ഷണത്തിനു മാത്രമേ ഒരു ദേവൻ ആവശ്യമുള്ളു. വിഷ്ണുദേവനും ഭഗവാനും ഒന്നായതെങ്ങിനെയെന്നു നാം കണ്ടു. പ്രകാശത്തിനും ജീവനും ആധാരമായി ലോകത്തിലെ ഏററവും ഉച്ചസ്ഥാനത്തിരുന്നു്, അനുഗ്രഹവും അഭയവും ദാനം ചെയ്യുന്ന ഒരു ദൈവമുണ്ടെന്നു വിഷ്ണുവും ഭഗവാനും ഒന്നിച്ചുചേൎന്നപ്പോൾ ജനങ്ങൾക്കു ബോദ്ധ്യമായി. അതുകൊണ്ടു ലോകസംരക്ഷകകൃത്യം ജനങ്ങൾ വിഷ്ണുവിനെ ഏല്പിച്ചു. ജനനമരണാദികൾക്കു മദ്ധ്യേ, ജീവികൾ സുഖമായിരിക്കുന്ന ഒരു കാലവും നാം കാണുന്നുണ്ടല്ലോ. ഈ സുഖമായിരിക്കലിനെയാണു സംരക്ഷണമെന്നു നാമകരണം ചെയ്തിരിക്കുന്നതു്. സംരക്ഷകനായ ദേവൻ പ്രേമമൂൎത്തിയായിരിക്കണമല്ലോ. കൎമ്മധൎമ്മമനുസരിച്ചു ന്യായമായി പ്രവൃത്തിക്ക മാത്രമേ ബ്രഹ്മാവു ചെയ്യേണ്ടതുള്ളു. അതുകൊണ്ടു ബ്രഹ്മാവിനെക്കുറിച്ചു ജനങ്ങൾക്കു സ്നേഹത്തിനോ, ഭയത്തിനോ അവകാശമില്ല. രുദ്രനെ ഭയപ്പെടാതേയും വിഷ്ണുവിനെ സ്നേഹിക്കാതേയും നിവൃത്തിയില്ല. കൃപയുടെ കണികപോലുമില്ലാത്ത ശിവൻ മഹാദേവനായതിലെന്തത്ഭുതം? ശാന്തികരനായതു് എന്നും വിഷ്ണുതന്നെ. ഭക്തസംരക്ഷകനും, ഭക്തവത്സലനും അദ്ദേഹംതന്നെ.

ഇങ്ങിനെ വൈദികമതം ശൈവമതവും വൈഷ്ണവമതവുമായി പരിണമിച്ചുകൊണ്ടിരുന്നതിനിടയിലാണു ബുദ്ധമതത്തിന്റെ ഉത്ഭവമുണ്ടായതു്. വൈദികമതത്തിന്നു് എതിരായി പുറപ്പെട്ട ഒരു പ്രസ്ഥാനമായിരുന്നു ബുദ്ധമതം. ബ്രാഹ്മണപൌരോഹിത്യത്തേയും ഉടച്ചുകളവാൻ അതു ശ്രമിച്ചിട്ടുണ്ടാകാം. സുസ്ഥാപിതമായ ഒരു വ്യവസ്ഥക്കു് എതിരായി ഒരു നവപ്രസ്ഥാനം ഉണ്ടാകുമ്പോൾ, ആ നവപ്രസ്ഥാനം അതിരില്ലാത്തതായിത്തീരുന്നതു് — അതിരുകവിഞ്ഞു പോകുന്നതു് — സാധാരണമാണ്. ഒരററത്തുനിന്നു മനുഷ്യർ മറേറ അററത്തേക്കു് ഓടുന്നതു സാധാരണം തന്നെ. ബ്രാഹ്മണേതരന്മാരായ തനിക്കും മതം പഠിപ്പിക്കുവാൻ അധികാരമുണ്ടായിരുന്നുവെന്നും, യാഗാദികൎമ്മങ്ങൾ വെറും പ്രാണിഹിംസമാത്രമായിരുന്നുവെന്നും ഗൌതമബുദ്ധൻ പ്രസംഗിച്ചു. മനുഷ്യന്റെ ജീവിതത്തെ പരിശുദ്ധമാക്കാനോ, ജീവിതദുഃഖങ്ങളെ കുറയ്ക്കുവാനോ, മോക്ഷം ലഭിക്കുമെന്നുകരുതി സംസാരസാഗരത്തെതരണം ചെ

യ്യാൻ ഒരുവനെ ശക്തനാക്കാനോ വൈദികമതം പര്യാപ്തമല്ലെന്നു ബുദ്ധൻകണ്ടു. അന്നു പ്രചാരത്തിലിരുന്നിരുന്ന തത്വസിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിത്തന്നെയാണു ബുദ്ധൻ തന്റെ മതം സ്ഥാപിച്ചതു്. ആവേശജനകമായ ചിന്തകളടങ്ങിയ ഉപനിഷത്തുകൾ തന്നെയാണു ബുദ്ധമതത്തിന്റെയും അടിസ്ഥാനം. സാംഖ്യസിദ്ധാന്തതത്വങ്ങളും യോഗസിദ്ധാന്തതത്വങ്ങളും കൂടി ബുദ്ധമത തത്വങ്ങളിൽ കാണുമത്രെ. തത്വജ്ഞാനത്തിന്റെ പരമോദ്ദേശമായ ദൈവാന്വേഷണത്തെപ്പററി ബുദ്ധമത തത്വങ്ങൾ ആരായുന്നതേയില്ല. ഐഹികജീവിതം ദുഃഖജനകമാണെന്നും, അതിൽനിന്നു മോചനം ലഭിപ്പാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു അതു സമ്പാദിക്കുകയാണു് ജീവിതോദ്ദേശമെന്നും മാത്രമേ ബുദ്ധൻ പ്രസംഗിച്ചുള്ളു.

(തുടരും)

വി. പി. രാമമേനോൻ.

# ഗ്രാമീണറാണി.

അതിഭയങ്കരമായ കൊടുങ്കാററും മഴയും ഏതാണ്ടു ശമിച്ചു തുടങ്ങി; എങ്കിലും കറുത്തിരുണ്ട ആ രാത്രിയുടെ ഭയാനകത വർദ്ധിക്കയാണുണ്ടായതു്. നഗരം നിശ്ശബ്ദതയിൽ ലയിച്ചു് പൂർണ്ണനിദ്ര പ്രാപിച്ചുകഴിഞ്ഞു.

ആ ലാവണ്യവതിയായ അഭിസാരികയെ— 'ഇന്ദിര'യെ, മാത്രം അന്നു നിദ്രാദേവി ദർശിക്കയുണ്ടായില്ല.

അവളുടെ തലയിണയുടെ അടിയിൽ ഇതൾ ഉതിർന്നു മ്ലാനമായി ഒരു പനിനീർക്കുലയുണ്ടായിരുന്നു. അതല്ല അവളുടെ ഉറക്കമില്ലായ്മക്കു കാരണം. തുടരെത്തുടരെ ഭയത്തെ ജ്വലിപ്പിക്കുന്ന അട്ടഹാസങ്ങളുണ്ടാക്കിക്കൊണ്ടിരുന്ന ആ കൊടുങ്കാററിനിടയിൽ ഒരു വിലാപം കേട്ടു, അവൾ. അതിനെപ്പററിയുള്ള ചിന്തയെ ആഹ്ലാദകരങ്ങളായ സുഖസ്വപ്നങ്ങളിൽ മറയ്ക്കാൻ ചെയ്ത അവളുടെ ശ്രമം സഫലമായില്ല.

ഒടുവിൽ ആ സ്ത്രീ മെത്തയിൽനിന്നും പിടഞ്ഞെഴുന്നേററു് കതകു തുറന്നു. അരികെ കിടന്നിരുന്ന തോഴിയുടെ കരിമ്പടവും വലിച്ചെടുത്തു പുറത്തേക്കു് ഇറങ്ങി നടന്നു.

ആ കരുണസ്വരംകേട്ട ഭാഗത്തെ ആരാഞ്ഞു നടന്ന 'ഇന്ദിര', മാർഗ്ഗമദ്ധ്യേ സുകുമാരകളേബരനായ ഒരു യുവാവിനെ കണ്ടുമുട്ടി. ആ കുററിക്കാടിന്നിടയിലുള്ള മുൾച്ചെടികൾക്കിടയിൽ കിടന്നു വലയുകയായിരുന്നു ആ യുവാവു്.

"അപരിചിതനായ യുവാവേ! അവിടത്തേയ്ക്കു വല്ലസഹായവും ചെയ്യാൻ എനിക്കു കഴിയുമോ?" ദേഹത്തിൽ അസഹ്യമായ വേദനയുണ്ടാക്കിക്കൊണ്ടിരുന്ന ആ മുൾച്ചെടികളിൽനിന്നും അദ്ദേഹത്തെ വിട്ടുവിച്ചശേഷം "ഇന്ദിര" ചോദിച്ചു.

തൽക്ഷണം ആ രോദനം ശമിച്ചു. അശക്തവും ലോലവുമായ ഒരു ശബ്ദം മറുപടിപറഞ്ഞു:—

"ഇത്ര ആർദ്രതയോടെ ആരാണീ സാധുവിനോടു സംസാരിക്കുന്നതു്? നിങ്ങളുടെ മുഖഭാവം കണ്ടാൽ ഉന്നതകുലജാതയാണെന്നു തോന്നുന്നുവല്ലോ.?"

നിങ്ങളെ സഹായിക്കാനാശിക്കുന്ന ഒരു സ്നേഹിതയാണു ഞാൻ. നിങ്ങളുടെ വസതി എവിടെയാണ്? രാത്രിയിൽ ഈ അസമയത്തു സഞ്ചരിക്കത്തക്കവിധം എന്തൊരുതൊഴിലാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നതു്.?"

അല്പനിമിഷത്തെ മൌനത്തിന്നുശേഷം ആ കൃഷിക്കാരൻ മറുപടിപറഞ്ഞു:—"അതിന്നു ശരിയായ സമാധാനം പറയാത്തതുകൊണ്ടു് എന്നെ ഉപകാരസ്മരണയില്ലാത്തവനെന്നു തെററിദ്ധരിക്കരുതേ. ഈ നട്ടപ്പാതിരക്കു് നടക്കുവാൻ നിർബ്ബന്ധിച്ചതൊഴിൽ—അതെ, എൻെറ ഉപജീവനമാർഗ്ഗമായ ആ തൊഴിൽ എന്തെന്നു പറവാൻ എനിക്കു ലജ്ജയുണ്ടു്. ആ വയലുകൾക്കപ്പുറത്താണ് എൻെറ താമസം. നിങ്ങൾക്കു പോകേണ്ടമാർഗ്ഗം ഇതല്ലായിരിക്കാം. അതുകൊണ്ടു അധികനേരം നിങ്ങൾ എന്നെ അനുഗമിച്ചു ബുദ്ധിമുട്ടണമെന്നില്ല".

"യുവാവേ!," ഇന്ദിര ഉത്സാഹം പ്രദർശിപ്പിച്ചു: "അതു് എനിക്കൊരു ബുദ്ധിമുട്ടല്ല; എൻെറ ഹൃദയത്തിന്നൊരാനന്ദമാണ്. മാത്രമല്ലാ ആ പ്രദേശത്തിൻെറ പരിസരങ്ങളിലാണ് എൻെറ വസതിയും."

"ഇതാശ്ചര്യജനകംതന്നെ! നിങ്ങളുടെ മുഖം ഇതിന്നുമുമ്പൊരിക്കലും ദർശിച്ചതായി എനിക്കോർമ്മ തോന്നുന്നില്ലല്ലോ? ഈ പ്രദേശങ്ങളിലുള്ള സകലരേയും പരിചയമാണെന്നാണ് എൻെറ ഭാവംതാനും." അഭിസാരിക ഒന്നു മന്ദഹസിച്ചു.

അവൾ ചോദിച്ചു:—"നിങ്ങൾ എന്നെ അനുവദിക്കുമോ, ഇനിയൊരവസരത്തിൽ നിങ്ങളുടെ ഭവനം സന്ദർശിക്കാൻ; അഥവാ ആശ്ചര്യഭരിതമായ നിങ്ങളുടെ രാത്രിസഞ്ചാരങ്ങളിലൊരുദിവസം അനുഗമിക്കുവാൻ നിങ്ങളെനിക്കു സമ്മതം തരുമോ?"

യുവാവ് അതിന്നു സമ്മതിച്ചു. വീണ്ടും മൌനമവലംബിച്ചു. അല്പനിമിഷങ്ങൾക്കുശേഷം അയാൾ തൻെറ കുടിലിന്നകത്തേയ്ക്കു കടന്നു, മറഞ്ഞു.

'ഇന്ദിര' അവളുടെ വളർത്തമ്മയുടെ ദൃഷ്ടിമറച്ചു നിരവധി പ്രാവശ്യം ആ വയലുകൾക്കപ്പുറത്തുള്ള കുടിൽ സന്ദർശിക്കയുണ്ടായി. യുവാവാ

യ ഗിരീശനിൽനിന്നും അവൾ കൎഷകജീവിതവൃത്തിയേയും അവരുടെ കഷ്ടാരിഷ്ടങ്ങളേയും കുറിച്ചു ധാരാളം ഗ്രഹിച്ചുകഴിഞ്ഞു. കേവലം ഒരു കൎഷകബാലികയെപ്പോലെ അവൾ നിരവധിദിവസങ്ങൾ അവരുടെ കൂട്ടത്തിൽ പണിയെടുത്തിട്ടുണ്ടു്.

പക്ഷേ അധികകാലം മററുള്ളവരിൽനിന്നും അവളുടെ യാഥാൎത്ഥ്യം മറച്ചുവെക്കാൻ "ഇന്ദിര"ക്കു കഴിഞ്ഞില്ല. അവളുടെ വളൎത്തമ്മക്കു കലശലായ രോഗം പിടിപെടുകയും തന്മൂലം ദിനംപ്രതി അവൾക്കവളുടെ കാമുകന്റെ ദൎശനസുഖം അനുഭവിക്കാൻ കഴിയാതാവുകയും ചെയ്തു.

"ഇന്ദിര", "ഗിരീശ"നോടു് അവളുടെ യാഥാൎത്ഥ്യമെല്ലാം തുറന്നു പറഞ്ഞു. അവൾ സമ്മതിച്ചിരുന്നു എങ്കിൽ അയാൾ "ഇങ്ങിനിവരാതവണ്ണം" തൽക്ഷണംതന്നെ അവിടന്നു കടന്നു കളയുമായിരുന്നു.

അടക്കാൻ കഴിയാത്ത അശ്രുധാര പൊഴിച്ചുംകൊണ്ടു് അവൾ പറഞ്ഞു, "പ്രഭോ! ഗിരീശാ! അവിടുന്നെന്നെ സഹായിക്കണം. യഥാൎത്ഥപ്രേമത്തിന്റെ രൂപവും മാഹാത്മ്യവും ഞാനറിഞ്ഞതു നിങ്ങളിൽനിന്നാണു്. ഇപ്പോൾ എനിക്കു നിങ്ങളില്ലാത്ത ജീവിതം ഒരു ജീവിതമല്ലെന്നുതന്നെ തോന്നുന്നു."

"ഹാ! അതെങ്ങിനെയാണു," ഗിരീശൻ ചോദിച്ചു. "ഇത്ര താണ ജാതിയിലുള്ള ഒരുവളെ ഞാനെങ്ങിനെ വിവാഹം ചെയ്യും! മാത്രമല്ലാ കൂടുതൽ ക്ലേശജനകങ്ങളായ കാൎയ്യങ്ങൾ എനിക്കു നിങ്ങളെ അറിയിക്കാനുമുണ്ടു്. നിങ്ങളോൎക്കുന്നില്ലേ, നമ്മളുടെ പ്രഥമസന്ദൎശനം നടന്ന ആ രാത്രി? അന്നു ഞാൻ കന്നുകാലികളെ വില്ക്കുവാൻ പോയിട്ടു മടങ്ങുകയായിരുന്നു. എനിക്കിത്ര ലജ്ജാകരമായിട്ടു ലോകത്തിൽ യാതൊന്നുംതന്നെയില്ല."

"പ്രിയതമാ! അവിടന്നതിനെ ലജ്ജാകരമെന്നു പറയരുതു്. ദാരിദ്ര്യതിമിരത്തിൽ കിടന്നുഴലുന്ന അവിടത്തെ മാതാപിതാക്കന്മാരുടെ ഉപജീവനമാൎഗ്ഗത്തിനായിരുന്നില്ലേ അതു്?" ആ അഭിസാരിക, താണസ്വരത്തിൽ സംഭാഷണം തുടൎന്നു, "ഇന്നുമുതൽ എന്റെ സ്വത്സ്വവും അവിടത്തേതു്."

മനോമോഹനമായ വസന്തകാലത്തിന്റെ ആവിൎഭാവത്തോടെ 'ഗിരീശനും' 'ഇന്ദിര'യുമായുള്ള വിവാഹമഹോത്സവം കഴിഞ്ഞു. ആ ഗ്രാമം മുഴുവൻ ഈ അത്ഭുതസംഭവത്തിൽ പുളകിതമായി.

'ഇന്ദിര'ക്കു താനെത്ര കടപ്പെട്ടിട്ടുണ്ടെന്ന കഥ, "ഗിരീശൻ" തന്റെ ആയുഷ്കാലത്തു വിസ്മരിക്കയുണ്ടായില്ല. 'ഇന്ദിര'യാകട്ടെ ഗ്രാമത്തിലെ കൃഷിക്കാരുമായി വിനയത്തോടും സ്നേഹത്തോടുംകൂടിയാണു പെരുമാറിയിരുന്നതു്. തന്മൂലം ആ ഗ്രാമനിവാസികളുടെ കണ്ണിലുണ്ണിയായിത്തീൎന്ന അവളെ അവർ "ഗ്രാമിണറാണി," എന്ന സ്നേഹസൂചകമായ പേരാണു വിളിച്ചുവന്നിരുന്നതു്.

ഞാറക്കവീട്ടിൽ അപ്പുക്കുട്ടമേനോൻ.